# അമൃതധാര

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# അമൃതധാര


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

AYODHYA PRINTERS LTD. ELAMAKKARA,
KOCHI - 682 026


●


*copy right reserved*


●

# ആമുഖം

എന്റെ ക്രിസ്തീയ ജീവിതത്തിൽ മഹാത്മാക്കളായ അനേകരുടെ ഗ്രന്ഥങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വാച്ച്മാൻ നീ, ബസ്ലിയാഷ്ലിൻക്, മെറ്ലിൻകറോതേഴ്സ്, നോർമന്റ് വിൻസന്റ് പീൽ, എ.ഡബ്ലിയു. ടോസർ, ഭക്തസിംഗ്, സുന്ദർസിംഗ്, എസ്.എൽ. ബ്രെംഗിൾ, കെ.വി. ചെറിയാൻ, ബില്ലി ഗ്രഹാം, ജോൺ ബെനിയൻ, മൗറിസ് റൗലിംഗ്സ്, എഫ്.ബി. മേയർ, ഡി.എൽ. മൂഡി, സി.എച്ച്. സ്പർജൻ എന്നിങ്ങനെ എത്രയോ പേരുടെ ഗ്രന്ഥങ്ങൾ ആത്മീയ ജീവിതത്തിന് എനിക്ക് പ്രോത്സാഹനം തന്നിട്ടുണ്ട്! അവർക്ക് ലഭിച്ച അറിവുകളും അനുഭവങ്ങളും എഴുതിവെച്ചതുകൊണ്ടല്ലേ ഇന്നെനിക്ക് അവ വായിക്കുവാനും അനുഭവിക്കുവാനും കഴിയുന്നത്?

ഈ ആശയം ഉള്ളത്തിൽ ഉരുത്തിരിഞ്ഞുവന്നതാണ് എന്റെ പ്രസംഗങ്ങളും ബൈബിൾ ക്ലാസ്സുകളും ഒന്നെഴുതിവെയ്ക്കണമെന്ന് ആഗ്രഹിക്കാൻ കാരണം. എന്റെ അനേകം പ്രസംഗങ്ങളും മുൻകൂട്ടി തയ്യാറെടുത്ത് പഠിച്ച് ചെയ്തിട്ടുള്ളതല്ല. പലതും പ്രാർത്ഥനാ യോഗങ്ങളിലും കൺവൻഷനുകളിലും തക്കസമയത്ത് മനസ്സിൽ രൂപപ്പെട്ടു വന്നിട്ടുള്ളവയാ

ണ്. അപൂർവ്വം ചില പ്രസംഗങ്ങൾ വേദപുസ്തകത്തിന്റെ മാർജിനിൽ ചില പോയിന്റുകൾ കുറിച്ചുവെച്ചിട്ടുള്ളവയാണ്. പക്ഷേ, പ്രസംഗങ്ങളെല്ലാം ഒന്ന് പുസ്തക രൂപത്തിലല്ലെങ്കിൽ അവ നഷ്ടപ്പെട്ടു പോകുമല്ലോ എന്ന് അനേകം സ്നേഹിതന്മാർ എന്നെ ഓർമ്മപ്പെടുത്തി. അതാണ് പുസ്തകം പ്രസിദ്ധീകരിക്കാൻ കാരണം.

അനേകം ഗ്രന്ഥങ്ങൾ രചിക്കാൻ ഇനിയും എനിക്ക് ആഗ്രഹമുണ്ട്. കരുണയുള്ള ക്രിസ്തു എനിക്ക് കൃപയും ആയുസ്സും ആരോഗ്യവും തരുന്നതിനനുസരിച്ച് അത് നിർവ്വഹിക്കാമെന്ന് ഞാൻ കരുതുന്നു.

കർത്താവായ യേശുക്രിസ്തു വിശുദ്ധൻമാരെ ചേർക്കാൻ വീണ്ടും വരുമ്പോൾ നാനാ ദേശങ്ങളിൽനിന്ന് അനേകർ ക്രിസ്തുവിനെ എതിരേല്ക്കാൻ മദ്ധ്യാകാശത്തിലേക്ക് പറന്നുയരാനിടയാകണം എന്ന ഒരേ ഒരു ലക്ഷ്യമേ എനിക്കുള്ളൂ. ഈ ഗ്രന്ഥം വായിക്കുന്ന ഓരോരുത്തർക്കും ആ മഹാഭാഗ്യം ലഭിക്കട്ടെ എന്നാശംസിച്ചു കൊണ്ടും പ്രാർത്ഥിച്ചു കൊണ്ടും ഞാൻ ഈ ആമുഖക്കുറിപ്പിന് വിരാമമിടട്ടെ.

നിങ്ങളുടെ വിനീതവിധേയൻ,
**എം.വൈ. യോഹന്നാൻ**

കടയിരുപ്പ്
01.12.1997

# ഒന്ന്

"ക്രിസ്തു നമ്മുടെ സമാധാനം."
എഫെസ്യർ 2:14

1945 ജൂലൈമാസം 16-ാം തീയതി രാവിലെ 5.30. മെക്സിക്കോവിലെ മരുപ്പറമ്പിൽ ആദ്യത്തെ ആറ്റംബോംബ് പരീക്ഷണം അപ്പോഴാണ് നടന്നത്. ദൂരെദൂരെ വിമാനത്തിലുരുന്ന് ആ വിസ്ഫോടനം നിരീക്ഷിച്ചുകൊണ്ടിരുന്ന ഒരു ശാസ്ത്രജ്ഞൻ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു, "My God ! Alas ! We have created a hell." "അയ്യോ, നാം ഒരു നരകമാണല്ലോ മെനഞ്ഞുവെച്ചത്."

അനേകർ ഇന്ന് നരകദുരിതം അനുഭവിച്ച് വലയുകയാണ്. സ്വസ്ഥതയില്ല ഹൃദയത്തിൽ. പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ പെട്ട് കരകയറാനാവാതെ അഴലുകയാണ്. കണ്ണീരും നെടുവീർപ്പും എവിടെയും കാണാം. ഈ അസമാധാനം കുടുംബങ്ങളിലും, സമൂഹത്തിലും സ്ഥാപനങ്ങളിലും രാഷ്ട്ര

ങ്ങളിലും എല്ലാം പടർന്നു പിടിച്ചിരിക്കയാണ്. സമാധാന ജീവിതം ലഭിച്ചിരുന്നെങ്കിൽ എന്ന് ആശിച്ച് ദാഹിച്ച് മനുഷ്യൻ ഇന്ന് ഉള്ളുരുകിക്കഴിയുകയാണ്.

"ക്രിസ്തു നമ്മുടെ സമാധാനം" എന്ന് അപ്പോസ്തല നായ പൗലോസ് പറയുന്നു. എഫെസ്യ ലേഖനം 2-ാം അദ്ധ്യായം 14-ാം വാക്യം. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു നമ്മുടെ നീറുന്ന ഹൃദയങ്ങൾക്ക് സമാധാനം നൽകും എന്നത് അനേകരുടെ അനുഭവമാണ്. ക്രിസ്തുവിനെ ഹൃദ യത്തിലേക്ക് എതിരേറ്റ് സ്വീകരിക്കുമ്പോൾ ഈ അഭൗമ ശാന്തി ഹൃദയത്തിലനുഭവിക്കാം.

മാന്യ സ്നേഹിതാ, താങ്കൾ ഈ അത്ഭുത സമാധാനം അനുഭവിച്ചിട്ടുണ്ടോ? അതോ ഇന്നും താങ്കളുടെ ഹൃദയം നിരാശയിൽ അമിഴ്ന്ന് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം അറ്റ് കഴിയുകയാണോ? എന്നെ ആരും സ്നേഹിക്കാനില്ല, ഞാൻ ആർക്കുവേണ്ടി ജീവിക്കണം എന്ന കടുത്ത നിരാശ യിൽ ആത്മഹത്യ ചെയ്താലെന്ത് എന്ന് ചിന്തിച്ച് നിങ്ങൾ അസ്വസ്ഥനായി കഴിയുകയാണോ? എങ്കിൽ കേൾക്കൂ : "ക്രിസ്തു നമ്മുടെ സമാധാനം."

ക്രിസ്തുവിന്റെ ഒടുവിലത്തെ പ്രസംഗം തന്റെ അരുമ ശിഷ്യൻമാരോടായിരുന്നു. അത് തുടങ്ങുന്നത് : "നിങ്ങളുടെ ഹൃദയം കലങ്ങരുത് ; ഭ്രമിക്കയുമരുത്. ദൈവത്തിൽ വിശ്വ സിപ്പിൻ, എന്നിലും വിശ്വസിപ്പിൻ" എന്ന് പറഞ്ഞുകൊണ്ടാ ണ്, വി. യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായം 1-ാം വാക്യം തുടങ്ങുന്നത്. വീണ്ടും യേശുക്രിസ്തു പറഞ്ഞു.

"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല;
ഞാൻ നിങ്ങളുടെ അടുക്കൽ വരും."

യോഹ. 14 : 18

> "സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്." യോഹ. 14 : 27

രണ്ടായിരം വർഷം മുമ്പ് ക്രിസ്തു ഗലീലാ നാടുകളിൽ പരസ്യശുശ്രൂഷ ചെയ്തു ജീവിച്ച കാലങ്ങളിൽ എത്രയോ ആളുകൾ ക്രിസ്തുവിന്റെ സന്നിധിയിൽ വന്ന് സമാധാനം പ്രാപിച്ചു. ഭാവി ഇരുളടഞ്ഞവർ, പാപബന്ധനങ്ങളിൽ കുടുങ്ങിക്കിടന്നവർ, തീരാവ്യാധികളാൽ വലഞ്ഞിരുന്നവർ, ഭൂതബാധയിൽ സുബോധം നഷ്ടപ്പെട്ടവർ, വിവിധ ജീവിത യാതനകളിൽ അകം നീറി കഴിഞ്ഞിരുന്നവർ, അവരെല്ലാം യേശുക്രിസ്തുവിന്റെ അരികിലേക്ക് ആർത്തിയോടെ വന്നു. അവരെല്ലാം സമാധാനം പ്രാപിച്ചു. ക്രിസ്തു അന്ന് ആഹ്വാനം ചെയ്തു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."

ആധുനിക കാലത്ത് എത്രയെത്ര ആത്മഹത്യകളാണ് ദിനം പ്രതി നടന്നുകൊണ്ടിരിക്കുന്നത്. ഭാര്യയെയോ ഭർത്താവിനെയോ കൊന്നിട്ട് കുഞ്ഞുങ്ങളെയും കൊന്ന് ആത്മഹത്യ ചെയ്യുന്നവരെപ്പറ്റി നാം ദിവസേന കേൾക്കുന്നു. ഏതാനും നാളുകൾക്ക് മുമ്പ് പത്രത്തിൽ വായിച്ചു : മലയാള സാഹിത്യത്തിലെ വളരെ പ്രശ്സ്തനായിരുന്ന ഒരു കവിയുടെ മകളും കുഞ്ഞുങ്ങളും ഒരുമിച്ച് ആത്മഹത്യ ചെയ്തു എന്ന്. Dale Carneigie എഴുതിയ സുപ്രസിദ്ധ ഗ്രന്ഥമാണ് "How to stop worrying and start a pleasant life." ആ പുസ്തകത്തിന്റെ കോടിക്കണക്കിന് പ്രതികൾ വിറ്റഴിഞ്ഞു. പക്ഷേ ആ ഗ്രന്ഥകാരനാകട്ടെ, ജീവിതഭാരംകൊണ്ട് തകർന്ന് ആത്മഹത്യ

ചെയ്തു.

അനേകർ ഇന്ന് ഉൽക്കണ്ഠയും ആശങ്കയുംകൊണ്ട് മനസ്സ് പുകഞ്ഞ് കഴിയുന്നു. Tension എന്നും Frustration എന്നും മറ്റും നാം കേൾക്കുന്ന ചില പദങ്ങൾ ഇന്നത്തെ മനുഷ്യന്റെ യഥാർത്ഥമായ അവസ്ഥ പ്രകടമാക്കുന്നതാണ്.

ഇങ്ങനെ ജീവിത നൈരാശ്യം പൂണ്ട എത്രയോ ആളുകളാണ് ക്രിസ്തുവിന്റെ പാദപീഠത്തിൽ വന്ന് ആശ്വാസം പ്രാപിച്ചിട്ടുള്ളത് !

കേരളത്തിൽ ആദ്യത്തെ നക്സലൈറ്റ് ആക്രമണത്തിൽ കൊല്ലപ്പെട്ട വെള്ളത്തൂവൽ ജോസഫ്സാറിന്റെ ഭാര്യ മിസിസ്സ് സൂസമ്മ ജോസഫ് ഈ സ്വർഗ്ഗീയ സമാധാനം പ്രാപിച്ച വസ്തുത നമുക്കിപ്പോൾ കേൾക്കാം.

“1970 ജൂലൈ 21–ാം തീയതി രാത്രി, എനിക്ക് ആ ദിവസം മറക്കാനാവില്ല. ഞാനും ഭർത്താവും മൂന്നു മക്കളും –ഞങ്ങളാരും ഉറങ്ങിയിരുന്നില്ല. രാത്രി പത്തു മണി കഴിഞ്ഞുകാണും. വാതില്ക്കൽ മുട്ടു കേട്ടു. ഞാനാണ് വാതിൽ തുറന്നത്. പെട്ടെന്ന് ഏതാനും ആളുകൾ വലിയ അട്ടഹാസത്തോടെ അകത്തേക്ക് ഇരച്ചു കയറി. ഞങ്ങൾ എല്ലാവരും തരിച്ചുനിന്നു പോയി. എന്റെ കൈയിലും കഴുത്തിലും മറ്റുമുണ്ടായിരുന്ന ആഭരണങ്ങൾ അവർ മുറിച്ചെടുത്തു. അലമാരയിലുണ്ടായിരുന്ന ആഭരണങ്ങളും രൂപയും അവർ എടുത്തു. ഒടുവിൽ അവർ എന്റെ ഭർത്താവിനെ ബലം പ്രയോഗിച്ച് വലിച്ചിഴച്ച് വെളിയിലേക്ക് കൊണ്ടുപോയി. ഞാൻ തടഞ്ഞുനോക്കി. എന്നെ അവർ തള്ളിമാറ്റി. മുറ്റത്തിട്ട് വെട്ടിയും കുത്തിയും അവർ അദ്ദേഹത്തെ അപായപ്പെടുത്തി.

മുപ്പത്തിയെട്ടാമത്തെ വയസ്സിൽ ഞാൻ വിധവയായി.

ഞാൻ ആകെ മരവിച്ചപോലെയായി. കരച്ചിലില്ല. കണ്ണീരില്ല. ഹൃദയം കല്ലിച്ചു പോയി. പകലോ രാവോ എനിക്ക് ഉറക്ക മില്ലാതായി. എപ്പോഴും ഭയപ്പാടും ഭീതിയും മാത്രം. മരിച്ചാൽ മതിയായിരുന്നു എന്ന് ഞാൻ പലവട്ടം ആഗ്രഹിച്ചു. മൂന്ന് മക്കൾ. അവർക്ക് ആരുണ്ട്? അതുകൊണ്ടു മാത്രം ജീവിച്ചു.

നാല്പത്തൊന്നാമത്തെ വയസ്സിൽ ഞാൻ കോലഞ്ചേരി യിൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഒരു പ്രാർത്ഥ നായോഗത്തിൽ സംബന്ധിച്ചു. അവിടെവച്ച് വചനം കേട്ടു. അപ്പോൾ എന്റെ ഹൃദയം ക്രിസ്തുവിന് സമർപ്പിച്ചു. എന്തെ ന്നില്ലാത്ത ഒരു ശാന്തിയും ആശ്വാസവും എന്റെ ഹൃദയത്തി ലേക്ക് ഒഴുകിവന്നു. സ്വർഗ്ഗീയ സമാധാനം ഞാൻ രുചിച്ചു. അനാഥയും വിധവയുമായ എന്നെ സ്നേഹിക്കാനും കരു താനും യേശു ഉണ്ടെന്ന് ഞാൻ സ്വന്തമായി അനുഭവിച്ചറി ഞ്ഞു. ദൈവത്തിന് സ്തോത്രം. അന്നു മുതൽ ഞാൻ ഒരു പുതിയ വ്യക്തിയായി. അന്നാണ് ഞാൻ സമാധാനത്തോടെ ഒന്നുറങ്ങിയത്.

മാന്യ സഹോദരാ, സഹോദരീ, ഈ യേശു നിങ്ങൾക്ക് സമാധാനം തരാൻ നിങ്ങളുടെ ഹൃദയവാതിൽക്കൽ വന്ന് മുട്ടുകയാണ്. വിഷാദംകൊണ്ടും മ്ലാനതകൊണ്ടും തളം കെട്ടിയ നിങ്ങളുടെ ഹൃദയം ക്രിസ്തുവിന് തുറന്നു കൊടുക്കുമോ? ക്രൂശിൽ തല ചായിച്ച ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയ ത്തിൽ വിശ്രമിക്കാൻ നിങ്ങൾ ക്ഷണിക്കുമോ?

ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്തിൽ നിങ്ങളുടെ സകല പാപവും കഴുകുമെന്നും ഒരു പുതിയ സൗഭാഗ്യ ജീവിതം നൽകുമെന്നും നിങ്ങൾ വിശ്വസിക്കുമോ? ക്രിസ്തു വിന്റെ ആണിപ്പാടുള്ള കൈകളിലേക്ക് നിങ്ങളുടെ ഭാവി നിങ്ങൾ ഏല്പിക്കുമോ? എങ്കിൽ നമുക്കൊരുമിച്ച് ഇപ്പോൾ

പ്രാർത്ഥിക്കാം.

“ഞങ്ങളെ അളവില്ലാതെ സ്നേഹിക്കുന്ന യേശുവേ, ഇന്ന് കേൾപ്പിച്ച സമാധാന വചനങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ക്രൂശിൽ മരിച്ച രക്ഷകന്റെ പാദപീഠത്തിൽ ഏതു പ്രശ്നത്തിനും പരിഹാരമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നാഥാ, എന്നെ കൈക്കൊള്ളണമേ. അവിടുന്ന് എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ ഇന്നു മുതൽ നിനക്കായി ജീവിക്കും എന്ന് തീരുമാനമെടുക്കുന്നു. എന്നെ അന്ത്യത്തോളം നടത്തേണമേ.

# രണ്ട്

"സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ്
സ്വസ്ഥയായിരിക്ക." മർക്കോസ് 5 : 34

നീറിപ്പുകയുന്ന ഹൃദയങ്ങൾക്ക് സമാധാനം നൽകുന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. മനുഷ്യന് ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്നത് സ്വസ്ഥതയുള്ള ജീവിതമാണ്.

സമാധാനത്തിന് 3 വശങ്ങളുണ്ട്.

(1) ദൈവത്തിന്റെ സമാധാനം (Peace of God)

(2) ദൈവത്തോട് സമാധാനം (Peace With God)

(3) എല്ലാവരോടും സമാധാനം (Peace with All)

ദൈവത്തിന്റെ സമാധാനം അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു സ്ത്രീക്ക് യേശുക്രിസ്തു തീരാവ്യാധി മാറ്റി സൗഖ്യം നൽകിയ സംഭവം ഇപ്പോൾ നമുക്ക് ചിന്തിക്കാം.

വി. മർക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായം 34-ാം വാക്യത്തിൽ യേശുക്രിസ്തു ഒരു സ്ത്രീയോടു പറയുന്നു, "സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക" എന്ന്. "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന് എത്ര വാത്സല്യത്തോടെയാണ് ക്രിസ്തു അവളോട് പറയുന്നത്.

വി. ബൈബിളിൽ ഒരു സ്ത്രീയെ ക്രിസ്തു "മകളേ" എന്ന് വിളിക്കുന്നത് ഈ സ്ത്രീയെ മാത്രമാണ്. മറ്റു സ്ത്രീകളെ, സ്വന്തം മാതാവിനെപ്പോലും, "സ്ത്രീയേ" എന്നാണ് അവിടുന്ന് വിളിക്കുന്നത്. ഇത്രയേറെ വാത്സല്യം ലഭിച്ച ഈ സ്ത്രീ ആരായിരുന്നു? 12 കൊല്ലമായി ഒരു മാറാരോഗം ബാധിച്ച ഒരു സാധുസ്ത്രീ. രക്തസ്രാവം – bleeding - ആയിരുന്നു അവളുടെ രോഗം. ചികിത്സകൾ ചെയ്യാഞ്ഞതുകൊണ്ടല്ല സൗഖ്യം കിട്ടാതിരുന്നത്. തിരുവചനം പറയുന്നത് "പല വൈദ്യൻമാരാൽ ഏറിയോന്നു സഹിച്ചു" എന്നാണ്. തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ ഏറ്റവും പരവശയായിത്തീർന്നിരുന്നു അവൾ. ഇത്രയും കാലം ചികിത്സ ചെയ്ത് ഫലിക്കാതെ വന്നതോടെ അവളുടെ ശരീരം ആകെ മെലിഞ്ഞ് ഉണങ്ങി എല്ലും തോലുമായി ഒരു പ്രാകൃതരൂപമായിത്തീർന്നു അവൾ.

ഇപ്പോൾ അവളുടെ മനസ്സും ക്ഷീണിച്ചു. ഇനി പ്രതീക്ഷയ്ക്കു വകയില്ല എന്ന് കരുതി നിരാശയും ദു:ഖവും മാത്രമായി അവൾക്ക്. ആ സ്ത്രീയെപ്പോലെ നാളുകളായി ഏതെങ്കിലും രോഗത്തിന് അടിമപ്പെട്ട് ആശയറ്റവരായി ആരെങ്കിലും ഇത് വായിക്കുന്നുണ്ടോ?

പ്രിയ സഹോദരീ, മാന്യ സ്നേഹിതാ, ശ്രദ്ധിക്കൂ! സൗഖ്യദായകനായ യേശു ജീവിക്കുന്നുണ്ട്. സങ്കീർത്തനക്കാരനായ

ദാവീദ് പറഞ്ഞു :

"യഹോവ അവനെ രോഗശയ്യയിൽ താങ്ങും ദീനത്തിൽ നീ അവന്റെ കിടക്കയെല്ലാം മാറ്റി വിരിക്കുന്നു." സങ്കീ. 41 : 3

പുറപ്പാട് പുസ്തകം 15-ാം അദ്ധ്യായം 26-ാം വാക്യത്തിൽ കർത്താവ് അരുളിച്ചെയ്തു : "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു."

പ്രിയ സഹോദരാ, ഈ ദൈവത്തിന്റെ അരികിലേക്ക് നിങ്ങൾ വരുമോ? വിശ്വാസത്തോടെ നിത്യരക്ഷകനോട് നിങ്ങൾ ഒന്ന് പ്രാർത്ഥിക്കുമോ? നിങ്ങളുടെ രോഗവിവരം ഒന്ന് അറിയിക്കുമോ? ക്രിസ്തു നിങ്ങൾക്ക് സൗഖ്യം തരും.

ആ സ്ത്രീ വലഞ്ഞ് കഴിയുന്ന കാലത്ത് ഒരിക്കൽ കേട്ടു. യേശു ആ വഴിയിൽക്കൂടെ പോകുന്നുണ്ടെന്ന്. യേശുവിനെക്കുറിച്ച് അവൾ കേട്ടിട്ടുണ്ട്; യേശുവിന്റെ അരികിൽ അവൾ എത്തിയിരുന്നില്ല. ഇന്നനേകരും അങ്ങനെയാണ്. യേശുവിനെക്കുറിച്ച് പലതും കേട്ടറിവുണ്ട്. സ്വന്തം അനുഭവം ഇല്ല. സ്നേഹിതാ, ഇന്ന് നിങ്ങൾ ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് സ്വന്തമൊരനുഭവം തരണമേ എന്ന് പ്രാർത്ഥിക്കുക.

ക്രിസ്തുവിന്റെ അരികിലെത്തിയാൽ തന്റെ ആവലാതിയ്ക്കൊരു പൊറുതി ലഭിക്കും എന്നവൾ വിശ്വസിച്ചു. പുരുഷാരത്തിന്റെ ഇടയിൽക്കൂടി നടന്നു നീങ്ങുന്ന ക്രിസ്തുവിന്റെ അരികിലെത്താൻ അവൾ കിണഞ്ഞു പരിശ്രമിച്ചു. ആൾപ്പെരുപ്പം മൂലം ക്രിസ്തുവിന്റെ അരികിലെത്താൻ അവൾക്ക് കഴിഞ്ഞില്ല. പുരുഷാരം തിക്കിത്തിരക്കുന്നു. അവൾ ഒരു വിധത്തിൽ ഞെങ്ങി ഞെരുങ്ങി ക്രിസ്തുവിന്റെ പിന്നി

ലെത്തി. ഒന്ന് മുമ്പിലെത്താനോ ഒരു വാക്കു യാചിക്കാനോ കഴിയാതെ അവൾ എന്തു വേണ്ടു എന്ന് ചിന്തിച്ചു. ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊട്ടാൽ സൗഖ്യം ലഭിക്കും എന്നവൾ വിശ്വസിച്ചു. ക്രിസ്തുവിന്റെ പിന്നിലേക്ക് തൂങ്ങി ഞാന്നുകിടക്കുന്ന വസ്ത്രത്തിന്റെ തൊങ്ങലിൽ അവൾ എങ്ങി നിന്ന് ഒന്നു തൊട്ടു.

എന്തൊരത്ഭുതം! വിദ്യുത്പ്രവാഹമേറ്റതുപോലെ അവളുടെ ശരീരം ആകെ കോരിത്തരിച്ചു. അവളുടെ രോഗം മാറിയെന്ന് അവൾ അറിഞ്ഞു. ദൈവത്തിന് സ്തോത്രം.

ആനന്ദം അതതല്ലുന്ന ഹൃദയത്തോടെ അവൾ പിറകിലേക്ക് തിരിയാൻ തുടങ്ങുകയായിരുന്നു. പെട്ടെന്ന് ക്രിസ്തു ആ നടുറോഡിൽ നിന്നു. “എന്നെ തൊട്ടതാര് ?” യേശു ചോദിച്ചു. “പുരുഷാരം തിക്കിത്തിരക്കുകയല്ലേ” എന്ന് ശിഷ്യൻമാർ പറഞ്ഞു. “അല്ല, ഒരാൾ എന്നെ തൊട്ടു ; എന്നിൽനിന്ന് ശക്തിപുറപ്പെട്ടു” യേശു പറഞ്ഞു.

അതേ. ഇക്കാലത്ത് തൊടുന്നവർ അനേകരുണ്ട്. പക്ഷേ ക്രിസ്തുവിൽനിന്ന് ശക്തി പ്രാപിക്കുന്നവർ വളരെ കുറച്ചു പേർ മാത്രം.

നടന്ന കാര്യങ്ങളെല്ലാം സ്ത്രീ എല്ലാവരും കേൾക്കെ വിവരിച്ചു പറഞ്ഞു. ഉടയവനോടുള്ള നന്ദികൊണ്ട് അവളുടെ ഉള്ളുനിറഞ്ഞ് നിന്നപ്പോൾ ക്രിസ്തു പറഞ്ഞു.

> “മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക.”
>
> മർക്കോസ് 5 : 34, ലൂക്കോസ് 8 : 48

ഈ സ്ത്രീയെപ്പോലെ ഇന്നും മാറാരോഗത്തിന് അടിമ

പ്പെട്ടു കഴിയുന്ന ആരെങ്കിലും ഇത് വായിക്കുന്നുണ്ടോ? രണ്ടായിരം വർഷം മുമ്പ് രക്തസ്രാവമുള്ള സ്ത്രീക്ക് രോഗ ബാധമാറ്റിയ ക്രിസ്തു ഇന്നും ജീവിക്കുന്നുണ്ട്. മാന്യ സ്നേഹിതാ, ക്രിസ്തു നിങ്ങളുടെ തീരാവ്യാധി മാറ്റുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?

മാരകമായ ക്യാൻസർ ബാധിച്ചതിനുശേഷം അത്ഭുത സൗഖ്യം കിട്ടിയ ഒരാളെ നിങ്ങൾക്ക് പരിചയപ്പെടുത്തട്ടെ. ഡോ. ജോജി കെ. നൈനാൻ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് ബി.ഡി.എസ് ഡിഗ്രിയെടുത്ത് ഇന്ന് മൂവാറ്റുപുഴയിലും തൊടുപുഴയിലും സ്വന്തം ഡെന്റൽ ക്ലിനിക്ക് നടത്തുന്ന ഡോ. ജോജി കെ. നൈനാൻ പറയുന്നത് നമുക്ക് കേൾക്കാം.

ഇന്നെനിക്ക് 44 വയസ്സുണ്ട്. 5 വർഷം മുമ്പ് 39-ാമത്തെ വയസ്സിലാണ് എന്റെ Lymph glands- ൽ ക്യാൻസർ ആണെന്ന് detect ചെയ്തത്. ബയോപ്സി റിസൾട്ട് ഡോക്ടർ എന്നെ അറിയിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഈ നല്ല പ്രായത്തിൽ ആയുസ്സ് തീരുകയാണല്ലോ എന്നോർത്തപ്പോൾ ഭാവി മുഴുവൻ ഇരുളടഞ്ഞു. എല്ലാ വാതിലും അടഞ്ഞ പ്രതീതി. ഞാനെപ്പോഴും എന്റെ സങ്കല്പത്തിൽ ഒരു ശവപ്പെട്ടിയിൽ കിടക്കുന്നതു കണ്ടുകൊണ്ടിരുന്നു. എല്ലാം തീർന്നുപോയ ഒരവസ്ഥ. എന്റെ ഭാര്യ, രണ്ടു പിഞ്ചുകുഞ്ഞുങ്ങൾ, അവരെല്ലാം അനാഥരാകുമല്ലോ എന്ന ചിന്ത എന്നെ തീർത്തും മ്ലാനമാക്കി.

22-ാം വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ട് ജീവിതം കർത്താവിന് സമർപ്പിച്ചതായിരുന്നു. എങ്കിലും ഞാൻ ക്രിസ്തീയ ജീവിതത്തിന്റെ ആഴമോ വിശുദ്ധീകരണത്തിന്റെ ഗൗരവമോ അറിഞ്ഞിരുന്നില്ല; അനുഭവിച്ചിരുന്നില്ല. കോല

ഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോട് ഞാൻ ചേർന്നു നിന്നിരുന്നതുകൊണ്ട് അതിലെ ദൈവമക്കളുമായുള്ള കൂട്ടായ്മ ഈ അവസരത്തിൽ എന്നെ ആഴത്തിൽ ഉറപ്പിച്ചു.

ഞാനന്ന് കടന്നു പോയാൽ ക്രിസ്തു ആഗ്രഹിക്കുന്നിടത്ത് ഞാൻ എത്തുകയില്ല എന്ന് ഞാൻ മനസ്സിലാക്കി. എനിക്ക് പലരോടും ഈർഷ്യയും പരിഭവവും പിണക്കവും ഉണ്ടായിരുന്നു. ഞാനൊരു വ്യവസ്ഥയും കൂടാതെ അവരോരോരുത്തരോടും കൂട്ടായ്മയിൽ വച്ച് മാപ്പു ചോദിച്ചു. എന്റെ ഹൃദയത്തിൽ അനേകം പാപചിന്തകളുണ്ടായിരുന്നു, പുറമേ എല്ലാ പാപങ്ങളും ഞാൻ വിട്ടിരുന്നെങ്കിലും. അവയെല്ലാം ഞാൻ ഏറ്റു പറഞ്ഞ് സത്യമായി അനുതപിച്ച് ദൈവകരുണയ്ക്കായി അപേക്ഷിച്ചു. എന്റെ പാപങ്ങൾ മോചിച്ച് കിട്ടി എന്ന് ഉറപ്പ് ലഭിച്ചതോടെ എന്റെ രോഗം എനിക്കൊരു പ്രശ്നമല്ലാതായി. അതോടെ കർത്താവ് എനിക്ക് അദ്ഭുത രോഗസൗഖ്യം തന്നു. ദൈവത്തിന് സ്തോത്രം.

പാപം വരാതെ കരുതലോടെ ജീവിക്കുന്നതാണ് ക്രിസ്തീയ ജീവിതം എന്ന് എനിക്ക് മനസ്സിലാകാൻ കാരണം ആ രോഗം വന്നതാണ്. ഞാനിന്നൊരു ഭാഗ്യവാനാണ്. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകന്നു. സ്തോത്രം.

സ്നേഹിതാ, ഡോ. ജോജിയെപ്പോലെ പാപത്തിനും രോഗത്തിനും പരിഹാരമായി ക്രിസ്തുവിനെ താങ്കൾ അനുഭവിച്ചിട്ടുണ്ടോ? ക്രിസ്തു ജനിക്കുന്നതിന് 750 കൊല്ലം മുമ്പ് ക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് യെശയ്യാ പ്രവാചകൻ പ്രവചിച്ചു.

> "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു." യെശയ്യാ 53: 4 – 5

ക്രിസ്തുവിന്റെ രക്തം താങ്കളുടെ സകല പാപങ്ങൾക്കും പരിഹാരം എന്ന് വിശ്വസിക്കുന്നുവോ? ക്രിസ്തുവിന്റെ അടിപ്പിണരുകളാൽ താങ്കൾക്ക് സൗഖ്യമുണ്ട് എന്ന് വിശ്വസിക്കുന്നുവോ?

ക്രിസ്തു ഇതാ താങ്കളിൽ മനസ്സലിഞ്ഞ് സ്നേഹവായ്പോടെ നിൽക്കുന്നു. കരുണയോടെ തന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടുന്നു. നാഥാ, എന്റെ സകല പാപവും സകല രോഗവും മാറ്റണമേ എന്ന് പ്രാർത്ഥിക്കുക. ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുന്നു എങ്കിൽ നിങ്ങളുടെ തീരുമാനം ക്രിസ്തുവിനോടു പറയുക. "യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും." സ്തോത്രം. നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളുടെ നിത്യ സ്നേഹമായ യേശുവേ, അടിയങ്ങൾക്ക് ആത്മാവിലും മനസ്സിലും ശരീരത്തിലും സൗഖ്യം നൽകുവാൻ അവിടുന്ന് ക്രൂശിൽ മരിച്ചതിനാൽ സ്തോത്രം. ഈ വചനം കേട്ട എല്ലാവരെയും അനുഗ്രഹിക്കണമേ. അവി

ടത്തെ തിരുരക്തത്താൽ എല്ലാവരെയും ശുദ്ധീകരിക്കണമേ. വിശ്വസിക്കുന്നവർക്ക് അവിടുന്ന് രോഗസൗഖ്യം നൽകണമേ.

# മൂന്ന്

"ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോട് : നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു...... നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടു പോക എന്നു പറഞ്ഞു. ലൂക്കോസ് 7 : 47 – 50

മുമ്പ് നാം ചിന്തിച്ചത് Peace of God- ദൈവത്തിന്റെ സമാധാനം– എന്ന വിഷയമായിരുന്നുവല്ലൊ. രോഗസൗഖ്യത്തിൽ കൂടെയുള്ള ദൈവസമാധാനത്തെക്കുറിച്ച് നാം ചിന്തിച്ചു.

ഇന്ന് Peace with God- ദൈവത്തോട് സമാധാനം– എന്ന വിഷയം നമുക്ക് തിരുവചനവെളിച്ചത്തിൽ ധ്യാനിക്കാം.

റോമർക്കെഴുതിയ ലേഖനം 5–ാംഅദ്ധ്യായം 1–ാം വാക്യത്തിൽ നാം വായിക്കുന്നു.

"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ

> കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനമുണ്ട്."

നീതികെട്ടവനെ നീതിമാൻ അഥവാ കുറ്റമില്ലാത്തവനെന്ന് നീതിമാനായ ദൈവം കരുതുന്നതാണ് നീതീകരണം. പാപിയെ പാപമില്ലാത്തവൻ എന്ന് അംഗീകരിക്കുന്നത് അവന്റെ പാപങ്ങൾ മോചിച്ചു കൊടുത്താണ്.

അതാണ് റോമർ 3ന്റെ 23-29 ൽ നാം കാണുന്നത്.

> "ഒരു വ്യത്യാസവുമില്ല ; എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു."

അതിന്റെ പ്രകടമായ ദൃഷ്ടാന്തമാണ് പാപിനിയായ സ്ത്രീക്ക് കർത്താവ് നൽകിയ അനുഗ്രഹം. പട്ടണത്തിലേക്കും പാപിനിയായ സ്ത്രീയോട് ക്രിസ്തു പറഞ്ഞു "സ്ത്രീയേ, നിന്റെ അനേകങ്ങളായ പാപങ്ങൾ മോചിച്ചിരിക്കുന്നു; സമാധാനത്തോടെ പോക." അവൾ ദൈവത്തോട് സമാധാനം പ്രാപിച്ചു. അതായത് ദൈവത്തോട് നിരപ്പ് പ്രാപിച്ചു. അപ്പോൾ അവൾക്ക് ആന്തരികമായ സമാധാനം ലഭിച്ചു.

ബഹുമാന്യ സുഹൃത്തെ, താങ്കൾ ദൈവത്തോടുള്ള നിരപ്പിലാണോ ഇന്ന് ജീവിക്കുന്നത്? ആന്തരിക സമാധാനം താങ്കൾ അനുഭവിക്കുന്നുണ്ടോ? ദൈവത്തിന്റെ സമാധാനം ലഭിക്കാതിരിക്കാൻ കാരണം ദൈവത്തോട് സമാധാനം ഇല്ലാത്തതാണ് എന്ന് താങ്കൾക്കറിയാമോ?

മനുഷ്യന് ദൈവത്തോട് സമാധാനം ഇല്ലാതാകാൻ കാരണം പാപമാണ്. തിവെഴുത്ത് പറയുന്നു :

> "രക്ഷിപ്പാൻ കഴിയാത്തവണ്ണം യഹോവായുടെ കൈ കുറുകീയിട്ടില്ല; കേൾപ്പാൻ കഴിയാത്ത വണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങ ളുടെ അകൃത്യങ്ങളത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങളത്രേ അവൻ കേൾക്കാത വണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറയ്ക്കു മാറാക്കിയത്." യെശയ്യാ 59 : 1 – 2

2 ദിനവൃത്താന്തം 24ന്റെ 20ൽ പറയുന്നു :

> "നിങ്ങൾക്ക് ശുഭം വരുവാൻ കഴിയാതവണ്ണം നിങ്ങൾ യഹോവയുടെ കല്പനകളെ ലംഘിക്കുന്ന തെന്ത്? നിങ്ങൾ യഹോവയെ ഉപേക്ഷിച്ചതുകൊണ്ട് അവൻ നിങ്ങളെയും ഉപേക്ഷിച്ചിരിക്കുന്നു."

മനുഷ്യനെ ദൈവത്തിൽനിന്നും അകറ്റുന്നത് പാപമത്രേ. പാപിയായ മനുഷ്യനെ നീതിമാനായ ദൈവത്തോട് നിരപ്പി ക്കുവാനാണ് നീതിമാനായ യേശുക്രിസ്തു മനുഷ്യന്റെ പാപം ഏറ്റെടുത്ത് ക്രൂശുമരണം വരിച്ചത്.

നിത്യനായ ദൈവം "നമ്മെ ക്രിസ്തുമൂലം തന്നോടു നിര പ്പിച്ചു. ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു പോന്നു. ആക യാൽ ഞങ്ങൾ ക്രിസ്തുവിനു പകരം സ്ഥാനാപതികളായി ദൈവത്തോട് നിരന്നു കൊൾവിൻ എന്ന് ക്രിസ്തുവിന് പകരം അപേക്ഷിക്കുന്നു." 2 കൊരിന്ത്യൻ 5ന്റെ 18–20 വാക്യങ്ങൾ.

പാപിനിയായിരുന്ന സ്ത്രീ പാപജീവിതത്തോട് യാത്രപറഞ്ഞ് ദൈവത്തോട് നിരപ്പ് പ്രാപിച്ചു. അങ്ങനെ അവൾ സത്യസമാധാനം അനുഭവിച്ചു. അവളുടെ അസംഖ്യം പാപങ്ങൾ ക്രിസ്തു മോചിച്ചു കൊടുത്തു. അവൾ ക്രിസ്തുവിന്റെ തൃപ്പാദത്തിൽ എത്തി പാപങ്ങളെ ഓർത്ത് അനുതപിച്ച് സാക്ഷാലുള്ള പശ്ചാത്താപത്തോടെ കരഞ്ഞു. അവളുടെ മാനസാന്തരം ക്രിസ്തു കണ്ട് അവൾക്ക് പാപക്ഷമ നൽകി. അതോടെ അതിരില്ലാത്ത സന്തോഷം അവളുടെ ഹൃദയത്തിലേക്ക് പ്രവഹിച്ചു.

“സമാധാനത്തോടെ പോക, നിന്റെ അനേകങ്ങളായ പാപങ്ങൾ മോചിച്ചിരിക്കുന്നു.” ക്രിസ്തു പറഞ്ഞു.

പ്രിയ സുഹൃത്തേ, പാപമോചനത്തിന്റെ സൗഖ്യം താങ്കൾ അനുഭവിക്കുന്നുണ്ടോ? പാപം ക്ഷമിച്ചു കിട്ടുമ്പോൾ ഹൃദയത്തിലേക്ക് വെള്ളച്ചാട്ടം പോലെ ഒഴുകിവരുന്ന ശാന്തിയും സമാധാനവും താങ്കൾ രുചിച്ചറിഞ്ഞിട്ടുണ്ടോ?

മദ്യത്തിനും സിനിമയ്ക്കും അടിമയായി യൗവ്വനത്തിന്റെ ഒരു നല്ല ഭാഗം സാത്താന്യശക്തിക്ക് വിട്ടുകൊടുത്തിരുന്ന ഒരാളാണ് കേരള ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എൻജിനീയറായി ഇന്ന് ജോലി ചെയ്യുന്ന ശ്രീ യു.റ്റി. ജോർജ്ജ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഈ പാപക്ഷമയുടെ സമാധാനം പ്രാപിച്ചത് എങ്ങനെയെന്ന് നമുക്ക് കേൾക്കാം.

കോതമംഗലം എൻജിനീയറിംഗ് കോളേജിൽ ആദ്യവർഷം പഠിക്കുമ്പോഴാണ് ആദ്യമായി മദ്യപാനം ചെയ്തത്. ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ മുതൽ ഞങ്ങളുടെ ഇടവകപ്പള്ളിയിലെ പരിശുദ്ധ മദ്ബഹായിലെ ശുശ്രൂഷക്കാരനാ

യിരുന്നു. സണ്ടേ സ്കൂളിൽ 10 ക്ലാസ്സ് പഠിച്ചു. 10-ാം ക്ലാസ്സിൽ ജയിക്കുമ്പോൾ അഖില മലങ്കര യാക്കോബായ സണ്ടെ സ്കൂൾ അസ്സോസിയേഷന്റെ രണ്ടാം റാങ്കുകാരനായിരുന്നു. തുടർന്ന് സണ്ടേസ്കൂൾ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. പക്ഷേ അന്ന് ഞാൻ മദ്യത്തിന്റെ അടിമയായിരുന്നു.

പഠിക്കുന്ന കാലമായിരുന്നതുകൊണ്ട് വളരെ വില കൂടിയ മദ്യം കഴിക്കാൻ നിർവ്വാഹമില്ലായിരുന്നു. അതുകൊണ്ട് കോതമംഗലം പരിസരത്ത് സുലഭമായി കിട്ടിയിരുന്ന "കുട്ടമ്പുഴ കൊട്ടുവടി" എന്നറിയപ്പെട്ടിരുന്ന വീര്യം കൂടിയ നാടൻ വാറ്റുചാരായമാണ് കഴിച്ചിരുന്നത്. എൻജിനീയറിംഗ് പാസായ വിജയം ആഘോഷിച്ചത് അക്കാലത്ത് എറണാകുളത്ത് നടത്തിയിരുന്ന 'ടോഡി പാർലറി' ൽ കള്ളും ചാരായവും ചേർത്ത് കഴിച്ചാണ്. ഇതിനെ തുടർന്ന് ഞാൻ എറണാകുളത്ത് എം.ജി. റോഡിന്റെ അരികിൽ ഛർദിച്ച് സുബോധമില്ലാതെ മണിക്കൂറുകൾ കിടന്നു.

ഈ ദുശ്ശീലം മാറുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. ആഗ്രഹിച്ചതുമല്ല. എന്നാൽ എന്റെ ഭാര്യ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച ഒരു സ്ത്രീയായിരുന്നു. അത് ഞാൻ വിവാഹത്തിന് മുമ്പ് അറിഞ്ഞിരുന്നില്ല.

ലീല എനിക്കുവേണ്ടി കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മടുത്തുപോകാതെ, നീണ്ട 10 വർഷം ! അവളുടെ നിർബന്ധത്തിനുവഴങ്ങി കോലഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ വചന ശുശ്രൂഷകൾക്ക് ഞാൻ പോകാറുണ്ട്. പക്ഷേ ഞാനൊരു നിരീക്ഷകനായും ഉള്ളംകൊണ്ട് എതിർത്തുമാണ് വചനം കേട്ടുകൊണ്ടിരുന്നത്.

എന്നാൽ ഒരുനാൾ ക്രിസ്തുവിന്റെ ആത്മാവ് എന്നെ കടന്നുപിടിച്ചു. യേശു എന്റെ ഹൃദയത്തിലേക്ക് വരണമേ എന്ന് ഞാൻ പ്രാർത്ഥിച്ചു. ഞാനെന്റെ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു.

അന്നു മുതൽ ജീവിതം ആകെ മാറി. ഇപ്പോൾ 14 വർഷമായി ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കുന്നു. വചനത്തെ എതിർത്തിരുന്ന എന്നെ വചനം പ്രസംഗിക്കുന്നവനാക്കി ക്രിസ്തു മാറ്റി. കണ്ടാലും; “ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി. അതാ അത് പുതുതായി തീർന്നിരിക്കുന്നു.” സ്തോത്രം.

ശ്രീ യു.റ്റി. ജോർജ്ജിന് ഇന്ന് ആന്തരികമായ രൂപാന്തരം ക്രിസ്തു നൽകി. പാപക്ഷമ ലഭിച്ചപ്പോഴുള്ള ആശ്വാസവും സ്വാതന്ത്ര്യവും മനസ്സമാധാനവും അദ്ദേഹം ഇന്ന് അനുഭവിക്കുന്നു.

നിങ്ങൾ കേട്ടിട്ടുണ്ടോ സുപ്രസിദ്ധ സാഹിത്യകൃതിയായ മാക്ബത്തിനെപ്പറ്റി? ഷേക്സ്പിയറുടെ മാക്ബത്തിൽ കുറ്റബോധംകൊണ്ട് വലഞ്ഞുലഞ്ഞ മാക്ബത്തിനെയും ലേഡി മാക്ബത്തിനെയും ചിത്രീകരിച്ചിട്ടുണ്ട്. കൊലപാതകക്കറ കഴുകിക്കളയുന്നതിനും രക്തത്തിന്റെ മണം കൈകളിൽ നിന്ന് മാറിക്കിട്ടേണ്ടതിന്നും സ്ഥിരബുദ്ധി നശിച്ചവളായി ലേഡിമാക്ബത്ത് കൂടെക്കൂടെ വിലയേറിയ സുഗന്ധക്കൂട്ടുകൾ (Perfumes) കൈകളിൽ പുരട്ടുന്നുണ്ട്. ഒടുവിൽ അവൾ വിലപിക്കുകയാണ്.

"All the perfumes of Arabia will not sweeten my little hands." “ലോകത്തെങ്ങുമുള്ള ഒരു സുഗന്ധ വസ്തുവിനും എന്റെ കൈകളിലെ ദുർഗ്ഗന്ധം മാറ്റാൻ സാദ്ധ്യമല്ല” എന്ന്.

പാപത്തിന്റെ ഊരാക്കുടുക്കിൽ പെട്ടവർ ആരെങ്കിലും ഈ വചനങ്ങൾ വായിക്കുന്നുണ്ടോ? മാന്യ സുഹൃത്തേ, പ്രിയ സഹോദരി, നിങ്ങളുടെ ഹൃദയം മുൻകാലങ്ങളിൽ വന്നുപോയ പാപത്തിന്റെ കയ്പുറ്റ ഫലങ്ങളേറ്റ് സ്വസ്ഥതയി ല്ലാതെ ഉഴലുകയാണോ? പാപത്തിന്റെ മാരകഫലങ്ങൾ നിങ്ങളെ ഇന്ന് വേട്ടയാടികൊണ്ടിരിക്കുന്നുവോ?

എങ്കിൽ നിങ്ങൾ ഇപ്പോൾതന്നെ ക്രിസ്തുവിന്റെ തിരുര ക്തത്തിന്നരികിലേക്ക് ഓടിവരിക. "യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നിങ്ങളെ ശുദ്ധീകരിക്കും."

ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു. ക്രിസ്തു നിങ്ങളെ മനസ്സലിവോടെ വിളിക്കുന്നു. നിങ്ങൾ ക്രിസ്തുവിന്റെ മധുര ശബ്ദം കേട്ട് തിരുസന്നിധിയിലേക്ക് വരുമോ? പാപത്തോട് യാത്ര പറഞ്ഞുള്ള ഒരു പുതിയ ജീവിതം നിങ്ങൾ തീരുമാ നിക്കുന്നുവോ?

എങ്കിൽ നിങ്ങളുടെ അരികിൽ നില്ക്കുന്ന യേശുവി നോട് പറയുക : യേശുവേ, എന്നെ സ്നേഹിച്ച് നീ എനിക്കു വേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിച്ച് നിനക്കുവേണ്ടി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള ദൈവമേ, അവി ടത്തെ സ്നേഹത്തിനും കരുതലിനുമായി സ്തോത്രം. തിരു വചനം കേട്ട എല്ലാവരെയും അനുഗ്രഹിക്കണമേ. ഒരു പുതിയ സമാധാന ജീവിതത്തിന് എല്ലാവർക്കും ഭാഗ്യം നൽകണമേ.

## നാല്

“എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീ
കരണം പ്രാപിക്കാൻ ഉത്സാഹിപ്പിൻ.”

എബ്രായർ 12 : 14

Peace of God - ദൈവത്തിന്റെ സമാധാനം

Peace with God - ദൈവത്തോടു സമാധാനം

Peace with All - എല്ലാവരോടും സമാധാനം

സമാധാനത്തെപ്പറ്റിയാണല്ലോ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ – Peace with All - എല്ലാവരോടും സമാധാനം എന്ന വിഷയത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

“എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീ
കരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ.”

എബ്രായർ 12 : 14

ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയത്തിൽ അധിവസിക്കണമെങ്കിൽ ക്രിസ്തുവിനോട് സമാധാനം പ്രാപിക്കണം; എല്ലാവരോടും സമാധാനമുണ്ടായിരിക്കണം.

മൂന്നു വർഷത്തോളം വഴക്കടിച്ച് പിരിഞ്ഞുനിന്ന ഒരു ഭർത്താവിനെയും ഭാര്യയെയും എനിക്ക് അറിയാം. പരസ്പരം തെറ്റിദ്ധാരണയും സംശയങ്ങളും അഭിപ്രായവ്യത്യാസങ്ങളുമായി തുടങ്ങി ഒടുവിൽ രണ്ടുപേരും പിരിഞ്ഞ് താമസിച്ചു. ഒരു മകൻ ഉള്ളത് അപ്പന്റെ കൂടെ നിന്നു. ഭർത്താവിനോടുള്ള അകൽച്ചകൊണ്ട് സ്വന്തം കുഞ്ഞിനെ ഒന്ന് കാണണമെന്നുപോലും ആ അമ്മയ്ക്ക് തോന്നിയില്ല.

ഭാഗ്യവശാൽ അവർ ക്രിസ്തുവിന്റെ വചനം കേട്ടു. ക്രിസ്തുവിന്റെ സ്നേഹം അവരെ കടന്നുപിടിച്ചു. അവർ പാപബോധത്തോടെ അനുതപിക്കുകയും പരസ്പരം ക്ഷമ ചോദിച്ച് നിരപ്പാകുകയും ചെയ്തു. ഇന്നവർ സമാധാനത്തോടെ, ഐക്യത്തോടെ, സന്തോഷമായി ഒരുമിച്ചു കഴിയുന്നു.

ഈ വാക്കുകളെ വായിക്കുന്ന മാന്യ സ്നേഹിതാ, താങ്കളുടെ ഹൃദയത്തിൽ ആരോടെങ്കിലും മുഷിച്ചിലും, നീരസവും, വിദ്വേഷവും നിലനില്ക്കുന്നുണ്ടോ? താങ്കളോട് തെറ്റു ചെയ്ത ആരോടെങ്കിലും താങ്കൾ ക്ഷമിക്കാതിരിക്കുന്നുണ്ടോ?

എങ്കിൽ ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹത്തെയും ക്ഷമയെയും കാണുക.

“പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവരറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ” എന്ന് തന്നെ ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച സ്നേഹം എത്ര മഹത്വമേറിയതാണ് !

കല്ലേറുകൊണ്ട് മരിക്കുമ്പോൾ സ്തെഫാനോസ് പ്രാർത്ഥിച്ചതും അതുതന്നെയാണ്. "പിതാവേ, ഇവർക്ക് ഈ പാപം നിറുത്തരുതേ" എന്ന്.

യേശുക്രിസ്തുവിനെ ഉൾക്കൊണ്ടാൽ മാത്രമേ എല്ലാവരോടും സ്നേഹം വരികയുള്ളൂ. ക്രിസ്തുവിന്റെ സ്നേഹത്തിൽക്കൂടി മാത്രമേ മറക്കാനും പൊറുക്കാനും കഴിയുകയുള്ളൂ.

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ" എന്ന് പ്രാർത്ഥിപ്പാൻ ക്രിസ്തു നമ്മെ പഠിപ്പിച്ചു.

> "നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല" എന്നത്രേ ക്രിസ്തു നമ്മോടരുളിച്ചെയ്യുന്നത്."
>
> മത്തായി 6 : 15

പരസ്പര ഭിന്നതയും വഴക്കും വ്യവഹാരവുംകൊണ്ട് ഭൗതികമായും മാനസികമായും ആത്മീയമായും തകർന്ന വളരെ ആളുകളുണ്ട്. മനസ്സമാധാനം നശിച്ച്, ജീവിതം അസ്വസ്ഥതയിലും യാതനയിലും കഴിയുന്ന അനേകർ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനുശേഷം അതിശയകരമായ സമാധാനം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

സ്നേഹിതാ, താങ്കളുടെ അവസ്ഥയെന്താണ്?

> "എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ."
>
> എബ്രാ. 12 : 14

മാന്യ സഹോദരാ, പ്രിയ സഹോദരീ, എല്ലാവരോടും ഐക്യവും സമാധാനവും പുലർത്തുവാൻ നിങ്ങൾക്ക് കഴി യുന്നുണ്ടോ? ഇന്നു കയ്പും പിണക്കവും നീരസവും വിദ്വേ ഷവും ഹൃദയത്തിൽ ഉറഞ്ഞുകൂടിയിട്ടില്ലേ? പുറമേ അതൊന്നും കാണിക്കുന്നില്ലെങ്കിലും ഉള്ളിൽ കടുത്ത വൈരാഗ്യം ചിലരോടില്ലേ? ഇന്നും അമ്മായിയമ്മയും മരുമ കളും തമ്മിൽ ഭിന്നതയും വൈരുദ്ധ്യവും നിലനില്ക്കുന്നില്ലേ? തൻമൂലം ജീവിതത്തിൽ സമാധാനമില്ലാതെ കഴിയുകയല്ലേ?

അങ്ങനെ മനസ്സ് പുകഞ്ഞ് അമ്മയോട് ഹൃദയംകൊണ്ട കന്ന് ജീവതം തീർത്തും അസ്വസ്ഥതയിൽ വലഞ്ഞിരുന്ന ഒരാളാണ് എന്റെ ഭാര്യ. ആലീസിന്റെ ജീവിതത്തിൽ ഈ സമാധാനം കൈവന്നതെങ്ങനെയെന്ന് അവൾ തന്നെ സാക്ഷി ക്കും.

അമ്മയുമായി അകത്ത് നീരസവും അകൽച്ചയുമുണ്ടാ യിരുന്ന ആ കാലത്ത് ഒരു സമാധാനവും ഇല്ലായിരുന്നു. നല്ല ആഡംബരത്തോടെ വസ്ത്രം ധരിച്ച്, ലോകത്തിൽ നല്ല പ്രതാപത്തോടെ കഴിയണമെന്നതായിരുന്നു എന്റെ ലക്ഷ്യം. എന്നാൽ അതിനൊന്നിനും പറ്റിയ സാഹചര്യമായിരുന്നില്ല വീട്ടിൽ. കരയിൽ പിടിച്ചിട്ട മീനിനെപ്പോലെ ഞാൻ ഉള്ളു കൊണ്ട് പിടഞ്ഞുകൊണ്ടിരുന്നു. എന്നും അമ്മ നിരന്തരം എന്നെ കുറ്റപ്പെടുത്തിയും ശകാരിച്ചുംകൊണ്ടിരുന്നു.

ഞാനെന്റെ വീട്ടിൽ സുഖമായും എല്ലാവരുടെയും കണ്ണി ലുണ്ണിയായും ജീവിച്ച കാലങ്ങൾ എനിക്ക് നഷ്ടപ്പെട്ടല്ലോ എന്നോർത്ത് ഞാൻ കടുത്ത നിരാശയിലായി. അമ്മയോ ടുള്ള വാശിയും വഴക്കും തീർക്കാൻ എന്റെ ഹൃദയത്തി ലുള്ള നൈരാശ്യം മൂലം കുഞ്ഞുങ്ങളെ കാരണമില്ലാതെ ഉപദ്രവിച്ചിട്ടുണ്ട്.

അന്നെല്ലാം പള്ളിയിൽ പോകുകയും പ്രസംഗങ്ങൾ കേൾക്കുകയും ചടങ്ങുകളും അനുഷ്ഠാനങ്ങളും ആചരിക്കുകയും ചെയ്തിരുന്നു. പക്ഷേ എന്റെ ഹൃദയത്തിൽ യേശു ഉണ്ടായിരുന്നില്ല. എന്റെ ഹൃദയത്തിൽ സമാധാനമുണ്ടായിരുന്നില്ല. പക്ഷേ ഇന്നെനിക്ക് മനസ്സിലാകുന്നുണ്ട്, ഞാൻ വേണ്ടതുപോലെ സ്നേഹത്തോടെ പെരുമാറിയിരുന്നില്ല എന്ന്. വാസ്തവത്തിൽ ഞാനായിരുന്നു വീട്ടിലെ കലഹത്തിനും അസമാധാനത്തിനും കാരണം.

വിവാഹം കഴിഞ്ഞ് 13 കൊല്ലം അങ്ങനെ ഉള്ളുരുകി ഞാൻ കഴിഞ്ഞു. 29-ാമത്തെ വയസ്സിൽ എറണാകുളത്ത് ഷോപ്പിംഗിന് ഞങ്ങൾ പോയപ്പോൾ ഒരു സുവിശേഷ പ്രസംഗം കേട്ടു. അന്ന് കേട്ട ആ പ്രസംഗം 'സന്തോഷം' എന്ന വിഷയത്തെക്കുറിച്ചായിരുന്നു. എനിക്കതായിരുന്നു വേണ്ടത്. അന്ന് ഞാൻ അകം നൊന്ത് പ്രാർത്ഥിച്ചു. "കർത്താവേ, ഈ സന്തോഷം എനിക്ക് തരണമേ" എന്ന്. ഞാൻ അവിടെവെച്ച് ഇരുകരവും ഉയർത്തി എന്നെത്തന്നെ കർത്താവിനായി സമർപ്പിച്ചു.

ഒരു അത്ഭുത സന്തോഷാനുഭവത്തിലാണ് അന്ന് വീട്ടിലേക്ക് മടങ്ങിയത്. അന്നു മുതൽ എന്റെ അമ്മയോടുള്ള പ്രയാസമെല്ലാം മാറി. പൂർണ്ണ ഐക്യമായി ഞങ്ങൾ തമ്മിൽ. അമ്മയും താമസിയാതെ മാനസാന്തരപ്പെട്ടു. തുടർന്ന് അമ്മയ്ക്ക് എന്നോടും വളരെ ഐക്യമായി ; സ്നേഹമായി.

ഇന്ന് ഞാൻ നാല് മരുമക്കളുള്ള ഒരമ്മയാണല്ലൊ.

എന്റെ മരുമക്കൾ നാലുപേരെയും എന്റെ സ്വന്തം മക്കളായി ഞാൻ കാണുന്നു. പൂർണ്ണ ഐക്യവും സന്തോഷവും സമാധാനവുമാണ് എനിക്കവരോട്. അവർക്കും എന്നോടപ്രകാരം തന്നെയാണ്.

ക്രിസ്തു ജീവിതത്തിൽ വന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തിൽക്കൂടി മറക്കാനും പൊറുക്കാനും കഴിയും. ക്ഷമയും വിട്ടുവീഴ്ചാ മനോഭാവവും ക്രിസ്തു തരും.

എന്റെ ഭാര്യയുടെ ഈ വാക്കുകൾ അനേകം മരുമക്കളുടെ അകക്കണ്ണു തുറക്കുമെന്നാണ് എന്റെ വിശ്വാസം.

വളരെ ഹൃദയസ്പർശിയായ ഒരു സംഭവ കഥ കേട്ടിട്ടുണ്ട്. വിശുദ്ധരായ ക്രൈസ്തവ സന്യാസിമാർ ഒരുമിച്ച് ഒരു ആശ്രമത്തിൽ കഴിയുകയായിരുന്നു. വളരെ വളരെ പണ്ടാണ്. ഒരു ദിവസം 2 സന്യാസിമാർ ഒരുമിച്ച് ആശ്രമത്തിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുവാൻ മാർക്കറ്റിൽ പോയി. അവർ വളരെ താമസിച്ചുപോയി അന്ന് തിരികെ വരാൻ.

ആശ്രമത്തിലുള്ള മറ്റുള്ളവർ അന്വേഷിച്ചു, എന്താണ് താമസിക്കാൻ കാരണമെന്ന്. അപ്പോൾ അവർ പറഞ്ഞു : "ഞങ്ങൾ മാർക്കറ്റിൽവെച്ച് മനുഷ്യർ വഴക്കു കൂടുന്നതു കണ്ടു. ഇതിനു മുമ്പ് കണ്ടിട്ടില്ലാത്ത ഒരു കാര്യമായതുകൊണ്ട് ഞങ്ങൾ അതു കുറെനേരം കണ്ടുനിന്നുപോയി."

"അതെങ്ങനെയാണ് വഴക്ക് കൂടുന്നത്?"

"അതു പറഞ്ഞു തരാൻ ഞങ്ങൾക്കറിയില്ല. വേണമെങ്കിൽ കാണിച്ചുതരാം."

"ശരി, കാണട്ടെ."

"നിങ്ങളിൽ ഒരാൾ ഈ മേശയുടെ ഒരു വശത്ത് നില്ക്കണം. മറ്റേയാൾ മറുവശത്തും. ഈ ബാസ്ക്കറ്റ് മേശയുടെ നടുവിൽ വെയ്ക്കുകയാണ്. ഒരാൾ പറയണം : "ആ കൊട്ട എന്റെയാണ്." അപ്പോൾ മറ്റേയാൾ പറയണം : "കൊട്ട

നിന്റെയല്ല, എന്റെയാണ്" എന്ന്. അപ്പോൾ വഴക്കുണ്ടാകും."

"ശരി, നില്ക്കൂ."

നിന്നു.

ഒരാൾ പറഞ്ഞു : "ആ കൊട്ട എന്റെയാണ്."

ഉടനെ മറ്റെയാൾ പറഞ്ഞു : "നിന്റെയാണെങ്കിൽ നീ എടുത്തു കൊള്ളൂ."

ചന്തയിൽ പോയവർ പറഞ്ഞു : "ഇങ്ങനെ പറഞ്ഞാൽ വഴക്കുണ്ടാകയില്ല. എന്റെയാണെന്ന് ഒരാൾ പറയുമ്പോൾ മറ്റേയാൾ തറപ്പിച്ചു പറയണം 'നിന്റെയല്ല, എന്റെയാണ്' എന്ന്. അപ്പോൾ വഴക്കുണ്ടാകും."

വീണ്ടും നിന്നു.

ഒരാൾ പറഞ്ഞു : "ആ കൊട്ട എന്റെയാണ്."

മറ്റേയാൾ ഉടനെ പറഞ്ഞു : "നിന്റെയാണെങ്കിൽ നീ എടുത്തോളൂ."

സ്വാഭാവികമായ പ്രതികരണം സ്നേഹമായിരുന്നു.

സ്നേഹിതാ, താങ്കളുടെ ഹൃദയം എങ്ങനെയാണ്? വിട്ടു വീഴ്ച ചെയ്യാൻ കഴിയുന്നുണ്ടോ? മാതാപിതാക്കൾ പ്രായ മായി കഴിയുമ്പോൾ മക്കൾ വേണ്ടതുപോലെ അവരെ പരി ഗണിക്കാതെ കുടുംബത്തിൽ ഛിദ്രവും ഭിന്നതയും ഉണ്ടാകു ന്നുണ്ടോ?

സഹോദരങ്ങൾ, അയൽക്കാർ തമ്മിൽത്തമ്മിൽ ഭിന്നത യിലും വൈരാഗ്യത്തിലുമാണോ? സ്നേഹിതാ, ഒരിക്കൽ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടണ്ടേ? സകല തിൻമയോടും,

പകയോടും, വിദ്വേഷത്തോടും യാത്ര പറഞ്ഞ് ഒരു പുതിയ ജീവിതം തുടങ്ങുവാൻ ക്രസ്തു നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുവിനായി നിങ്ങളുടെ ശിഷ്ടായുസ്സ് അർപ്പണം ചെയ്യുന്നുവെങ്കിൽ ഇപ്പോൾ ഹൃദയത്തിൽ പറയുക : യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ഞങ്ങൾക്ക് തന്ന സ്വർഗ്ഗീയ ആലോചനകൾക്കായി സ്തോത്രം. ഞങ്ങളെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതിനാൽ സ്തോത്രം. വചനം കേട്ട എല്ലാവരേയും അനുഗ്രഹിക്കേണമേ.

# അഞ്ച്

"സ്ത്രീയേ, നിന്റെ വിശ്വാസം വലിയത് ; നിന്റെ ഇഷ്ടംപോലെ നിനക്ക് ഭവിക്കട്ടെ."

മത്തായി 15:28

ബാംഗ്ലൂരിനപ്പുറം ഹൈദരാബാദിനടുത്തുള്ള നാഷണൽ പാർക്കിൽ വെച്ചുണ്ടായ ഒരത്യാഹിത സംഭവം പത്രത്തിൽ വായിക്കുകയുണ്ടായി. വന്യമൃഗങ്ങളെ അടുത്ത് കാണുന്നതിനുള്ള കവചിത വാഹനങ്ങളിൽ ടൂറിസ്റ്റുകൾ അവിടെ വരാറുണ്ട്. വനത്തിലൂടെ വിഹരിച്ചു നടക്കുന്ന ഹിംസ്രമൃഗങ്ങളെ പ്രകൃതിയുടെ തനിമയിലും സ്വാഭാവികതയിലും കാണാൻ പറ്റുന്ന നല്ല സൗകര്യമാണ് ആ വന്യമൃഗ സങ്കേതം.

അവിടെ ഒരുനാൾ ഒരുപറ്റം ടൂറിസ്റ്റുകൾ എത്തി. അവർ അവരുടെ കവചിത വാഹനത്തിലിരുന്ന് വനത്തിലൂടെ യാത്ര ചെയ്തുകൊണ്ടിരുന്നു. ഒരു കൂട്ടം കടുവകൾ വിഹരിച്ചു നടക്കുന്നത് അവർ കണ്ടു.

കുട്ടികൾ ബസ്സിലിരുന്ന് ആർത്തുവിളിച്ചു. ആറോ, ഏഴോ വയസ്സുള്ള ഒരാൺകുട്ടി മുത്തച്ഛന്റെ മടിയിലിരുന്ന് ആർത്ത്

രസിച്ച് കടുവകളെ കാണുകയായിരുന്നു.

പെട്ടെന്നാണ് അത് സംഭവിച്ചത്. ഒരു കടുവ ചാടി ഒരടി, ബസ്സിന്റെ സൈഡ്ഗ്ലാസ്സിൽ! നിമിഷങ്ങൾക്കുള്ളിൽ ആ കുട്ടിയെ കടിച്ചുപിടിച്ചുകൊണ്ട് കടുവ ചാടിയിറങ്ങി നടന്നു നീങ്ങി. കുട്ടി കടുവയുടെ വായിൽ കിടന്നു ഞെരിഞ്ഞു പുളഞ്ഞുകൊണ്ട് ദീനദീനം മുത്തച്ഛനെ വിളിച്ചു. ആർക്കു രക്ഷിക്കാൻ കഴിയും? കൂട്ടക്കരച്ചിൽ മാത്രം. എല്ലാവരും വീർപ്പിടക്കിനിൽക്കെ കടുവ കുട്ടിയെയുംകൊണ്ട് കാട്ടിൽ മറഞ്ഞു. പിന്നെയും കുറെ നേരത്തേക്കുകൂടി ആ കുട്ടിയുടെ നിലവിളിയും പിന്നെ ഞരക്കവും കേൾക്കാമായിരുന്നു.

കടുവയുടെ വായിലകപ്പെട്ട കുട്ടിയെപ്പോലെ അനേകർ ഇന്ന് ദുഷ്ടസിംഹമായ പൈശാചികന്റെ പിടിയിൽ അകപ്പെട്ടിരിക്കയാണ്. രക്ഷപ്പെടണമെന്നുണ്ട്. പക്ഷെ സാധിക്കുന്നില്ല. ചില പാപങ്ങൾ മൂലം, ദുശ്ശീലങ്ങൾ മൂലം, ദുഷ്പരിചയങ്ങൾ മൂലം അവരെ സാത്താൻ കടിച്ചുപിടിച്ച് ഞെരിച്ചുകൊണ്ടിരിക്കയാണ്. ആരോടും തുറന്നു പറയാനറയ്ക്കുന്ന ചില പാപങ്ങളുടെ ഊരാക്കുരുക്കിൽപെട്ട് സാത്താന്റെ അടിമത്തത്തിൽ വീർപ്പുമുട്ടുന്ന എത്രയോ ആളുകൾ ഉണ്ട്.

പട്ടണത്തിലേയ്ക്കും പാപിയായ സ്ത്രീ അവളുടെ മ്ലേച്ഛമായ ജീവിതം മൂലം സാത്താനിടം കൊടുത്ത് ഏഴു ഭൂതങ്ങൾക്ക് അടിമപ്പെട്ടിരുന്നു. അവളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ക്രിസ്തുവിന്റെ സന്നിധിയിൽ ഉള്ളു തുറന്നപ്പോൾ അവളിൽനിന്ന് ദുർഭൂതങ്ങൾ വിട്ടുപോയി. വി. ലൂക്കോസ് 7-ാം അദ്ധ്യായം 36 മുതൽ 51 വരെ വാക്യങ്ങളും 8-ാം അദ്ധ്യായം 1-3 വാക്യങ്ങളും ചേർത്ത് വായിക്കുമ്പോൾ അത് മനസ്സിലാകും.

ഭൂതബാധ മൂലം സമാധാനം നഷ്ടപ്പെട്ട മൂന്നു കുടുംബ ങ്ങളുടെ വസ്തുത തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വി. മർക്കോസ് 5-ാം അദ്ധ്യായത്തിൽ കാണുന്ന ഗദരദേ ശത്തെ ഭൂതഗ്രസ്തനാണ് ഒന്ന്. അവൻ കരുത്തനും നിഷ്ഠൂ രനുമായിരുന്നു. അവൻ കൂകിവിളിച്ചുകൊണ്ട് കല്ലറകളിൽ കഴിഞ്ഞിരുന്നു. അവന് നഗ്നതയെക്കുറിച്ച് ബോധമില്ലായിരു ന്നു. അതുകൊണ്ട് അവൻ വസ്ത്രം ധരിച്ചിരുന്നില്ല. തന്ന ത്താൻ കല്ലുകൊണ്ട് ചതച്ചുപോന്നു. അവനെ അടക്കുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല. അവന്റെ കുടുംബം നരകദുരിത ത്തിലായി. അവന്റെ ഭാര്യയും കുഞ്ഞുങ്ങളും രാവും പകലും ഭീതിയിലും നിരാശയിലും ആയിരുന്നു.

യേശു അവനെ കണ്ട് കല്പിച്ചു : "അശുദ്ധാത്മാവേ, ഈ മനുഷ്യനെ വിട്ടു പുറപ്പെട്ടു പോക."

ലെഗ്യോൻ - ആറായിരം - ഭുതങ്ങൾ വസിച്ചിരുന്ന ആ മനുഷ്യൻ സുബോധമുള്ളവനായി. അവൻ സുബോധത്തോടെ ആൾമാറിയവനായി ഭവനത്തിലെത്തി. ഭാര്യയോടും മക്ക ളോടും യേശു ചെയ്തതെന്തെന്ന് വിവരിച്ച്, അവരൊരുമിച്ച് സർവ്വശ്ക്തനായ ദൈവത്തെ സ്തുതിച്ചു.

വി. മത്തായിയുടെ സുവിശേഷം 15-ാം അദ്ധ്യായത്തിന്റെ 21 മുതൽ 28 വരെ വായിക്കുമ്പോൾ ഒരു പെൺകുട്ടി ഭൂത ബാധയാൽ വലഞ്ഞിരുന്നു എന്നു കാണുന്നു. അവൾ യേശു വിന്റെ അടുക്കൽ വരാൻ സുബോധമുള്ളവളായിരുന്നില്ല.

അവളുടെ അമ്മ യേശുവിന്റെ അരികത്ത് വന്ന് നിലവി ളിച്ചു : "എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു."

യേശുവേ, കരുണ ചെയ്യണം എന്ന് അവൾ മുട്ടിപ്പായി യാചിച്ചുകൊണ്ടിരുന്നു. അവൾക്ക് ക്രിസ്തുവിലുള്ള

വിശ്വാസം കണ്ടപ്പോൾ ക്രിസ്തു പറഞ്ഞു : "സ്ത്രീയേ നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടംപോലെ നിനക്ക് ഭവിക്കട്ടെ.

ആ നിമിഷം മുതൽ അവൾ സൗഖ്യമായി. ഭൂതബാധ മാറി.

മൂന്നാമത്തെ സംഭവം വി. മത്തായി 17ന്റെ 14 മുതൽ വായിക്കുമ്പോൾ കാണാം. ഒരു മനുഷ്യൻ വന്ന് തന്റെ മകന്റെ ഭൂതബാധയെക്കുറിച്ച് ക്രിസ്തുവിനെ ബോധിപ്പിക്കുന്നു. ആ ഭൂതം, ആ ബാലനെ പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിടാറുണ്ട്. ചിലപ്പോൾ പെട്ടെന്ന് ബോധരഹിതനായി അവൻ താഴെ വീഴും. നിലത്തു കിടന്ന് ഉരുളുകയും പിടയ്ക്കുകയും ചെയ്യും. വായിൽനിന്ന് നുരയും പതയും വരും. ഈ ദയനീയസ്ഥിതിയിൽ മനസ്സലിയണമേ എന്ന് ആ മനുഷ്യൻ മകനുവേണ്ടി ക്രിസ്തുവിനോടപേക്ഷിച്ചു. ക്രിസ്തു മനസ്സലിഞ്ഞു. യേശു ഭൂതത്തെ ശാസിച്ചു. ബാലനെ സൗഖ്യമാക്കി.

സ്നേഹിതാ, ഇതുപോലുള്ള യാതനയിൽ വലയുന്ന ആരെങ്കിലും താങ്കളുടെ കുടുംബത്തിലുണ്ടോ? താങ്കൾ ഇന്ന് സാത്താന്റെ വലയിൽ പെട്ടിരിക്കുകയാണോ? പിശാചിന്റെ പ്രവൃത്തികളെ ഒക്കെയും അഴിപ്പാൻ പ്രത്യക്ഷനായ കർത്താവായ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു. താങ്കൾക്കും താങ്കളുടെ കുടുംബത്തിനും യേശു ഭൂതബാധ മാറ്റും. സമാധാനം നൽകും.

ഭൂതബാധമൂലം സുബോധം നഷ്ടപ്പെട്ട് വളരെക്കാലം തൃശ്ശൂർ മെന്റൽ ഹോസ്പിറ്റലിലായിരുന്ന ആറൂർ മേരിഗിരി പ്പള്ളിയുടെ സമീപത്ത് താമസിക്കുന്ന ശ്രീ. കുര്യാക്കോസിന് കർത്താവ് സുബോധം കൊടുത്ത്, ഭൂതബാധയകറ്റി, ശാന്തിയും

സൗഖ്യവും നൽകിയ സംഭവം ക്രിസ്തു ഇന്നും പ്രവർത്തിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ്. ഇന്ന് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ കുടുംബമായി വളരെ ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന ശ്രീ കുര്യക്കോസിന്റെ ജീവിതത്തിൽ സംഭവിച്ച അത്ഭുതങ്ങളെക്കുറിച്ച് നമുക്കിപ്പോൾ മനസ്സിലാക്കാം.

ഞാൻ ഒരു പാവപ്പെട്ട യാക്കോബായ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. കൂലിപ്പണിയെടുത്താണ് ഞങ്ങൾ ജീവിച്ചിരുന്നത്. ഞാനും ഭാര്യയും കൂലിപ്പണിക്ക് പോകും. പിള്ളേര് മൂന്നുപേരും സ്കൂളിലും പോകും.

ഒരു ദിവസം ഞാൻ അടുത്തൊരു വീട്ടിൽ കൂലിപ്പണി ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു പ്രത്യേക കാരണം കൂടാതെ എനിക്കെന്തോ പ്രയാസമുണ്ടായി. ഞാൻ സുബോധമില്ലാതെ, എന്തോ ഒക്കെ വിളിച്ചു പറയുകയും ഒച്ചപ്പാടുണ്ടാക്കുകയും ചെയ്തു. എന്റെ അപ്പനും അനുജനും ഭ്രാന്തുണ്ടായിരുന്നു. എനിക്കും ഭ്രാന്താണ് എന്ന് ആ വീട്ടിൽ എന്റെ കൂടെ ജോലിചെയ്തുകൊണ്ടിരുന്നവർ പറയുന്നതു കേട്ടു.

വീട്ടുകാരനും ജോലിക്കാരനും കൂടെ എന്നെ ബലം പ്രയോഗിച്ച് ഒരു ടാക്സിയിൽ കയറ്റി തൃശ്ശൂർ ഭ്രാന്താശുപത്രിയിൽ കൊണ്ടുപോയി അഡ്മിറ്റ് ചെയ്തു.

കുറെക്കാലം എന്നെ അവിടെ കിടത്തി ചികിത്സിച്ചു. ഒട്ടെറെ മരുന്നുകൾ തന്നു. അത് ഫലപ്പെടുന്നില്ലെന്ന് കണ്ടപ്പോൾ എന്നെ പല ദിവസം കറന്റ് അടിപ്പിച്ചു. ഒടുവിൽ അവർ മടുത്ത് കഴിക്കാൻ കുറച്ച് ഗുളികകളും തന്ന് എന്നെ വീട്ടിൽനിന്ന് വന്നവരുടെ കൂടെ പറഞ്ഞുവിട്ടു.

എന്നെ ആസ്പത്രിയിലാക്കിയതിനുശേഷം എന്റെ ഭാര്യ

ഈ ഫെല്ലോഷിപ്പിന്റെ ഒരു കൺവൻഷന് സംബന്ധിച്ചു. കോലഞ്ചേരിയിൽ നടക്കുന്ന കൺവൻഷനിലേക്ക് ഞങ്ങളുടെ വീടിനടുത്തുള്ള ഒരു ദൈവദാസൻ നോട്ടീസ് തന്ന് ക്ഷണിച്ചതുകൊണ്ടാണ് അവൾ പോയത്. അന്ന് അവൾ ജീവിതം കർത്താവിന് സമർപ്പിച്ചു. നിരാശ മുഴുത്ത് ആത്മഹത്യ ചെയ്യാൻ നോക്കിയവളാണ് എന്റെ ഭാര്യ. ഞാൻ രോഗിയായി ആസ്പത്രിയിൽ. മക്കൾ മൂന്നുപേരും വയറു നിറയെ ആഹാരം കഴിക്കാൻ മാർഗ്ഗമില്ലാതെ ദാരിദ്ര്യത്തിൽ. അവളൊരാൾ പണിക്കു പോയാൽ എന്തു കിട്ടും? പാവം, അന്ന് അവളുടെ ഹൃദയത്തെ കർത്താവു തൊട്ടു. അവളുടെ നിരാശ മാറി. പുതിയ സമാധാനത്തോടെ അവൾ മടങ്ങിയെത്തി.

ഞാൻ ഹോസ്പിറ്റലിൽനിന്ന് വന്നശേഷം അവൾ സ്നേഹത്തോടെ നിർബന്ധിച്ച് സാറിന്റെ വീട്ടിൽ നടക്കുന്ന യോഗത്തിൽ എന്നെ കൊണ്ടുപോയി. പിന്നീട് തുടരെ ഞാൻ ആ യോഗങ്ങളിൽ സംബന്ധിച്ചു. വലിയോരത്ഭുതം കർത്താവ് എന്നിൽ പ്രവർത്തിച്ചു. എന്റെ മാനസികരോഗം നിശ്ശേഷം മാറി. ഇപ്പോൾ കഴിഞ്ഞ പതിന്നാലു വർഷമായി ഞാൻ ഒരു ഗുളികയും കഴിക്കാതെ സുഖമായി കഴിയുകയാണ്.

ഇന്ന് പൂർണ്ണ സമാധാനത്തോടെ ജീവിക്കുകയാണ്. പട്ടിണിയും ദുരിതവും കർത്താവ് മാറ്റി. എന്റെ മക്കൾ മൂവാറ്റുപുഴയിൽ ഒരു ഡെന്റൽ ലാബ് നടത്തുന്നുണ്ട്. അൻപതിലേറെ ആളുകൾക്ക് പരിശീലനവും ജോലിയും കൊടുത്ത് അവർ ആ ലാബ് വളരെ ഐശ്വര്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

എന്നാൽ അതിനേക്കാളേറെ വലിയ കാര്യം കർത്താവ് എന്റെ ജീവിതത്തിൽ ചെയ്തു. എന്റെ എണ്ണിയാൽ തീരാത്ത

പാപവും ശാപവും കർത്താവ് മാറ്റിത്തന്നു. ആഴത്തിൽ ശുദ്ധീകരണം അനുഭവിക്കാൻ കർത്താവ് കൃപ തന്നുകൊണ്ടിരിക്കുന്നു. ദിനംപ്രതി പാപബോധവും കുറ്റബോധവും തന്ന് ആഴമേറിയ അനുഭവങ്ങളിലേക്ക് കർത്താവ് എന്നെ നടത്തിക്കൊണ്ടിരിക്കുന്നു.

ദൈവം കുരിയാക്കോസിന്റെ ജീവിതത്തിൽ സുബോധം നൽകിയിരിക്കുന്നു. ആ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഇപ്പോൾ നിങ്ങൾ സ്വീകരിക്കുമോ?

എങ്കിൽ പ്രാർത്ഥിക്കുക : കർത്താവേ, ഞാൻ പുറമേ സുബോധമുള്ളവനെങ്കിലും എന്റെ ഹൃദയത്തിൽ അനേകം ഭൂതങ്ങൾ ഉണ്ട്. കാരണം ഇന്ന് അനേകം പാപങ്ങൾ എന്നിൽവരുന്നു. നാഥാ, മനസ്സലിഞ്ഞ് എന്നിലെ ദുരാത്മാക്കളെ അവിടുത്തെ ക്രൂശിലെ രക്തത്താൽ ശാസിച്ചകറ്റി എന്നെ നിന്റെ സ്വന്തമാക്കിത്തീർക്കണമേ. ഇന്നു മുതൽ ഞാൻ ഒരു പുതിയ ജീവിതം നയിക്കുമെന്ന് ഞാനിതാ ഏറ്റു പറയുന്നു. എന്നോട് മനസ്സലിയണമേ.

## ആറ്

"ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിന്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു."
ലൂക്കോസ് 19 : 42

സമാധാനത്തെക്കുറിച്ചാണല്ലോ നാം ചിന്തിച്ചു കൊണ്ടിരുന്നത്. Peace of God – ദൈവത്തിന്റെ സമാധാനം പ്രാപിക്കണമെങ്കിൽ Peace with God – ദൈവത്തോടു സമാധാനവും Peace with all – എല്ലാവരോടും സമാധാനവും പ്രാപിക്കണമെന്ന് നാം കണ്ടു കഴിഞ്ഞു.

സമാധാനത്തെ നശിപ്പിക്കുന്ന സാത്താന്റെയും അവന്റെ ഭൂതാത്മാക്കളുടെയും ബാധയെപ്പറ്റിയും, എന്നാൽ അവയിൽ നിന്ന് മോചനം നൽകുന്ന ക്രിസ്തുവിന്റെ അത്ഭുത കൃപയെക്കുറിച്ചും നാം ചിന്തിച്ചു. ഈ ദിവ്യ സമാധാനം പ്രാപിക്കാൻ ദൈവം നമുക്കൊരുക്കുന്ന സമയം നാം നഷ്ടപ്പെടുത്തരുത് എന്ന സ്വർഗ്ഗീയ നിർദ്ദേശത്തെപ്പറ്റി നമുക്ക് ഇനിയും

ചിന്തിക്കാം. അതിനാധാരമായി ലൂക്കോസ് 19ന്റെ 42-ാം വാക്യം നമുക്കു നോക്കാം.

"ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു." യേശുക്രിസ്തു ഇത് പറയുന്നത് കരഞ്ഞുകൊണ്ടാണ്. കരയാൻ കാരണം സമാധാനം പടിവാതില്ക്കലെത്തി കെഞ്ചി നിന്നിട്ടും സമാധാനത്തെ മനുഷ്യൻ അവഗണിക്കുന്നുവല്ലോ എന്ന വേദനകൊണ്ടാണ്. യെരുശലേം നഗരത്തെ നോക്കിയാണ് യേശു കരഞ്ഞത്. മൂന്നര വർഷം സാക്ഷാൽ രക്ഷകന്റെ വചനമാകുന്ന അമൃതധാര ലഭിച്ചിട്ടും അതിന്റെ വില അറിയാതെ യെരുശലേം നഗരം അതിനെ തള്ളിക്കളഞ്ഞല്ലോ എന്ന വേദനകൊണ്ടാണ് യേശു കരഞ്ഞത്. സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങി വന്നിട്ടും അന്നത്തെ മനുഷ്യൻ സ്വർഗ്ഗ സൗഭാഗ്യത്തെ തിരസ്ക്കരിച്ചല്ലോ എന്ന വേദനകൊണ്ടാണ് യേശു കരഞ്ഞത്.

വോൾട്ടയർ മരണശയ്യയിൽ കിടക്കുകയായിരുന്നു. നിരീശ്വര ചിന്തകനും താത്വികാചാര്യനുമായിരുന്നു വോൾട്ടയർ. അനേകം ശിഷ്യൻമാരും അനുയായികളും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ മരണത്തോടടുത്തപ്പോൾ തീർത്തും നിരാശനായി. നിരീശ്വര വിശ്വാസം അബദ്ധമായിപ്പോയി എന്ന് അദ്ദേഹം ഗ്രഹിച്ചു.

ശുശ്രൂഷിച്ച ഡോക്ടറോട് അദ്ദേഹം കെഞ്ചി, "എനിക്കൊരു ആറുമാസം കൂടി ആയുസ്സ് കിട്ടുമോ" "ഇല്ല. മെഡിക്കൽ സയൻസ് പറയുന്നത് ആറാഴ്ച പോലും നിങ്ങൾ ജീവിച്ചിരിക്കുകയില്ല എന്നാണ്. എന്തിനാണ് 6 മാസം ആയുസ്സ് കിട്ടണമെന്നാഗ്രഹിച്ചത്?"

വോൾട്ടയർ പറഞ്ഞു : "ക്രിസ്തു ദൈവമാണെന്നും സകലരും ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കണമെന്നും

ലോകത്തെ ഒന്ന് അറിയിക്കാൻ.

"സ്നേഹിതാ, നിങ്ങൾ വളരെ വൈകിപ്പോയി." ഡോക്ടറുടെ മറുപടി വോൾട്ടയറെ വീണ്ടും നിരാശയിലാഴ്ത്തി.

അദ്ദേഹത്തിന്റെ മരണക്കിടക്കയ്ക്കരികിൽ നിന്ന ശിഷ്യൻമാരോട് അദ്ദേഹം പറഞ്ഞു : "ക്രിസ്തു വിശ്വാസിയായ ഒരു ആത്മീയ ഗുരുവിനെ ഒന്ന് കൊണ്ടുവരാമോ എനിക്കു വേണ്ടി പ്രാർത്ഥിപ്പാൻ?"

അവർ പോയില്ല.

കടുത്ത നിരാശയോടെ അദ്ദേഹം പറഞ്ഞു : "ദൈവം എന്നെ ഉപേക്ഷിച്ചു, നിങ്ങളും എന്നെ ഉപേക്ഷിച്ചല്ലോ." മരണത്തോട് അടുത്തുകൊണ്ടിരുന്നു ആ വിശ്രുത ചിന്തകൻ, ഇടയ്ക്ക് ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം ചുറ്റും നിന്നവരെ മാറിമാറി നോക്കി, വിതുമ്പിക്കരഞ്ഞുകൊണ്ട് പറഞ്ഞു : "അയ്യോ, ഞാൻ നരകത്തീയിലേക്ക് താണു താണു പോകുന്നല്ലോ, എന്നെ ഇതിൽ നിന്ന് രക്ഷിക്കാൻ ആരുമില്ലല്ലോ." ("Oh! I am sinking deep, deep into the fire of hell. Who can rescue me from this fire of hell?")

സ്നേഹിതരേ, നല്ല ആരോഗ്യമുള്ള ആയുഷ്ക്കാലം ക്രിസ്തുവിനെ നിന്ദിച്ചും പരിഹസിച്ചും എതിർത്തും കഴിഞ്ഞു. മരണക്കിടക്കയിൽ പ്രത്യാശയിലേക്ക് വരാൻ കഴിഞ്ഞില്ല. സമാധാനത്തിനുള്ളത് നേടേണ്ട സമയത്ത് നേടിയെടുക്കാൻ കഴിഞ്ഞില്ല. മാന്യ സഹോദരാ, നിങ്ങൾക്ക് ജീവന്റെ വചനം കിട്ടുന്ന സമയം അത് ചെവിക്കൊള്ളാതെ നിങ്ങൾ സമയങ്ങളും കാലങ്ങളും നഷ്ടപ്പെടുത്തുകയാണോ?

കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിച്ച് ഒരു പുതിയ സമാധാനം നൽകാം എന്ന് പറഞ്ഞ് നിങ്ങളുടെ ഹൃദയ

ത്തിൽ മുട്ടിക്കൊണ്ടിരിക്കുന്ന യേശുക്രിസ്തുവിനെ ഇന്നും നിങ്ങൾ തള്ളിക്കളയുകയാണോ?

അപ്പോസ്തലനായ പൗലോസ് പറയുന്നു,

"ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇപ്പോഴാകുന്നു രക്ഷാദിവസം." 2 കൊരിന്ത്യർ 6 : 2

"പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരമരുളി, രക്ഷാ ദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു." 2 കൊരിന്ത്യർ 6 : 2, യെശയ്യാ 49 : 8

"മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലം വാദിച്ചുകൊണ്ടിരിക്കയില്ല" എന്ന് നിത്യനായ ദൈവം അരുളിച്ചെയ്യുന്നു. ഉല്പത്തി 6 : 3

ഇംഗ്ലീഷ് വേദപുസ്തകത്തിൽ ആ ഭാഗം ഇങ്ങനെയാണ്. "My spirit must not for ever be disgraced in man. Wholly evil as he is. I will give him 120 years to mend his ways."

"മനുഷ്യനിൽ എന്റെ ആത്മാവ് എന്നും അപമാനിക്കപ്പെടാൻ പാടില്ല. മുഴുവനും തിൻമ തന്നെയാണ് മനുഷ്യൻ. അവന്റെ വഴികളെ ശരിയാക്കുവാൻ ഞാൻ 120 വർഷം അവന് നൽകുകയാണ്."

നോഹയുടെ കാലത്താണ് ദൈവം ഇങ്ങനെ അരുളിച്ചെയ്തത്. നോഹ ദൈവവചനം വിശ്വസിച്ച് അനുസരിച്ച് പെട്ടകം പണിതു. പെട്ടകത്തിന്റെ വാതിൽ തുറന്നിട്ടുകൊണ്ട്, "അതിവേഗം പെട്ടകത്തിൽ കയറി രക്ഷപ്പെട്ടുകൊൾവിൻ. ഇതാ, വലിയൊരു ജലപ്രളയം വരാൻ പോകുന്നു" എന്ന് നോഹ ജനത്തെ ആഹ്വാനം ചെയ്തു. പെട്ടകത്തിൽ അല്പജനം

ഒഴികെ ആരും കയറിയില്ല.

അതുവരെ മഴ കണ്ടിട്ടില്ലാത്ത ജനം മഴ പെയ്യുമെന്നും പ്രളയം വരുമെന്നും പറഞ്ഞു കേട്ടപ്പോൾ വിശ്വസിച്ചില്ല. ജലപ്രളയം വന്നുകഴിഞ്ഞപ്പോൾ മാത്രമാണ് എല്ലാവരും അമ്പരപ്പിലായത്. അവർ പെട്ടകത്തിന്റെ അരികിൽ രക്ഷയ്ക്കായി പാഞ്ഞെത്തി കേണു. പക്ഷേ അപ്പോഴെക്കും പെട്ടകത്തിന്റെ വാതിൽ അടച്ചു കഴിഞ്ഞിരുന്നു.

"ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവന്റെ" കരം വന്ന് വാതിൽ അടച്ചു കഴിഞ്ഞിരുന്നു. എല്ലാവരും ദൈവീക ന്യായവിധിയിൽ നശിച്ചുപോയി.

ഇന്നും ക്രിസ്തു തന്റെ തുറക്കപ്പെട്ട തിരുഹൃദയം കാണിച്ചുകൊണ്ട് ഏവരെയും ക്ഷണിക്കുകയാണ്. ഇന്ന് കൃപാസനത്തിലിരിക്കുന്ന ക്രിസ്തു ന്യായാസനത്തിലിരിക്കുന്ന ഒരു നാളുണ്ട്. അന്ന് നിരാശരാകാതിരിപ്പാൻ ഇന്നുതന്നെ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് നിത്യജീവൻ പ്രാപിക്കുവിൻ. ഒരു നിമിഷം നഷ്ടപ്പെടുത്തരുതേ.

ലൂക്കോസ് 16 ൽ കാണുന്ന ലാസറിന്റെയും ധനവാന്റെയും സംഭവത്തിൽ ധനവാൻ മരിച്ച് അടക്കപ്പെട്ടു എന്ന് നാം വായിക്കുന്നു. നല്ല ശവസംസ്ക്കാരമെല്ലാം ലഭിച്ചെങ്കിലും ആത്മാവ് പാതാളത്തിൽ യാതന അനുഭവിക്കുകയാണ്. അവൻ മേലോട്ടു നോക്കി യാചിക്കുന്നുണ്ടെങ്കിലും സമയം വൈകിപ്പോയി.

ഒരു ഊണിന് ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവ് പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ച് കണ്ണുനീരോടെ അപേക്ഷിച്ചുവെങ്കിലും തള്ളപ്പെട്ടു, നിരാശ

നായി എന്ന് എബ്രായർ 12 : 16 ൽ വായിക്കുന്നു.

“ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു.” സമാധാനം, നിത്യ ശാന്തി തരുവാൻ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു.

പ്രിയ സഹോദരാ, ക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ വിളി നിങ്ങൾ ശ്രദ്ധിക്കുമോ? എങ്കിൽ ഓടിവരുവിൻ. കൃപ യുടെ പെട്ടകമായ ക്രിസ്തുവിനെ സ്വീകരിപ്പിൻ. അതിനു ദൈവം നിങ്ങളെ സഹായിക്കട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള ദൈവമേ സകല ബുദ്ധിയേയും കവി യുന്ന ദൈവസമാധാനം ഞങ്ങൾക്ക് നൽകണമേ, നിന്നെ കൈക്കൊണ്ട് ഇഹത്തിലും പരത്തിലും സമാധാനം അനുഭ വിപ്പാൻ ഞങ്ങളെ നീ സഹായിക്കേണമേ.

# ഏഴ്

"അവൻ എഴുന്നേറ്റ് കാറ്റിനെ ശാസിച്ചു. കടലിനോട് : അനങ്ങാതിരിക്ക ; അടങ്ങുക എന്ന് പറഞ്ഞു. കാറ്റ് അമർന്നു, വലിയ ശാന്തതയുണ്ടായി."
മർക്കോസ് 4 : 39

കൊടുങ്കാറ്റുകൊണ്ട് വലയുന്ന മാന്യ സഹോദരാ, കടൽ ഇളകി മറിയുന്നതുപോലെ താങ്കളുടെ ഹൃദയം കലങ്ങി മറിയുകയാണോ? കൊടിയ തിരമാലകൾ താങ്കളുടെ ഹൃദയത്തിൽ അലറിക്കുതിച്ച് ഇളകി മറിയുകയാണോ? താങ്കളുടെ ജീവിതപ്പടക് ആടിയുലയുകയാണോ? ശാന്തത ലഭിക്കാതെ താങ്കളിന്ന് കരകാണാക്കടലിലെ ഓളങ്ങളിൽ മുങ്ങിപ്പോകാറായ സ്ഥിതിയിലാണോ?

എങ്കിൽ ക്രിസ്തുവിനോട് അപേക്ഷിക്കൂ. ക്രിസ്തു കാറ്റിനെയും കടലിനെയും ശാസിക്കും. വിരുദ്ധ ശക്തികളെ അമർച്ചചെയ്യാൻ മതിയായവനാണ് ക്രിസ്തു. പ്രകൃതിശക്തികളെ ചൊല്പടിക്ക് നിറുത്തുന്ന അത്ഭുത പുരുഷനത്രേ ക്രിസ്തു. ഓളങ്ങളേയും തിരമാലകളേയും അമർച്ച വരു

ത്താൻ അധികാരമുള്ള ദൈവപുത്രനാണ് ക്രിസ്തു.

"കാറ്റ് അമർന്നു ; വലിയ ശാന്തത ഉണ്ടായി."

ഭർത്താവിന്റെ ആകസ്മികമായ മരണം, അല്ലെങ്കിൽ ഭാര്യയുടെ പെട്ടെന്നുള്ള അപകട മരണം ; അല്ലെങ്കിൽ കടഭാരങ്ങളുടെ വീർപ്പുമുട്ടൽ ; ബിസിനസ്സിന്റെ അവിചാരിതമായ തകർച്ച ; പരീക്ഷയിലെ അപ്രതീക്ഷിതമായ തോൽവി ; മക്കൾ അനുസരണത്തിൽ നിൽക്കാതെ മദ്യത്തിനോ മയക്കുമരുന്നിനോ ഹീനമായ കൂട്ടുകെട്ടുകൾക്കോ വഴിപ്പെട്ട് സുബോധം കെട്ടവരെപ്പോലെ ആയിത്തീരുന്നു ; കൈയെത്തിപ്പിടിക്കാറായ ജോലി നിനച്ചിരിക്കാതെ നഷ്ടപ്പെടുന്നു ; കിട്ടിക്കൊണ്ടിരുന്ന വരുമാനത്തിന്റെ വഴികൾ അപ്രതീക്ഷിതമായി അടയുന്നു ; ഭാര്യയ്ക്കോ ഭർത്താവിനോ ചില ദുസ്സംശയങ്ങളും തെറ്റിദ്ധാരണകളും ഹൃദയത്തിൽ കടന്നുകൂടി പരസ്പര സ്നേഹം നഷ്ടപ്പെടുന്നു ; ഓഫീസിലോ പ്രവർത്തന രംഗത്തോ കടുത്ത കിടമത്സരമോ തൊഴുത്തിൽ കുത്തോ നേരിടുന്നു ; ആറ്റുനോറ്റു വിവാഹം കഴിച്ചു വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു പിഞ്ചോമനയെ കിട്ടാതെ ദു:ഖത്തിലും നിരാശയിലുമലയുന്നു എന്നിങ്ങനെ ഒന്നോ അതിലധികമോ ചുഴലിക്കാറ്റുകൾ ആഞ്ഞടിച്ച് ജീവിതക്കപ്പൽ തകർന്നുലഞ്ഞ് കരകാണാക്കടലിലൂടെ അലഞ്ഞുതിരിയുന്നവർ ആരെല്ലാം ഇന്ന് ഈ വചനം കേൾക്കുന്നുണ്ട്?

സ്നേഹിതാ, പ്രിയ സഹോദരീ, ക്രിസ്തുവിനെ ജീവിത പടകിലേയ്ക്ക് ക്ഷണിക്കൂ. അവൻ നിന്റെ ഹൃദയത്തിലുണ്ടെങ്കിൽ അവൻ നിനക്കുവേണ്ടി കരുതും.

"അവൻ നിങ്ങൾക്കായി കരുതുന്നതാകായാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ." 1. പത്രോസ് 5:7

പ്രകൃതിശക്തിയെ ക്രിസ്തു ശാസിച്ചു. പലരും ഇന്ന് ഗ്രഹനിലയും ദശാന്ത്യവും പറയുന്ന ജ്യോതിഷക്കണക്കുകളിലേക്കും ജാതകങ്ങളിലേക്കും നോക്കി നെടുവീർപ്പിടുകയാണ്.

"കണ്ടകശ്ശനി കൊണ്ടേ പോകൂ" എന്ന് പറഞ്ഞ്, ശനിദശയാണല്ലോ എന്നോർത്ത്, ഭയപ്പാടിൽ കഴിയുന്ന ആളുകളുണ്ട്. രാഹുവിന്റെ അപഹാരകാലമാണിത് എന്ന് പറഞ്ഞ് കേഴുന്ന ആളുകളുണ്ട്. ആദിത്യദശയുടെ എരിപൊരിസഞ്ചാരവും കേതൂർദ്ദശയുടെ ഭീകരമായ സ്വാധീനവും ഭയന്ന് നാളുകൾ എണ്ണിക്കഴിയുന്നവരുണ്ട്.

പ്രിയ സ്നേഹിതാ, നിങ്ങളുടെ ജീവിതത്തിൽ നീതിസൂര്യനായ ക്രിസ്തു വന്ന് ഉദിച്ചാൽ ഒരു നക്ഷത്രവും നക്ഷത്രഫലവും നിങ്ങൾക്ക് ഒരു ഉപദ്രവവും ഉണ്ടാക്കുകയില്ല. ഒരു കൈവിഷവും നിന്നെ തൊടുകയില്ല.

"ഒരു ബാധയും നിന്നോട് അടുക്കയില്ല."

> "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല." സങ്കീ. 121 : 6

> "ആഭിചാരം യാക്കോബിന് പറ്റുകയില്ല. ലക്ഷണവിദ്യ യിസ്രായേലിനോട് ഫലിക്കയുമില്ല."
> സംഖ്യാപുസ്തകം 23 : 23

മറ്റുള്ളവർ താങ്കൾക്കെതിരായി ചെയ്തു എന്ന് കരുതുന്ന മന്ത്രവാദം, ക്ഷുദ്രപ്രയോഗം, കൂടോത്രം, കൈവിഷം – ഒന്നും താങ്കളെ തൊടുകയില്ല.

പക്ഷേ ഒരു വ്യവസ്ഥ മാത്രം. "യാക്കോബിൽ തിൻമ കാണ്മാനില്ല. യിസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല. അവന്റെ

ദൈവമായ യഹോവ അവനോടുകൂടെ ഇരിക്കുന്നു." എന്ന് സംഖ്യാപുസ്തകം 23 : 21–ൽ പറയുന്ന പ്രകാരം നാം പാപം വിട്ടൊഴിഞ്ഞ് നിൽക്കണമെന്ന് മാത്രം.

രഹസ്യങ്ങൾ കാണുന്ന ദൈവം വ്യസനിക്കാനിടവരാതെ വിശുദ്ധിയോടെ നിൽക്കാൻ കഴിയുമോ?

> "അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും, നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതി വരും, നിന്റെ നീതി നിനക്കു മുമ്പായി നടക്കും. യഹോവയുടെ മഹത്വം നിന്റെ പിമ്പട യായിരിക്കും. അപ്പോൾ നീ വിളിക്കും, യഹോവ ഉത്തരം അരുളും. നീ നിലവിളിക്കും; ഞാൻ വരുന്നു എന്ന് അവൻ അരുളിച്ചെയ്യും..........."
>
> യെശയ്യാ 58 : 8 – 9

ജീവിതത്തിൽ കടുത്ത നിരാശയും ദു:ഖവുമായി ജീവി തമൊടുക്കാൻ തീരുമാനിച്ച ഒരുവളാണ് കല്പണിത്തൊഴി ലാളി – Mason - ആയ ജോസഫിന്റെ ഭാര്യ അമ്മിണി. ഹൈറേ ഞ്ചിൽ മൂന്നാറിനടുത്ത് തോക്കുപാറയിൽ താമസിക്കുന്ന അമ്മി ണിയുടെ ജീവിതത്തിലെ കൊടുങ്കാറ്റുകൾക്ക് ശാന്തത വന്ന തെങ്ങനെയെന്ന് നോക്കാം.

ഞങ്ങൾ തമ്മിൽ ഒട്ടും സ്വരച്ചേർച്ചയില്ലായിരുന്നു. ഒരു മിച്ച് ജീവിക്കാൻ സാധിക്കയില്ലായെന്ന് പലവട്ടം തീരുമാനി ച്ചതായിരുന്നു. എന്തുകൊണ്ടാണെന്നറിയാൻ പാടില്ല. ഞങ്ങൾ തമ്മിൽ പിരിഞ്ഞു പോയില്ല. വിവാഹം കഴിഞ്ഞ് വളരെ നാളുകൾ കഴിഞ്ഞെങ്കിലും കുട്ടികളുണ്ടായില്ല. പണത്തിന്റെ ഞെരുക്കവും ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടായ അവ സ്ഥയും. ആകെ ഞങ്ങൾ രണ്ടുപേരും നിരാശയിലായി.

ജീവിതം അവസാനിപ്പിക്കണമെന്നുതന്നെ തീരുമാനിച്ചു. ഒരു ദിവസം ചേട്ടൻ രാവിലെ പണിക്കു പോയിക്കഴിഞ്ഞ പ്പോൾ ഞാൻ തീരുമാനിച്ചു : 'ഇന്നുതന്നെ ജീവിതം അവസാ നിപ്പിക്കണം.' എന്റെ ഒരു സാരി ഞാൻ പിരിച്ച് ഏറ്റവും ബലമുള്ള കഴുക്കോലിൽ കെട്ടിയിട്ട് തൂങ്ങിച്ചാകാൻ തീരുമാ നിച്ചു. വാതിലും ജനലുമെല്ലാം അടച്ചിട്ടിട്ട് സാരി പിരിച്ചു തുടങ്ങി.

അപ്പോൾ വാതിൽക്കൽ മുട്ടുന്നതു കേട്ടു. വാതിൽ തുറ ന്നപ്പോൾ ചേട്ടൻ നിൽക്കുന്നു. വളരെ ക്ഷീണിച്ച് വിഷമി ച്ചാണ് വന്നുനിൽക്കുന്നത്. വലിയ ക്ഷീണമായതുകൊണ്ട് ജോലിചെയ്യാൻ പോകുന്നില്ല എന്നു തീരുമാനിച്ചു എന്ന് പറ ഞ്ഞു. അതുകൊണ്ട് കുറെ ദൂരം പോയിട്ട് മടങ്ങിപ്പോന്നു എന്ന് പറഞ്ഞു. അങ്ങനെ ആത്മഹത്യാ ശ്രമം നടന്നില്ല.

ഞങ്ങൾ രണ്ടുപേരും ഒരു വീട്ടിൽ ക്രിസ്ത്യൻ റിവൈ വൽ ഫെല്ലോഷിപ്പിന്റെ പ്രാർത്ഥനായോഗത്തിനു പോയി. അവിടെ കേട്ട പ്രസംഗം ഞങ്ങളുടെ രണ്ടുപേരുടെയും ഹൃദ യത്തിൽ തൊട്ടു. കർത്താവിനായി ജീവിതം സമർപ്പിക്കാൻ പറഞ്ഞപ്പോൾ ഞങ്ങൾ ജീവിതം കർത്താവിന്റെ കൈകളി ലേക്ക് കൊടുത്തു. അതോടെ വലിയൊരു സമാധാനം ജീവി തത്തിലേക്ക് വന്നു.

മാനസാന്തരപ്പെട്ടതിനുശേഷം ഒരു പ്രത്യേക സുഖം ഹൃദ യത്തിലുണ്ടായി. ഒറ്റപ്രസവത്തിൽ രണ്ട് ആൺകുട്ടികളെ കർത്താവ് ഞങ്ങൾക്ക് തന്നു. ഇന്ന് എന്തൊരു സമാധാനം! എന്തു സ്വസ്ഥത! കർത്താവ് ദു:ഖിക്കാതെ ജീവിക്കണമെന്നേ ഇന്ന് ഞങ്ങൾക്കുള്ളൂ.

അമ്മിണിയുടെയും ജോസിന്റെയും ജീവിതം രൂപാന്തര പ്പെടുത്തിയ ക്രിസ്തു ഇന്നും ജീവിക്കുന്നു. ക്രിസ്തു

നൽകുന്ന സമാധാനം നിങ്ങൾക്കു വേണമോ? പ്രിയ സഹോദരാ, ഒരു സമാധാനമുള്ള കുടുംബജീവിതം നയിക്കണമെന്ന് താങ്കൾ ആഗ്രഹിക്കുന്നുവോ?

എങ്കിൽ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നൽകുക. നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വകയെന്ന് ക്രിസ്തുവിനോടു പറയുക.

എങ്കിൽ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. കർത്താവായ യേശുവേ, അവിടുത്തെ കൈകളിലേക്ക് എന്റെ ജീവിതം ഞാനിതാ സമർപ്പിക്കുന്നു. എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ അവിടത്തെ തിരുരക്തത്താൽ കഴുകി എന്നെ നിന്റെ മകനും അവകാശിയുമാക്കിത്തീർക്കണമേ.

## എട്ട്

"ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും." ഉല്പത്തി 30 : 30

ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും. എന്ന് നിരാശയോടെ ചോദിക്കുന്നത് അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ യാക്കോബാണ്.

സ്വന്തവീട്ടിൽനിന്നകന്ന്, ദൂരെ ദൂരെ, ഹാരാനിൽ അമ്മാവനായ ലാബാന്റെ വീട്ടിൽ കഴിഞ്ഞ ഇരുപതോളം വർഷങ്ങൾ. സ്വന്തമാതാപിതാക്കളിൽനിന്നും പിതൃഭവനത്തിൽനിന്നും ജൻമദേശത്തുനിന്നും അകന്ന് ജീവിച്ച യാക്കോബ് കഴിഞ്ഞ കാലങ്ങളെല്ലാം പാഴായിപ്പോയല്ലോ എന്ന് കേഴുകയാണ്.

ഏഴു വർഷം ലേയയ്ക്കുവേണ്ടിയും അടുത്ത ഏഴു കൊല്ലം റാഹേലിനുവേണ്ടിയും ലാബാനെ സേവിച്ചു. പിന്നീടുള്ള ആറുകൊല്ലമാകട്ടെ, ലാബാന്റെ ആടുമാടുകൾക്കുവേണ്ടിയും ചെലവഴിച്ചു.

ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ തനിക്കുവേണ്ടി ഒന്നും കരുതിയില്ലല്ലോ എന്ന് യാക്കോബ് കണ്ടെത്തുകയാണ്. അപ്പോൾ ഉണ്ടായ നിരാശയുടെയും, ദു:ഖത്തിന്റെയും വേലിയേറ്റത്തിൽ പറയുന്ന വാക്കുകളാണ് :

"ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും.?" ഉല്പത്തി 30 : 30

വർഷങ്ങൾക്ക് മുമ്പ് അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ അരികിലിരുന്ന് അദ്ദേഹം പറയുന്ന അനുഭവ സാക്ഷ്യങ്ങൾ യാക്കോബ് കേട്ടിട്ടുണ്ട്. യിസ്ഹാക്കിന്റെ വിവാഹം 40–ാമത്തെ വയസ്സിലും യിസ്ഹാക്കിന്റെ മക്കൾ യാക്കോബും ഏശാവും ജനിക്കുന്നത് യിസ്ഹാക്കിന്റെ 60–ാമത്തെ വയസ്സിലുമാണ്. യാക്കോബ് ജനിക്കുമ്പോൾ അബ്രാഹാമിന് 160 വയസ്സാണ്. 175 –ാമത്തെ വയസ്സിലാണ് അബ്രാഹം മരിക്കുന്നത്.

15 വയസ്സുവരെ യാക്കോബ് തന്റെ പിതാമഹനോടുകൂടെ ജീവിച്ചിട്ടുണ്ട്. അക്കാലത്ത് അബ്രാഹം തന്റെ മകനായ യിസ്ഹാക്കിനെ യാഗം അർപ്പിക്കാൻ കൊണ്ടുപോയ കാര്യവും മറ്റും വിവരിച്ചു പറഞ്ഞ് കൊച്ചുമോനെ കേൾപ്പിച്ചിട്ടുണ്ട്. അപ്പന്റെ അപ്പൻ കഥകൾ വിവരിച്ചതിനുശേഷം യാഹോവയിരേ – God sees and God cares - "ദൈവം കരുതിക്കൊള്ളും എന്ന് പറഞ്ഞ് യാക്കോബിനെ പഠിപ്പിച്ചതായിരുന്നു."

ഇന്നിതാ വർഷങ്ങൾക്കുശേഷം ആ പിതാമഹന്റെ കൊച്ചുമകൻ ഏങ്ങലടിച്ചുകൊണ്ട് പറയുകയാണ്. "ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും?" പൂർവ്വപിതാക്കന്മാരുടെ അനുഭവം നേടാനാവാതെ ഭാവിയിലേക്കു

നോക്കി നെടുവീർപ്പിടുന്ന അനേകരുണ്ട്, യാക്കോബിനെപ്പോലെ ഇന്നും.

ഭാര്യമാരായ ലേയയും റാഹേലുമുണ്ട്. മക്കൾ 11 പേരുമുണ്ട്. യൗസേഫുംകൂടി ജനിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷേ ഒന്നിലും തൃപ്തിയില്ല. ലഭിച്ചിരിക്കുന്നതൊന്നിലും തൃപ്തിയില്ലാതെ തികച്ചും അസമാധാനത്തിലും അസംതൃപ്തിയിലും വലയുകയാണ് യാക്കോബ്. അപ്പന്റെ അപ്പൻ പഠിപ്പിച്ചു കൊടുത്തതെല്ലാം മറന്നുപോയി. യഹോവ-യിരേ- ദൈവം കരുതിക്കൊള്ളും എന്ന് അബ്രാഹാമിന്റെ മുഖത്തു നിന്നു കേട്ട അനുഭവങ്ങൾ എവിടെപ്പോയി.?

മാന്യ സ്നേഹിതാ, പ്രിയ സഹോദരി, നിങ്ങൾ ഇന്ന് ഇതുപോലെ ആവലാതിയിലും ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയിലും നിരാശയിലുമാണോ? ഉള്ളം തകർന്നും അകമുലഞ്ഞും നിങ്ങൾ ഇന്നു വലയുകയാണോ? അസംതൃപ്തിയും അസന്തുഷ്ടിയും നിങ്ങളെ വലയം ചെയ്തിരിക്കുകയാണോ?

എങ്കിൽ കേൾക്കൂ : യാക്കോബ് ഈ ചോദ്യം ചോദിച്ചു കഴിഞ്ഞ് ഏകദേശം രണ്ടായിരം വർഷങ്ങൾ കഴിഞ്ഞ് അപ്പോസ്തലനായ പത്രോസ് തന്റെ സ്വന്തം അനുഭവത്തിന്റെ പിൻബലത്തിൽ എഴുതി : "അവൻ നിങ്ങൾക്കായി (ക്രിസ്തു നിങ്ങൾക്കായി) കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ." അങ്ങനെ "ഇനി എന്റെ സ്വന്തഭവനത്തിനുവേണ്ടി ഞാൻ എപ്പോൾ കരുതും?" എന്ന ചോദ്യത്തിന്റെ മറുപടി നൂറ്റാണ്ടുകൾക്കു ശേഷം ശീമോൻ പത്രോസ് നൽകി : "ക്രിസ്തു നിങ്ങൾക്കു വേണ്ടി കരുതും."

ഗലീലാക്കടലിൽ വല വീശിയിട്ട് ഒരു മീൻ പോലും കിട്ടാതെ നിരാശയോടിരുന്ന നാൾ പത്രോസ് ഓർക്കുന്നുണ്ട്.

പാവപ്പെട്ട മുക്കുവത്തൊഴിലാളിയുടെ വീട്ടിൽ അന്ന് പട്ടിണി യാണ്. ഒന്നും കിട്ടിയില്ല. മുഖം വാടി, അകം തളർന്ന്, താടിക്ക് കൈയ്യും കൊടുത്ത്, നിരാശയോടിരുന്ന തന്റെ പട കിലേക്ക് നടന്നു കയറിയ യേശുവിനെ പത്രോസ് ഓർക്കു ന്നുണ്ട്. യേശു പടകിലേക്ക് നടന്നു കയറി.

ആ പടകിൽ പിന്നെ അത്ഭുതമാണ്. യേശുവിന്റെ വാക്കിന് വല ഇറക്കിയ ശേഷം പെരുത്ത് മീൻകൂട്ടം ! എവിടെയായി രുന്നു ഈ മീനുകളെല്ലാം? സ്രഷ്ടാവിന്റെ സ്വരം കേട്ട് പട കിനരികിൽ ഗലീലാക്കടലിലെ മീനുകളെല്ലാം പാഞ്ഞെത്തി. “ഉടയവനായ യേശു പടകിൽ കയറി. യേശു എനിക്കു വേണ്ടി കരുതി.” അതായിരുന്നു പത്രോസിന്റെ സാക്ഷ്യം.

എന്റെ സ്വന്തഭവനത്തിനുവേണ്ടി ഇനി ഞാൻ എപ്പോൾ കരുതും എന്ന് പിറുപിറുക്കുന്ന മാന്യ ദൈവപൈതലേ, യേശു നിനക്കുവേണ്ടി കരുതും.

സങ്കീർത്തനക്കാരനായ ദാവീദ് പറഞ്ഞു :

“നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക, അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകു വാൻ അവൻ ഒരുനാളും സമ്മതിക്കയില്ല.”

അതേ, സ്നേഹിതാ, നിങ്ങൾ ക്രിസ്തു തരുന്ന സൗജന്യ നീതീകരണം അനുഭവിച്ച്, ക്രിസ്തുവിന്റെ തിരുരക്തത്താൽ കഴിഞ്ഞകാല പാപങ്ങൾ കഴുകപ്പെട്ട്, ഇന്നു മുതൽ ഒരു നീതിമാനായി ജീവിക്കൂ. ക്രിസ്തു നിങ്ങൾക്കുവേണ്ടി കരു തും.

> ‘‘നമ്മുടെ രക്ഷയാകുന്ന ദൈവമായി നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ ; ദൈവം നമുക്ക്

ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു.”
സങ്കീർത്തനം 68 : 19 - 20

സങ്കീർത്തനക്കാരൻ വീണ്ടും പാടി : “അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു ; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെത്തന്നേ.” സങ്കീർത്തനം 57 : 2

എന്റെ വ്യക്തിപരമായ ജീവിതത്തിൽ ഞാൻ വളരെ നിരാശയോടും ഭാരത്തോടും കൂടെ ജീവിച്ച ഒരു മനുഷ്യനാണ്. കോലഞ്ചേരി അടുത്ത് കടയിരിപ്പ് എന്ന ഒരു കുഗ്രാമത്തിൽ ഒരിടത്തരം കർഷക കുടുംബത്തിൽ ആണ് ഞാൻ ജനിച്ചത്. എന്റെ ഒരു വയസ്സിൽ അപ്പൻ മരിച്ചുപോയി - അപ്പന്റെ 33-ാമത്തെ വയസ്സിൽ. അമ്മ മുപ്പതാമത്തെ വയസ്സിൽ വിധവയായി. ഞാൻ ജനിക്കുന്നതിനുമുമ്പുണ്ടായ മൂന്ന് കുഞ്ഞുങ്ങൾ മരിച്ചിരുന്നു. ഞാൻ ജനിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ അപ്പനും രണ്ടു വർഷം കഴിഞ്ഞപ്പോൾ ചേട്ടനും മരിച്ചു. അഞ്ചു മരണം തുടരെ ഉണ്ടായ കുടുംബം.

കൃഷി കാര്യങ്ങളും പറമ്പിലെ കാര്യങ്ങളും നോക്കാൻ ആളില്ലാതെ എല്ലാം അനാഥമായി. അമ്മയും പെങ്ങളും ഞാനും തീർത്തും നിരാശയിലും ഭയപ്പാടിലുമായി. അസ്വസ്ഥതയോടും നെടുവീർപ്പോടുംകൂടി ജീവിതത്തിന്റെ ആ കാലങ്ങൾ കഴിച്ചത് ഞാനിന്നും ഓർക്കുന്നുണ്ട്.

എന്നാൽ എന്റെ 17-ാമത്തെ വയസ്സിൽ ഞാനൊരു പ്രാർത്ഥനായോഗത്തിന് ഞങ്ങളുടെ ഇടവകപ്പള്ളിയിൽ പോയി. ഒരു ദൈവദാസൻ അന്ന് പറഞ്ഞ തിരുവചനം എന്റെ ഉള്ളത്തെ തകർത്തു.

എന്റെ ആത്മാവ് പാപം മൂലം മരിച്ചിരിക്കയാണെന്നും,

ലാസർ കല്ലറയ്ക്കുള്ളിൽ ജീർണ്ണിച്ച് ദുർഗന്ധം വമിച്ച് കിടക്കുന്നതുപോലെ എന്റെ ഹൃദയം പാപചിന്തകൾകൊണ്ടും, അശുദ്ധ വികാരങ്ങൾകൊണ്ടും മലീമസമാണെന്നും ഞാൻ മനസ്സിലാക്കി. ലാസറിന്റെ കല്ലറയുടെ പുറത്ത് ദുർഗന്ധമില്ലെന്നും അകത്താണ് എല്ലാം ചീഞ്ഞിരിക്കുന്നതെന്നും പ്രസംഗകൻ പറഞ്ഞപ്പോൾ അത് എന്റെ അവസ്ഥയാണല്ലോ എന്ന് ഞാൻ ഓർത്തു. പുറമേ പ്രാർത്ഥനയും ഭക്തിയും പള്ളിയും ആരാധനയും ചടങ്ങുകളും എല്ലാം ചിട്ടയായിട്ടുണ്ടായിരുന്നു. തെറ്റായ പ്രവൃത്തികൾക്കോ അഴുക്കായ കൂട്ടുക്കെട്ടിനോ പോകാതെ പുറമേ നല്ല അച്ചടക്കമുള്ള ജീവിതമാണ് ഞാൻ നയിച്ചിരുന്നത്. പക്ഷേ എന്റെ ഹൃദയം ചീഞ്ഞതായിരുന്നു. മ്ലേച്ഛമോഹങ്ങളും മലിന വിചാരങ്ങളും പ്രതാപമോഹങ്ങളും എന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്നു.

അന്ന് ഞാൻ യേശുവിനോട് ഉള്ള് തുറന്നു പറഞ്ഞു. കർത്താവേ എന്നെ ഉയിർത്തെഴുന്നേല്പിക്കണമേ എന്ന്. ലാസറിനെ ജീവിപ്പിച്ചതുപോലെ എനിക്ക് ജീവൻ നൽകണമേ എന്ന്.

എന്തൊരത്ഭുതം ! നിതാന്ത ശാന്തിയുമായാണ് ഞാൻ അവിടെനിന്ന് എഴുന്നേറ്റത്. ഒന്നുമാത്രം എനിക്ക് നല്ല ഓർമ്മയുണ്ട്. “കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക” എന്ന് ഞാൻ പറഞ്ഞു. ക്രിസ്തു എന്നിൽ നിറഞ്ഞ സമാധാനം തന്നു.

അന്നു മുതൽ ഭൗതികമായും ആത്മീയമായും എന്നെ കാത്തു. ദൈവം എനിക്കായി കരുതി. ദൈവം എനിക്കുവേണ്ടി കരുതി. ബി.എ., ബി.എഡ്., എം.എ. എന്നീ പരീക്ഷകളിൽ കേരള യൂണിവേഴ്സിറ്റിയുടെ റാങ്കോടുകൂടെ ഞാൻ പാസ്സായി. ഇക്കഴിഞ്ഞ മാർച്ച് 31ന് ഞാൻ കോലഞ്ചേരി

കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് വിരമിക്കുമ്പോൾ നന്ദിയും സ്നേഹവും നിറഞ്ഞ ഹൃദയത്തോടുകൂടി ഞാൻ കർത്താവിന് സ്തോത്രം ചെയ്തു. ക്രിസ്തു എനിക്കുവേണ്ടി കരുതിയതിനായി ഞാൻ ഉള്ളഴിഞ്ഞ് സ്തുതിച്ചു.

മാന്യ സഹോദരാ, പ്രിയ സഹോദരി, നിനക്കുവേണ്ടി യേശു കരുതുമെന്ന് നീ വിശ്വസിക്കുന്നുവോ? അവൻ നിന്റെ പാപം പോക്കി നിന്നെ വീണ്ടെടുക്കുവാൻ കാൽവരി ക്രൂശിൽ കുറ്റമറ്റ രക്തം ചിന്തിയെന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ പ്രാർത്ഥിക്കാം കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വകയെന്ന് എന്നെത്തന്നെ അവിടത്തെ ആണിപ്പാടുള്ള പാദത്തിൽ പ്രതിഷ്ഠിക്കുന്നു. എന്നെ നിന്റെ പൈതലാക്കിത്തീർക്കേണമേ. എനിക്കുവേണ്ടി കരുതുന്ന യേശുവിനെ സ്നേഹിച്ചും, സേവിച്ചും, ആരാധിച്ചും അവന്റെ രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർത്തും ഞാൻ ജീവിക്കുന്നതിന് കൃപ നൽകണമേ.

## ഒമ്പത്

"നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വെയ്ക്കും." 1 രാജാ. 18 : 21

ഇന്നേക്ക് രണ്ടായിരത്തി എഴുന്നൂറോളം വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു പ്രവാചകനായിരുന്നു ഏലിയാവ്. ദൈവ ഭക്തിയും ജീവിത വിശുദ്ധിയും ആയിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ.

സത്യാരാധനയിൽനിന്ന് ജനം മാറി ബാൽ വിഗ്രഹങ്ങളെ ആരാധിക്കുന്ന കാലമായിരുന്നു അത്. രാജാവായ ആഹാബിന്റെയും രാജ്ഞിയായ ഈസേബെലിന്റെയും ഒത്താശയും പിൻബലവും ഉണ്ടായിരുന്നതുകൊണ്ട് ബാൽ വിഗ്രഹപൂജ വർദ്ധിച്ചുവന്നു. സത്യാരാധനയിൽ താൽപര്യമുണ്ടായിരുന്നവർ ജീവനെ കൊതിച്ചും പീഡ ഭയന്നും ഒളിവിലായിരുന്നു.

ഏലിയാവ് ഒരുവൻ വിഗ്രഹാരാധനയെ എതിർത്തുകൊണ്ട് സത്യത്തിനും നീതിക്കും വേണ്ടി നിൽക്കുവാൻ തയ്യാറായി.

കർമ്മേൽഗിരിയിൽ തടിച്ചുകൂടിയ ജനത്തോട് ഏലിയാവ് ചോദിക്കുകയാണ്, "നിങ്ങൾ എത്രത്തോളം രണ്ടു തോണി യിൽ കാൽവെയ്ക്കും."

ഇരുളിന്റെ അധികാരത്തോടു എതിർത്തുനില്ക്കാൻ കഴി യുന്നത് ഒരു മഹാഭാഗ്യമാണ്. അത് ഒരു അത്ഭുത കൃപയാ ണ്. നിത്യനായ ദൈവം തന്നോടുകൂടെയുണ്ട് എന്ന് ഏലിയാ വിനറിയാമായിരുന്നു. ദൈവം കല്പിച്ചിട്ടാണ് താൻ ഓരോ ചുവടും വെയ്ക്കുന്നതെന്ന് ഏലിയാവിന് പ്രാഗൽഭ്യം ഉണ്ടാ യിരുന്നു.

"ഞാൻ സേവിച്ചു നിൽക്കുന്ന ദൈവം" എന്ന് എത്ര അഭിമാനത്തോടെയാണ് ഏലിയാവ് പറയുന്നത് ! ജനത്തെ മുഴുവനും ബാലിന്റെ പ്രവാചകൻമാരെയും അശേരാ പ്രവാ ചകൻമാരെയും കർമ്മേലിൽ ഒരുമിച്ചുകൂട്ടാൻ ഏലിയാവ് പറയുന്നത് എത്ര ധൈര്യത്തോടെയാണ്!

തിൻമയെ വെറുത്ത് നൻമയുടെ പക്ഷത്ത് നിൽക്കുന്ന വർ എക്കാലത്തും ധൈര്യശാലികളായിരിക്കും. അവർ പക്ഷേ ഒരു ന്യൂനപക്ഷമായിരിക്കും. എല്ലാവരും വന്നുകൂടിയപ്പോൾ ഏലിയാവ് സർവ്വജനത്തോടും ചോദിക്കുകയാണ്.

> "നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽവെയ്ക്കും?" യഹോവ ദൈവമെങ്കിൽ അവനെ അനുഗമിപ്പിൻ ; ബാൽ ദൈവമെങ്കിലോ അവനെ അനുഗമിപ്പിൻ." 1 രാജാ. 18 : 21

പ്രിയ സ്നേഹിതാ, ലോകത്തെയും ദൈവത്തെയും ഒരേ സമയം പിൻപറ്റാമെന്ന് താങ്കൾ വിചാരിക്കുന്നുണ്ടോ? ലോക ത്തിന്റെ പ്രതാപത്തെയാണ് താങ്കൾ പിന്തുടരുന്നതെങ്കിൽ ക്രിസ്തുവിന്റെ നിന്ദയെ പിൻപറ്റാൻ സാധിക്കുകയില്ല.

മോശയെക്കുറിച്ച് എബ്രായ ലേഖനത്തിൽ കർത്താവ് പറയുന്നത് കേൾക്കൂ :

> "വിശ്വാസത്താൽ മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തല്ക്കാലഭോഗത്തെക്കാളും ദൈവ ജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെ ടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറ വോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടു ന്നത് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപ ങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു."
>
> എബ്രായർ 11 : 24 – 26

വേണമെങ്കിൽ മോശയ്ക്ക്, അടുത്ത ഫറവോ രാജാവാ കാമായിരുന്നു. പുരാതന ഈജിപ്റ്റിന്റെ വൻ നിക്ഷേപങ്ങളും ധനമാഹാത്മ്യവും സ്ഥാനമാനങ്ങളും നേടാമായിരുന്നു. അതെല്ലാം വിട്ടു പുറപ്പെടാൻ, നിത്യനായ ദൈവത്തെ നോക്കി പുറപ്പെടാൻ, മോശ തീരുമാനിച്ചു. സ്നേഹിതാ, ലോക പ്രതാപം വ്യർത്ഥമെന്ന് എണ്ണുവാൻ താങ്കൾക്ക് തോന്നു ന്നുണ്ടോ?

പൗലോസ് അപ്പോസ്തലന്റെ ജീവിതത്തിലേക്ക് നോക്കൂ ; തനിക്ക് അഭിമാനകരമായിരുന്ന എന്തെല്ലാം ഭൗതിക ബഹു മതികളാണ് ക്രിസ്തുവിനെ പ്രതി വലിച്ചെറിഞ്ഞത്!

> "എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ, യിസ്രാ യേൽ ജാതിക്കാരൻ, ബെന്യാമീൻ ഗോത്രക്കാ രൻ, എബ്രായരിൽനിന്നു ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ച് പരീശൻ, ശുഷ്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ, ന്യായപ്രമാ ണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ.

എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു." ഫിലിപ്യർ 3 : 5 – 7

ലോക പ്രതാപങ്ങളെല്ലാം ചപ്പെന്നും ചവറെന്നും എണ്ണാൻ തയ്യാറായതുകൊണ്ടാണ് ഒന്നാം നൂറ്റാണ്ടിൽ ഏഷ്യയെയും യൂറോപ്പിനെയും സുവിശേഷംകൊണ്ട് ഇളക്കിമറിക്കാൻ പൗലോസ് അപ്പോസ്തലന് കഴിഞ്ഞത്.

എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, ഇന്ന് അനേകർ ലോകത്തെയും ദൈവത്തെയും ഒരുമിച്ച് കൊണ്ടുപോകുവാൻ ശ്രമിക്കുകയാണ്. ദൈവികവും ലൗകികവും ഒരുമിച്ചു പുലർത്താനവർ ശ്രമിക്കുകയാണ്. ആത്മീയ രംഗത്തും നമുക്കു കാണാം, ഇതുപോലെയുള്ള മാനസാന്തരപ്പെട്ട ദൈവമക്കളെ. അവരെ ലോകത്തിലെ പ്രതാപങ്ങളുടെ രംഗത്തും നാം കാണും ; ആത്മീയ രംഗത്തും കാണും. രണ്ടു തോണിയിൽ കാൽ വെച്ചുകൊണ്ടുള്ള അവരുടെ യാത്ര അപകടകരമാണെന്ന് അവർ അറിയുന്നില്ല.

അപ്രകാരം രണ്ടു തോണിയിൽ കാൽ വച്ചുകൊണ്ട് ജീവിത യാത്ര ചെയ്ത ഒരാളാണ് ഡോ. കെ.റ്റി. പൗലോസ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് ബി.ഡി.എസിനും എം.ഡി.എസിനും റാങ്കോടുകൂടെ പ്രശസ്ത വിജയം നേടിയ സുപ്രസിദ്ധ ഓർത്തഡോണ്ടിസ്റ്റായ ഡോ. കെ.റ്റി. പൗലോസിന്റെ അനുഭവം കേൾക്കൂ.

ഞാൻ ഒരു പുരാതന ഓർത്തഡോക്സ് പാരമ്പര്യമുള്ള കോലഞ്ചേരി നെച്ചുപ്പാടം തറവാട്ടിലാണ് ജനിച്ചു വളർന്നത്. വളരെ ചിട്ടയായുള്ള പ്രാർത്ഥനകളും, നമസ്ക്കാരങ്ങളും, പള്ളിയാരാധന, നോമ്പ് മുതലായ കാര്യങ്ങളുമെല്ലാം ഉണ്ടാ

യിരുന്നു. എല്ലാവർക്കും കൊള്ളാകുന്നവൻ എന്ന ഒരു നല്ല അഭിപ്രായം ഉളവാക്കുമാറ് ഞാൻ ജീവിച്ചിരുന്നു. എന്നാൽ അന്ന് ക്രിസ്തു എന്റെ ഉള്ളിലില്ലെന്നോ ഞാനന്നു കടന്നു പോയാൽ നിത്യനരകത്തിലെത്തുമെന്നോ ഒരു ധാരണയും എനിക്കില്ലായിരുന്നു.

ഒരിക്കൽ ഒരു വിശുദ്ധനായ ദൈവപുരുഷനുമായി സംസാരിക്കാനിടയായി. രഹസ്യജീവിതം വിശുദ്ധമാണോ എന്ന് ശോധന ചെയ്യണമെന്ന് അദ്ദേഹം എന്നോട് പറഞ്ഞപ്പോഴാണ് എനിക്ക് ആത്മീയ സുബോധം വരാൻ തുടങ്ങിയത്. അതുവരെ സഭയുടെ ചട്ടപ്രകാരമുള്ള നോമ്പ് നോക്കുമായിരുന്നു. എന്നാൽ നോമ്പ് തീരുന്ന ദിവസം വീട്ടിൽ ഞങ്ങളെല്ലാവരും ഒരുമിച്ചുള്ള മദ്യപാനമായിരുന്നു. നോമ്പില്ലാത്ത ദിവസങ്ങളിൽ ഞാൻ തുടരെ എന്നും മദ്യം കുടിക്കുമായിരുന്നു. എന്റെ വീട്ടിൽ പന ചെത്തി കള്ളെടുക്കുമായിരുന്നു.

ഞാൻ ലയൺസ് ക്ലബ്ബ്, വൈ.എം.സി.എ., പള്ളി മാനേജിംഗ് കമ്മിറ്റി, സഭയുടെ ഓർത്തഡോക്സ് മെഡിക്കൽ സ്റ്റുഡന്റ്സ് അസോസിയേഷൻ, പള്ളി ക്വയർസെറ്റ് എന്നിവയിൽ മുഖ്യസ്ഥാനം വഹിച്ചിരുന്നു.

സുവിശേഷപ്രസംഗം കേൾക്കുകയും പ്രസംഗം നടത്തുകയും ചെയ്യുമായിരുന്നു. സഭയിലെ സ്വമേധയാ സുവിശേഷ സംഘത്തിലും സജീവമായി പ്രവർത്തിച്ചിരുന്നു.

പക്ഷേ എന്റെ ഹൃദയം നിറയെ അഴുക്കായിരുന്നു. പരസ്യമായി പറയാൻ ലജ്ജിക്കുന്ന അനേകം ദുശ്ശീലങ്ങൾക്കും ദുഷ്പരിചയങ്ങൾക്കും ഞാൻ അടിമയായിരുന്നു. പരസ്യമായ പ്രവൃത്തിയിൽ ഞാനൊരു മാന്യനും മര്യാദക്കാരനുമാ

യിരുന്നതുകൊണ്ട് എന്റെ ജീവിതത്തിൽ ആത്മാവിനൊരു കുഴപ്പവുമില്ലെന്നായിരുന്നു എന്റെ ധാരണ.

ലോകത്തിൽ ഉന്നതനാകണം, ലോക മനുഷ്യരുടെ ബഹുമതി വേണം, പണം ധാരാളം സമ്പാദിച്ചു കൂട്ടണം ഇതൊക്കെയായിരുന്നു എന്റെ ജീവിതലക്ഷ്യങ്ങൾ. ലോകവും സ്വയപ്രതാപവുമായിരുന്നു എന്റെ ജീവിതത്തിന്റെ ആകെ ഉദ്ദേശം. ലോകപ്രകാരമുള്ള കാര്യങ്ങൾ ഞാൻ പ്രാർത്ഥിച്ചതെല്ലാം എനിക്കു ലഭിച്ചതുകൊണ്ട് ക്രിസ്തു എന്നിലുണ്ടെന്നാണ് ഞാൻ ധരിച്ചിരുന്നത്.

ക്രിസ്തു എനിക്കെന്തു ചെയ്തു എന്ന് ആ വിശുദ്ധ ദൈവപൈതൽ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു ; ഞാൻ പ്രാർത്ഥിച്ചതെല്ലാം ദൈവം എനിക്കു തന്നു. പഠിപ്പു തന്നു, ജോലി തന്നു, കുഞ്ഞുങ്ങളെ തന്നു, അസുഖം മാറ്റിത്തന്നു, വരുമാനം തന്നു, അങ്ങനെ പലതും.

ഇതെല്ലാം ലോകത്തിലെ കാര്യങ്ങളല്ലേ? ക്രിസ്തു ക്രൂശിൽ മരിച്ചത് ആത്മാവിനെ പിശാചിന്റെയും പാപത്തിന്റെയും അടിമത്ത്വത്തിൽനിന്ന് നിത്യജീവൻ തരാനാണ് എന്ന് അദ്ദേഹം പറഞ്ഞപ്പോഴാണ് എന്റെ ഭക്തിമാർഗ്ഗം ഉദ്ദിഷ്ടകാര്യമതം ആണെന്നും അത് യഥാർത്ഥ ഭക്തിയല്ലെന്നും എനിക്കു മനസ്സിലായത്. അങ്ങനെ ഞാൻ രണ്ടു തോണിയിൽ കാൽ വെച്ചു നിൽക്കുകയാണെന്ന് ആ വിശുദ്ധനായ കർത്തൃദാസൻ എനിക്കു മനസ്സിലാക്കിത്തന്നു.

എന്റെ രഹസ്യജീവിതം ഏറ്റവും അശുദ്ധമാണെന്നും ഉള്ള് ശുദ്ധമായാൽ മാത്രമേ ക്രിസ്തു – പരിശുദ്ധനായ ദൈവം – അവിടെ വന്ന് വസിക്കുകയുള്ളൂ എന്ന് മനസ്സിലായി. അപ്പോൾ മുതൽ എന്റെ രഹസ്യജീവിതം ശോധന ചെയ്തു

കൊണ്ട് ഞാൻ അനുതപിക്കാൻ തുടങ്ങി. വാസ്തവമായ പശ്ചാത്താപം എന്റെ ഹൃദയത്തെ തകർത്തു. ഞാൻ വെള്ള തേച്ച ശവക്കല്ലറയാണെന്ന് ഞാൻ ഗ്രഹിച്ചു.

ഹൃദയം ശുദ്ധീകരിച്ചു തരാൻ കർത്താവായ യേശുക്രിസ്തുവിന്റെ രക്തം മതിയായതാണെന്ന് ആ ദൈവപൈതൽ എന്നോടു പറഞ്ഞു. "ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നേ" എന്ന് അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തി. ഞാൻ ഇനിയും രണ്ടുതോണിയിൽ കാൽ വെയ്ക്കുകയില്ലെന്ന് ഉറച്ചു.

ആ നിമിഷം മുതൽ വലിയ ഒരു സമാധാനം എന്റെ ഉള്ളിലേക്ക് ഇരച്ചുകയറി. ക്രിസ്തു എന്റെ തോണിയുടെ അമരക്കാരനായി. ഇത്ര സന്തോഷവും മാധുര്യവുമുള്ളതാണല്ലോ ക്രിസ്തീയ ജീവിതം എന്ന് അത്ഭുതത്തോടെ ഞാൻ കണ്ടെത്തി. ഇന്ന് ഞാൻ അളവറ്റ ശാന്തി ഹൃദയത്തിൽ അനുഭവിക്കുന്നു. ദൈവത്തിനു സ്തോത്രം.

ഡോ. കെറ്റി. പൗലോസിന്റെ അനുഭവത്തിലുള്ള ആരെങ്കിലും ഈ വാക്കുകൾ വായിക്കുന്നുണ്ടോ? ദൈവവും വേണം, ലോകവും വേണം എന്ന ചിന്തയോടെ രണ്ടു തോണിയിൽ കാൽവെച്ചു പോകുന്ന മാന്യ സ്നേഹിതാ, ഇന്ന് താങ്കൾ വ്യക്തമായ ഒരു തീരുമാനമെടുക്കുക. ക്രിസ്തു താങ്കളുടെ ഹൃദയത്തിൽ വസിക്കുന്നതാണ് നിത്യതയിലേക്കുള്ള മുതൽക്കൂട്ട്.

ക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞു:

> "രണ്ടു യജമാനൻമാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല." മത്തായി 6 : 24

പ്രിയ സഹോദരാ, താങ്കൾ ഇന്ന് രണ്ടു തോണിയിൽ

കാൽവെച്ചുകൊണ്ട് നില്ക്കുന്നുവോ? ഒരു നിമിഷം വൈകാതെ ജീവന്റെ തോണിയിലേക്ക് പ്രവേശിക്കൂ. ജീവന്റെ പെട്ടകം ഇതാ തുറന്നു വെച്ചിരിക്കുന്നു. വലിയ പ്രളയം വരുന്നതിനുമുമ്പേ ഈ ജീവന്റെ പെട്ടകത്തിലേക്ക് കടന്നു വരൂ.

> "യഹോവയെ കണ്ടെത്താകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ ; അവൻ അടുത്തിരിക്കു മ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ."
>
> യെശയ്യാവ് 55 : 6

സ്നേഹിതാ, ഈ സുപ്രസാദകാലം നഷ്ടപ്പെടുത്തരുതേ. ക്രിസ്തുവിന്റെ തിരുവിലാവ് ഇതാ തുറന്നിരിക്കുന്നു. ഏതു പാപിക്കും അവിടെ പ്രവേശനമുണ്ട്. ഇനിമേൽ ഞാൻ രണ്ടു തോണിയിൽ കാൽ വെയ്ക്കുകയില്ല എന്ന് ദൃഢപ്രതിജ്ഞ യെടുക്കുക. ക്രിസ്തുവിനോട് ഒട്ടിച്ചേർന്ന് ക്രിസ്തുവിന്റെ പക്ഷത്ത് ചേർന്ന് നിൽക്കുക. ലോകനീതിയോടും ലോകമഹ ത്വത്തോടും യാത്ര പറയുക.

എങ്കിൽ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. ഞങ്ങളുടെ ജീവനും രക്ഷയ്ക്കും വേണ്ടി കുരിശിൽ ജീവൻ ത്യജിച്ച യേശുവേ, അവിടത്തെ തിരുരക്തത്തിൽ ആശ്രയിച്ച് ഞാനിതാ വരുന്നു, മേലിൽ രണ്ടു തോണിയിൽ കാൽ വെയ്ക്കുകയി ല്ലെന്ന് ഞാനിതാ ശപഥം ചെയ്യുന്നു. എന്നെ കൈക്കൊള്ള ണമേ. എന്നെ അനുഗ്രഹിക്കണമേ. നിത്യജീവന് അവകാശി യാക്കിത്തീർക്കണമേ.

## പത്ത്

"സുഖം തന്നെയോ? ഭർത്താവ് സുഖമായിരിക്കുന്നുവോ? ബാലന് സുഖമുണ്ടോ?"
2 രാജാക്കൻമാർ 4 : 26

നമ്മുടെ ദുരിതങ്ങളിലും വേദനകളിലും പ്രശ്നങ്ങളിലും ക്ലേശങ്ങളിലും നമ്മെ ഒന്നു വന്നു കാണാൻ ആരെങ്കിലും ഉണ്ടെങ്കിൽ അതൊരാശ്വാസമാണ്. നമ്മുടെ ഉള്ള് കുളിർക്കുമാറ് നമ്മോട് സംസാരിക്കുവാനും നമ്മുടെ ക്ഷേമം അന്വേഷിക്കാനും ആരെങ്കിലും ഉണ്ടെങ്കിൽ അത് എത്രയോ വലിയ ആശ്വാസമാണ്! അങ്ങനെ നമ്മെ നമ്മുടെ യാതനകളിൽ വന്നു കണ്ട് ആശ്വസിപ്പിക്കുന്നത് ഒരു സമുന്നത വ്യക്തിയാണെങ്കിൽ തീർച്ചയായും നമ്മുടെ ഹൃദയം കോരിത്തരിക്കുമല്ലൊ.

എന്നാൽ നിത്യനായ ദൈവം നമ്മുടെ വ്യക്തിപരമായ ജീവിതത്തിലേക്ക് ഇറങ്ങിവന്ന് നമ്മുടെ ക്ഷേമം അന്വേഷിക്കുകയും നമുക്കുവേണ്ടി കരുതുകയും ചെയ്യുന്നു എങ്കിൽ അതെത്രയോ വലിയ സൗഭാഗ്യമാണ് ! അങ്ങനെ ദൈവം

ഒരു സ്ത്രീയുടെ കുടുംബത്തിലും വ്യക്തിജീവിതത്തിലും വന്ന പ്രതിസന്ധി കണ്ട് ക്ഷേമമന്വേഷിക്കുകയും പ്രശ്ന ത്തിന് പരിഹാരം വരുത്തിക്കൊടുക്കുകയും ചെയ്ത അത്ഭുത സംഭവമാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകം നാലാം അദ്ധ്യായം 26-ാം വാകൃത്തിൽ നാം വായിക്കുന്നത്.

> "സുഖം തന്നെയോ? ഭർത്താവ് സുഖമായി രിക്കുന്നുവോ? ബാലന് സുഖമുണ്ടോ?"
>
> 2 രാജ 4 : 26

എലീശാ പ്രവാചകന് ആതിഥ്യമരുളിയ ഭവനമാണ് ശൂനേം കാരിയുടെ ഭവനം. ദൈവത്തെയും ദൈവമക്കളെയും ആദ രിക്കുന്നത് ഒരു പദവിയാണ്; ഭാഗ്യമാണ്. ശൂനേമിലെ ആ ധനികയായ സ്ത്രീ പ്രവാചകനെ തന്റെ ഭവനത്തിൽ കൈക്കൊണ്ടു. പ്രവാചകന് ഭക്ഷണം നൽകി. പ്രവാചകനു വേണ്ടി മാളികമുറി പണിതുണ്ടാക്കി, അദ്ദേഹത്തെ ആദരിച്ചു.

> "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാച കൻ എന്നുവച്ച് പ്രവാചകനെ കൈക്കൊള്ളുന്ന വന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും, നീതി മാൻ എന്നുവച്ച് നീതിമാനെ കൈക്കൊള്ളുന്ന വന് നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവച്ച് ഈ ചെറിയവരിൽ ഒരുത്തന് ഒരു പാ നപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്ന വന് പ്രതിഫലം കിട്ടാതെ പോകയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടുപറയുന്നു" എന്നത്രെ വി. മത്തായി 10 :40-42ൽ നമ്മുടെ കർത്താവിന്റെ തിരുവചനം രേഖപ്പെടുത്തിയിരി ക്കുന്നത്.

ശൂനേംകാരി സാക്ഷിക്കുന്നതുപോലെ എലീശാ വിശുദ്ധ നായൊരു ദൈവപുരുഷനായിരുന്നു. അദ്ദേഹത്തെ ഭവനത്തിൽ കൈക്കൊണ്ടപ്പോൾ ആ കുടുംബത്തിലെ കാതലായ ഒരു പ്രശ്നത്തിന് ദൈവം പരിഹാരം നൽകി.

ബെഥാന്യയിലെ ചെറുഭവനത്തിൽ മാർത്ത യേശുവിനെ കൈക്കൊണ്ടപ്പോൾ അത്ഭുതകരമായ ശാന്തിയും സമാധാ നവും ഐശ്വര്യവും ആ ഭവനത്തിലുണ്ടായല്ലോ.

കാനാവിലെ കല്ല്യാണവീട്ടിൽ യേശുവിനെ കൈക്കൊണ്ട പ്പോൾ അവിടെയും പ്രശ്നപരിഹാരം ലഭിച്ചല്ലോ.

മാന്യ സഹോദരാ, താങ്കളുടെ ഹൃദയത്തിൽ യേശു വിനെ കർത്താവും രക്ഷിതാവുമായി കൈക്കൊണ്ടിട്ടുണ്ടോ? താങ്കളുടെ ജീവിതത്തിലേക്ക് യേശുവിനെ ക്ഷണിച്ചിട്ടുണ്ടോ? യേശുവിനെ താങ്കളുടെ ഉള്ളിന്റെ ഉള്ളറയിലേക്ക് എതിരേറ്റി ട്ടുണ്ടോ? എങ്കിൽ അതൊരുമഹാഭാഗ്യമാണ്.

എല്ലാവരും താന്താങ്ങളുടെ ഭവനത്തിലേക്ക് പോയപ്പോൾ യേശുവോ ഒലിവുമലയിലേക്ക് പോയി എന്നാണ് നാം വായി ക്കുന്നത്. യോഹ 8 : 11, തന്നെ ക്ഷണിക്കാൻ ആരുമില്ലാത്ത വനായി, കൈക്കൊള്ളാൻ ആരുമില്ലാത്തവനായി. ഒലിവുമല യിൽ രാപാർക്കാൻപോയ യേശു ഇതാ, സ്നേഹിതാ, താങ്ക ളുടെ ഹൃദയവാതിൽക്കൽ നിൽക്കുന്നു. അവനെ സ്വീകരി ക്കൂ. അവനെ കൈക്കൊള്ളൂ. അവനെ ക്ഷണിക്കൂ. അവനെ നിർബന്ധിക്കൂ; അവനെ എതിരേല്ക്കൂ; അവൻ തരുന്ന ശാന്തിയും ക്ഷേമവും സ്വന്തമാക്കൂ.

ശൂനേംകാരിക്ക് ഒരു കുഞ്ഞ് ഉണ്ടായിരുന്നില്ല. പ്രവാച കൻ ആ കുടുംബത്തിന്റെ ആവശ്യം ദൈവകരങ്ങളിൽ കൊ ടുത്തു. നിത്യനായ ദൈവം ആ സ്ത്രീയോടു മനസ്സലിഞ്ഞു.

ഒരു വർഷത്തിനുള്ളിൽ അവൾ ഒരു പൊന്നോമനകുഞ്ഞിന്റെ അമ്മയായി.

ബാലൻ വളർന്നുവന്നു. ആനന്ദം അലതല്ലുന്നു ഭവന ത്തിൽ. സ്തുതിയും സ്തോത്രവും അണമുറിയാതൊഴുകുന്നു ഭവനാനന്തരീക്ഷത്തിൽ.

പക്ഷേ ആ ആഹ്ലാദത്തുടിപ്പ് ഏറെനാൾ നിലനിന്നില്ല. ഒരു ദിവസം പ്രഭാതത്തിൽ ആകസ്മികമായി ഒരാപത്ത്. ഒരു രോഗം – ഒരു കഠിനവേദന – ബാലന്റെ തലയിൽ. വയലിൽ അപ്പന്റെ കൂടെ ഉല്ലസിച്ചിരുന്ന ബാലൻ പെട്ടെന്ന് ഉച്ച ത്തിൽകരയുന്നു : "എന്റെ തല, എന്റെ തല." കുഞ്ഞിനെ വേഗം വീട്ടിലെത്തിച്ചു. ശൂനേംകാരി മോനെ മടിയിൽ കി ടത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പക്ഷേ ഉച്ചവരെമാത്രമേ കുഞ്ഞ് ജീവനോടിരുന്നുള്ളൂ.

രാവിലെ എഴുന്നേൽക്കുമ്പോൾ ഒരസുഖവുമില്ല. നല്ല ഉത്സാഹത്തിമിർപ്പോടെയാണ് അപ്പന്റെ കൂടെ വയലിൽ പോയ ത്. ഉച്ചയായപ്പോൾ ഇതാ ജീവൻ പോയിരിക്കുന്നു. അമ്മ ഒന്ന് പകച്ചുവോ? തെല്ലുനേരം ഒന്നും മിണ്ടാനാകാതെ ഇരു ന്നുവോ? തിരുവചനം ഒന്നും പറയുന്നില്ല.

അവൾ ധൈര്യം വീണ്ടെടുത്തു. പ്രത്യാശ കൈവിട്ടില്ല. വിശ്വാസത്തിൽ ഉറച്ചുനിന്നു. കുഞ്ഞിന്റെ ശവശരീരം പ്രവാ ചകന്റെ കട്ടിലിൻമേൽ കിടത്തി.

ദൈവപൈതലേ, പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ നീ വട്ടം കറങ്ങുമ്പോൾ, കരകാണാക്കടലിൽ നീ അലഞ്ഞുഴലുമ്പോൾ, മുമ്പിൽ വാതിലെല്ലാം അടഞ്ഞു കാണുമ്പോൾ, അമ്പരപ്പും പരിഭ്രാന്തിയും നിന്നിൽ കുമിഞ്ഞുകൂടുമ്പോൾ, ഓടുവിൻ യേശുവിന്റെ കുരിശിൽ ചുവട്ടിലേക്ക്. കുതിച്ചണയുവിൻ അവന്റെ ദിവ്യപാദത്തിൽ. ഉള്ളു തുറക്കുവിൻ. എല്ലാം തുറന്നു

പറയുവിൻ.

> "Call upon Me in the day of your trouble. I will deliver thee and thou shalt glorify My name." "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക ; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും." സങ്കീ. 50 : 15

സ്ത്രീ ഓടി വന്നപ്പോൾ പ്രവാചകൻ ആർദ്രതയോടെ അവളോട് ചോദിക്കയാണ്; "സുഖം തന്നെയോ? ഭർത്താവ് സുഖമായിരിക്കുന്നുവോ? ബാലന് സുഖമുണ്ടോ?" എത്ര അലിവോലുന്ന ശബ്ദം; എത്ര കരുണയൂറുന്ന സ്വരം ! എത്ര ഉള്ളം തണുപ്പിക്കുന്ന വാക്കുകൾ!

അവൾ എന്തു മറുപടി പറയും? എന്തു സുഖം? ഭർത്താവിന് എന്ത് സുഖം! ഓമന മകൻ മരിച്ചു കിടക്കുന്നു. മ്ലാനത തളം കെട്ടിയിരിക്കുന്നു. എങ്കിലും ശൂനേംകാരി പ്രശ്നം തുറന്നു പറഞ്ഞു. ഭാരം ഇറക്കിവെച്ചു. പ്രവാചകൻ അവളുടെ ഭവനത്തിലെത്തി.

എലീശാ വീട്ടിൽ വന്നപ്പോൾ തന്റെ കട്ടിലിൽമേൽ ബാലൻ മരിച്ചു കിടക്കുന്നത് കണ്ടു. താനും ബാലനും മാത്രം അകത്ത് ഉണ്ടായിരിക്കെ അവൻ വാതിലടച്ചു യഹോവയോട് പ്രാർത്ഥിച്ചു. തന്റെ ഭ്രതന്റെ കണ്ണുനീർ ദൈവം കണ്ടു. തന്റെ ദാസന്റെ യാചന കർത്താവു കേട്ടു.

അത്ഭുതം! ബാലൻ ഏഴു പ്രാവശ്യം തുമ്മി, കണ്ണു തുറന്നു. "നിന്റെ മകനെ എടുത്തുകൊണ്ടു പൊയ്കൊൾക" എന്ന് ദൈവപുരുഷൻ ശൂനേംകാരിയോടു പറഞ്ഞു. നാം വായിക്കുന്നത്, "അവൾ അകത്തു ചെന്ന് അവന്റെ കാൽക്കൽ സാഷ്ടാംഗം വീണ് നമസ്ക്കരിച്ച് തന്റെ മകനെ എടുത്തുകൊണ്ടു പോയി." ദൈവത്തിന് സ്തോത്രം.

ആത്മാവിൽ മരിച്ചിരിക്കുന്ന ആരെങ്കിലും ഈ ശബ്ദം കേൾക്കുന്നുണ്ടോ?

"പാപത്തിന്റെ ശബളം മരണമത്രേ."
റോമർ 6 : 23

"പാപം ചെയ്യുന്ന ദേഹി മരിക്കും."
യെഹ. 18 : 4

"പാപം ചെയ്യുന്ന നാളിൽ മരിക്കും."
ഉല്പത്തി 2 : 17

"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു ; പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
യാക്കോബ് 1 : 15

ആത്മാവ് മരിച്ചിരിക്കുന്നു എന്ന് ബോദ്ധ്യമുള്ളവൻ ആത്മാക്കളുടെ ഉടയവനായ യേശുവിനോട് അപേക്ഷിക്കട്ടെ.

"…..അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്." യോഹ. 10: 10

ക്രിസ്തു ക്രൂശിൽ മരിച്ചത് പാപത്തിൽ മരിച്ച നമുക്ക് ജീവൻ തരാനാണ്.

"മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല." സങ്കീ. 115 : 17

ആത്മാവിന്റെ ജീവന്റെ തുടിപ്പാണ് സ്തുതി. അതാണ് ആരാധന.

"ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ." സങ്കീ. 150 : 6

ഇതനുഭവിച്ച പൂർവ്വിക പിതാക്കൻമാർ പ്രാർത്ഥിച്ചു. “കർത്താവേ, നിന്നെ സ്തുതിക്കുന്നതിൽനിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽനിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്ക് ഇടയാകരുതേ” എന്ന്. മരിച്ചവർ ജീവൻ പ്രാപിക്കുന്നതാണ് ഏറ്റവും വലിയ അത്ഭുതം.

മാന്യ സ്നേഹിതാ, താങ്കൾക്ക് പാപമോചനവും ആത്മാവിൽ ജീവനും തരാൻ ക്രിസ്തുവിന് കഴിയും. ക്രിസ്തുവിനെ താങ്കൾ ഒന്ന് വിളിക്കുമോ? പാപജീവിതത്തെ വെറുത്തുപേക്ഷിച്ചുകൊണ്ട് ക്രിസ്തുവിനോട് ജീവനുവേണ്ടി യാചിക്കുമോ?

ശൂനേംകാരിയുടെ മകനെ ഉയിർപ്പിച്ച സർവ്വ വല്ലഭൻ താങ്കളെയും ജീവിപ്പിക്കും. ഇത് വിശ്വസിച്ചുകൊണ്ട് ക്രിസ്തുവിനോട് പറയുക. കർത്താവേ, നീ എനിക്കുവേണ്ടി ജീവൻ വെടിഞ്ഞതിനാൽ ഞാൻ ഇന്നു മുതൽ നിനക്കായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം. സ്വർഗ്ഗീയ നാഥാ, അവിടത്തെ പാദത്തിൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുള്ളതിനാൽ സ്തോത്രം. മനുഷ്യന്റെ ക്ഷേമമന്വേഷിക്കുകയും മനുഷ്യന്റെ ക്ഷേമത്തിനുവേണ്ടി ക്രൂശിൽ പിടഞ്ഞു മരിക്കുകയും ചെയ്ത യേശുവേ, അവിടത്തെ പാദത്തിൽ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. എന്നെ നീ കൈക്കൊള്ളണമേ. വാഴ്ത്തണമേ.

## പതിനൊന്ന്

"അന്യായ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയ്ക്ക; എല്ലാ നുകത്തെയും തകർക്കുക. ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം?" യെശയ്യാ 58 : 6

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ അമ്പതാം വർഷമാണല്ലോ ഇത്. ജൂബിലി ആഘോഷങ്ങളെക്കുറിച്ച് നാം കേൾക്കുകയും ചിലതെല്ലാം കാണുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ട് അനേക രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യലബ്ധിയുടെ സാക്ഷ്യം വഹിക്കുകയുണ്ടായി. രാഷ്ട്രീയമായും സാമൂഹികമായും മറ്റും ബാഹ്യമായ അനേക തരത്തിലുള്ള ബന്ധനങ്ങൾ അഴിഞ്ഞു എന്നുള്ളത് സത്യമാണ്. എന്നാൽ മനുഷ്യന്റെ ആന്തരിക ബന്ധനം അഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കുമ്പോൾ യാഥാർത്ഥ്യത്തിന്റെ മുന്നിൽ നാം അമ്പരപ്പോടെ നിന്നുപോകും. അനേകം അനേകം ആന്തരിക ബന്ധനങ്ങ

ളുടെ ഊരാക്കുരുക്കിൽ പെട്ട് വലയുകയാണ് മനുഷ്യനിന്ന്.

യേശുക്രിസ്തു ജനിക്കുന്നതിന് 750 കൊല്ലം മുമ്പ് ഇന്നേക്ക് ഏതാണ്ട് 2750 കൊല്ലം മുമ്പ് നിത്യ പരിശുദ്ധനായ ദൈവം യെശയ്യാ പ്രവാചകനിൽക്കൂടെ മനുഷ്യജാതിയെ പ്രബോധിപ്പിച്ചു.

"അന്യായ ബന്ധനങ്ങളെ അഴിക്കുക."
യെശയ്യാ 58 : 6

കർമ്മാനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും പിൻബലത്തിൽ അഭിമാനകരമായ ജീവിതം നയിക്കുന്നു എന്ന് സ്വയസംതൃപ്തിയിൽ കഴിയുന്ന ജനത്തോടാണ് ദൈവം ഇത് പറയുന്നത്: "അന്യായ ബന്ധനങ്ങളെ അഴിക്കുക." അവർ ചോദിക്കുന്നു : "ദൈവമേ, ഞങ്ങൾ നോമ്പു നോക്കുന്നു, ആത്മതപനം ചെയ്യുന്നു; ജാഗരിക്കുന്നു; അനുതപിക്കുന്നു ; പ്രാർത്ഥിക്കുന്നു. പക്ഷേ നീ അതൊന്നും കാണുന്നില്ല. അതെന്താണ്? ദൈവം പറയുന്നു : ചില ചടങ്ങുകൾ ആചരിക്കുന്നതല്ല ദൈവത്തെ പ്രസാദിപ്പിക്കുന്നത്.

"നിങ്ങൾ വിവാദത്തിനും കലഹത്തിനും ക്രൂരമുഷ്ടികൊണ്ട് അടിക്കേണ്ടതിനും നോമ്പു നോല്ക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ തക്കവണ്ണമല്ല നിങ്ങൾ ഇന്ന് നോമ്പ് നോല്ക്കുന്നത്."
യെശയ്യാ 58 : 4

അതായത് നിങ്ങളിൽ അന്യായ ബന്ധനങ്ങളുണ്ട്. വിവാദം, കലഹം, വ്യവഹാരം, ദുശ്ചിന്ത, ദ്രവ്യാഗ്രഹം, അസൂയ, അലസത, കാപട്യം, വ്യാജഭാവം, മദ്യപാനം, വ്യഭിചാരം എന്നിങ്ങനെ എത്രയോ ബന്ധനങ്ങൾ ആത്മാവിലുണ്ട്. ആ ബന്ധനങ്ങൾ അഴിയാതെ എന്തു പ്രാർത്ഥിച്ചാലും എന്തു മനോ

ഗുണ പ്രവൃത്തിചെയ്താലും ഒന്നും ദൈവസന്നിധിയിൽ പ്രസാദമാകയില്ല എന്നത്രേ ഈ ഭാഗത്ത് ദൈവം കല്പ്പിക്കുന്നത്. “ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു” എന്ന് സങ്കീർത്തനത്തിൽ ദാവീദ് പറയുന്നതും ഇതേ ആശയം തന്നെയാണ്.

വിവിധ രീതിയിലുള്ള ബന്ധനങ്ങൾ മനുഷ്യനെ അടിമപ്പെടുത്തുന്നുണ്ട്.

ഒന്നാമതായി പാപത്തിന്റെ ബന്ധനം അഥവാ അനീതിയുടെ ബന്ധനം.

അപ്പോ. പ്രവൃത്തികൾ 8:23ൽ ശമര്യയിലെ ശീമോൻ എന്ന ആഭിചാരകനോട് അപ്പോസ്തലനായ പത്രോസ് പറയുന്നത് :

> “നീ കൈപ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്ന് ഞാൻ കാണുന്നു” എന്നാണ്.”
>
> Living Bible - ൽ "I can see that there is jealousy and sin in your heart." എന്നാണ് ഈ വാക്യം കാണുന്നത്. "Your heart is not right before God. Repent of this wickedness and pray to the Lord ; for I see that you are full of bitterness and captive to sin." എന്നാണ് New international Version - ൽ വായിക്കുന്നത്.

ആഭിചാര പ്രവൃത്തി ചെയ്തുവന്ന ശീമോന്റെ ഹൃദയം സ്വയമഹത്വം, സ്ഥാനമോഹം, പ്രതാപമോഹം, അസൂയ, കയ്പ് എന്നീ പാപങ്ങളുടെ ബന്ധനത്തിൽ അകപ്പെട്ടതായി അപ്പോസ്തലൻ കാണുകയാണ്.

ഈ വാക്കുകളെ കേൾക്കുന്ന മാന്യ സ്നേഹിതാ, താങ്കളുടെ ഹൃദയം ഏതെല്ലാം പാപത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു? ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു എന്ന വചനം താങ്കൾ വിശ്വസിക്കുന്നുവോ?

പാട്ടുകാരൻ പാടുന്നതുപോലെ: "ശുദ്ധിയ്ക്കായ് നീ യേശു സമീപേ പോയോ? കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?"

> ബൈബിൾ പറയുന്നു: "തന്റെ ലംഘനങ്ങളെ മറെക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."
> സദൃശ്യവാക്യങ്ങൾ 28 : 13

> "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു."
> 1 യോഹ. 1 : 9

ക്രിസ്തു ക്രൂശിൽ മരിച്ചത് മനുഷ്യന്റെ പാപത്തിന്റെ ശിക്ഷ തന്റെ മേൽ ഏറ്റുകൊണ്ടാണ്. പാപിയായ മനുഷ്യനെ നീതീകരിക്കാനാണ് നീതിമാനായ ക്രിസ്തു നീതി കെട്ടവനെപ്പോലെ ക്രൂശിൽ തന്റെ കുറ്റമില്ലാത്ത രക്തം ചിന്തിയത്.

> "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." യോഹ. 1 : 12

രണ്ടാമതായി സാത്താന്റെ ബന്ധനം.

ലൂക്കോസ് 13ന്റെ 16-ൽ നാം കാണുന്നു.

> "സാത്താൻ പതിനെട്ട് സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തുനാളിൽ ഈ ബന്ധനം അഴിച്ചുവിടേണ്ട തല്ലയോ?"

പതിനെട്ടു സംവത്സരമായി സാത്താൻ ബന്ധിച്ചിരുന്നതു കൊണ്ടാണ് അവൾ കൂനിയായിത്തീർന്നത്. ക്രിസ്തു അവളിൽ മനസ്സലിഞ്ഞു. അവളുടെ മുതുകത്ത് ക്രിസ്തു തന്റെ കരം വെച്ചു. അവൾ ക്ഷണത്തിൽ നിവിർന്ന് ദൈവത്തെ മഹത്വപ്പെടുത്തി.

അനേകരെ സാത്താൻ ബന്ധിച്ചിട്ടിരിക്കുകയാണ്. ഏഴു ഭൂതങ്ങൾ ബാധിച്ച മഗ്ദലനമറിയാമിൽനിന്ന് സാത്താന്റെ ബന്ധനം ക്രിസ്തു അഴിച്ചുമാറ്റി.

ആറായിരം ഭൂതങ്ങൾ ബന്ധിച്ചിരുന്ന ഗദരദേശത്തെ ഭൂതഗ്രസ്തനെ കർത്താവ് സമീപിച്ച് അവന്റെ ബന്ധനം അഴിച്ച് അവന് സുബോധം നൽകി.

ഇന്നും അനേകരുടെ ബന്ധനം കർത്താവ് അഴിച്ചുകൊണ്ടിരിക്കുന്നു. മദ്യം, കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെയും മറ്റനേകം ദുഷ്പരിചയങ്ങളുടെയും ദുശ്ശീലങ്ങളുടെയും ബന്ധനത്തിൽനിന്ന് ക്രിസ്തുവിന്റെ വചനം മൂലം സ്വാതന്ത്ര്യം പ്രാപിച്ച എത്രയോ ആളുകളുണ്ട്.

> "പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നേ ദൈവപുത്രൻ പ്രത്യക്ഷനായി."
>
> 1 യോഹ. 3 : 8

മാന്യ സ്നേഹിതാ, താങ്കൾ ഇന്ന് ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുമോ? പലവട്ടം ശ്രമിച്ചിട്ടും മാറാത്ത കോപം, വാശി, പക, വൈരാഗ്യം, മുഷിച്ചിൽ, അശുദ്ധ വികാരങ്ങൾ,

മോഹങ്ങൾ, അധമ വിചാരങ്ങൾ, മ്ലേച്ഛ മനോരാജ്യങ്ങൾ എന്നിവയുടെ അടിമത്തത്തിലാണോ താങ്കളിന്ന്. താങ്കളുടെ ബന്ധനം അഴിപ്പാൻ ക്രിസ്തുവിന് കഴിയും എന്ന് വിശ്വസിക്കുക. ക്രിസ്തുവിൻ പാദത്തിൽ ആശ്രയിക്കുക.

ക്രിസ്തുവിന്റെ രക്തത്താലുള്ള കഴുകൽ അനുഭവിക്കുക. മേലിൽ പാപം ചെയ്യുകയില്ലെന്ന് തീരുമാനിക്കുക. പാപശീലങ്ങളോടും പാപസ്വഭാവങ്ങളോടും എന്നന്നേക്കുമായി യാത്രപറയുക.

മൂന്നാമതായി രോഗബന്ധനം.

ലൂക്കോസ് 13 : 12-ൽ കൂനിയായ സ്ത്രീയോട് ക്രിസ്തു പറയുന്നത് നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നാണ്. കൂന് എന്ന രോഗത്തിന്റെ ബന്ധനത്തിൽ കീഴിലായിരുന്നു ആ സ്ത്രീ. കർത്താവായ യേശു അവളെ കണ്ട് മനസ്സലിഞ്ഞു. തന്റെ സൃഷ്ടി ഒട്ടും നിവിരാനാവാതെ വളഞ്ഞ് കൂനി നടക്കുന്നത് സ്രഷ്ടാവ് ആർദ്രതയോടെ കണ്ടു. തന്നെത്താൻ നിവിരാനാവാതെ വലഞ്ഞിരിക്കുന്ന ആ പാവപ്പെട്ട സ്ത്രീയുടെ മേൽ യേശു തന്റെ കരം വെച്ചു. ക്ഷണത്തിൽ അവൾ നിവിർന്ന് ദൈവത്തെ മഹത്വപ്പെടുത്തി.

ഏതെങ്കിലും രോഗം മൂലം വലഞ്ഞും വിഷമിച്ചും ആകുലപ്പെട്ടും ഇരിക്കുന്ന പ്രിയ സഹോദരാ, മാന്യ സഹോദരി, ക്രിസ്തു മനസ്സലിവുള്ളവനാണ് ; സർവ്വാശ്വാസവും നൽകുന്നവനാണ്.

> "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ യാകുന്നു" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.
> പുറപ്പാട് 15 : 26

> "അവൻ നിന്റെ അകൃത്യമൊക്കെയും മോചി

ക്കുന്നു ; നിന്റെ സകല രോഗങ്ങളെയും സൗഖ്യ മാക്കുന്നു." സങ്കീ. 103 : 3

യഹോവ അവനെ രോഗശയ്യയിൽ താങ്ങും; ദീനത്തിൽ നീ അവന്റെ കിടക്ക എല്ലാം മാറ്റി വിരിക്കുന്നു." സങ്കീ. 41 : 3

അറബിക്കഥകളിൽ Sinbad the Sailor - കപ്പലോട്ടക്കാരനായ സിൻബാദ് – എന്നൊരു കഥയുണ്ട്. കപ്പൽച്ചേതത്തിലകപ്പെട്ട സിൻബാദ് ഒരു ദ്വീപിൽ എത്തി. ആൾപ്പാർപ്പില്ലാത്ത ദ്വീപ് എന്ന് ആദ്യ കരുതിയെങ്കിലും ഒരു വൃദ്ധൻ ഒരിടത്ത് ഇരിക്കുന്നത് സിൻബാദ് കണ്ടു.

തീരെ നടക്കാൻ വയ്യാത്ത ആ കിഴവന്റെ അപേക്ഷ അനുസരിച്ച് സിൻബാദ് അയാളെ ചുമലിലേറ്റികൊണ്ട് കൈ രണ്ടും കുത്തി നാലുകാലിൽ നടന്നു. വളരെ നേരമായിട്ടും അയാൾ താഴെയിറങ്ങുന്നില്ലെന്ന് കണ്ടപ്പോൾ കഴുത്ത് നല്ലതുപോലെ കഴച്ച് വേദനിച്ച സിൻബാദ് ഒന്നു കുതറി. അപ്പോഴാണ് വൃദ്ധന്റെ ബലം അറിയുന്നത്.

കടൽക്കിഴവൻ എന്നറിയപ്പെടുന്ന ഒരു രാക്ഷസനാണ് അയാൾ എന്നറിഞ്ഞതോടെ സിൻബാദ് വളരെ വിഷമത്തിലായി. സിൻബാദ് വലഞ്ഞ് ക്ഷീണിച്ച് തളരുമ്പോൾ കൊന്നു തിന്നാൻ പരിപാടിയിട്ടാണ് ഈ കടൽക്കിഴവൻ ചുമലിൽ കയറിയിരിക്കുന്നത് എന്ന് സിൻബാദ് മനസ്സിലാക്കി. ഏതോ ഒരു ചെടിയുടെ പഴം തിന്ന് അതിന്റെ സത്ത് മൂലം വൃദ്ധൻ ലഹരി പിടിച്ചപ്പോൾ അയാളെ സിൻബാദ് സർവ്വശക്തിയും ഉപയോഗിച്ച് കുതറി തള്ളിയിട്ട് ഓടി രക്ഷപ്പെട്ടു എന്നാണ് ആ കഥ.

ഇതുപോലെ സാത്താൻ അനേകരുടെ ചുമലിൽ കയറി

യിരുന്ന് അവരെ ഞെരിക്കുകയാണ്. അനേക യുവാക്കൻമാരെ പിശാച് പാവകളിപ്പിച്ച് പ്രയോജനരഹിതരാക്കിത്തീർക്കുക യാണ്.

പ്രിയ സ്നേഹിതാ, ഇത് താങ്കളുടെ അവസ്ഥയാണോ? സാത്താൻ താങ്കളെ അരുതാത്ത വഴികളിലൂടെ നയിക്കുക യാണോ?

അന്യായ ബന്ധനങ്ങളെ അഴിക്കുക. ക്രിസ്തുവിന്റെ കുരി ശിൻ ചുവട്ടിൽ ജീവിതം സമർപ്പിക്കുക. ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിൽ ആശ്രയിക്കുക. കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി ഹൃദയത്തിൽ കൈക്കൊള്ളുക. പാപജീവിതത്തോട് എന്നന്നേക്കുമായി യാത്ര പറയുക.

എങ്കിൽ ഇപ്രകാരം പറയുക : "യേശുവേ, നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക."

നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള ദൈവമേ, എനി ക്കുവേണ്ടി ക്രൂശിൽ മരിച്ച യേശുവേ, അവിടത്തെ പരി ശുദ്ധ രക്തത്തിൽ ശരണപ്പെടുവാൻ എന്നെ നീ വിളിച്ചതി നാൽ സ്തോത്രം. സാത്താന്റെ ബന്ധനങ്ങളെല്ലാം എന്നിൽനിന്ന് അഴിപ്പാൻ അവിടുന്ന് ക്രൂശിൽ മൂന്നു ആണി കളാൽ കെട്ടപ്പെട്ടതിനാൽ സ്തോത്രം. നാഥാ, എന്നെ നീ വിശുദ്ധീകരിക്കണമേ. രൂപാന്തരപ്പെടുത്തണമേ.

## പന്ത്രണ്ട്

"എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക."
പുറപ്പാട് 8 : 1

അന്യായ ബന്ധനങ്ങളെ അഴിക്ക എന്ന ദൈവകല്പനയെക്കുറിച്ച് നാം ചിന്തിച്ചല്ലോ. ബന്ധനമഴിയുന്നത് എന്തിനുവേണ്ടിയാണെന്ന് ഇപ്പോൾ നമുക്ക് ധ്യാനിക്കാം.

"എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക" എന്ന് യഹോവ അരുളിച്ചെയ്യുന്നു.
പുറപ്പാട് 8 : 1

"മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന് എന്റെ ജനത്തെ വിട്ടയക്കേണം."
പുറ. 5 : 1

ഈജിപ്റ്റിൽ ഫറവോരാജാവിന്റെ അടിമത്തത്തിലാണ് യിസ്രായേൽ ജനം. അവർ ഈജിപ്റ്റിൽ എത്തിയത് രഥങ്ങളിൽ ആഘോഷത്തോടും ആനന്ദത്തോടും കൂടിയാണ്.

നാന്നൂറ്റി മുപ്പതു സംവത്സരങ്ങൾക്ക് ശേഷം അവർ ഈജിപ്റ്റിൽനിന്ന് പുറപ്പെടുന്നതോ ഫറവോന്റെ അടിമത്തത്തിൽ വലഞ്ഞും യാതനകളേറ്റ് തകർന്നും ആണ്. അവരെ മിസ്രയീമിൽനിന്ന് വിടുവിക്കുവാൻ ദൈവം നിയോഗിച്ച മോശെ ഫറവോന്റെ മുമ്പിൽ ചെന്ന് പറയുകയാണ്.

> "എന്നെ ആരാധിപ്പിൻ എന്റെ ജനത്തെ വിട്ടയക്ക, എന്ന് യഹോവ അരുളിച്ചെയ്യുന്നു."
>
> പുറ. 8 : 1

ആരാധനയില്ലാത്ത നാനൂറിലേറെ വർഷം ദൈവജനത്തിനുണ്ടായി. പിൽക്കാലത്ത് ഹോശേയാ പ്രവാചകൻ പറഞ്ഞു :

> "യിസ്രായേൽ മക്കൾ ബഹുകാലം രാജാവില്ലാതെയും പ്രഭുവില്ലാതെയും യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും എഫോദില്ലാതെയും ഗൃഹബിംബമില്ലാതെയും ഇരിക്കും. ഭാവികാലത്ത് അവർ ഭയപ്പെട്ടുംകൊണ്ട് യഹോവയിങ്കലേക്കും അവന്റെ നൻമയിങ്കലേക്കും വരും."
>
> ഹോശേയാ 3 : 4 – 5

ദൈവത്തെ അറിഞ്ഞ ജനം ദൈവത്തെ ഓർക്കാതെ കഴിഞ്ഞ കാലം. ദൈവത്തെ ആരാധിച്ച ജനത്തിന് ആരാധന മുടങ്ങിപ്പോയ കാലം.

പൗലോസ് അപ്പോസ്തലൻ എഫെസ്യ ക്രിസ്ത്യാനികളെ ഓർമ്മിപ്പിച്ചു, അവരുടെ പഴയ കാലത്തെപ്പറ്റി.

> "അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൌരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമ

> ങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോക ത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നോർത്തു കൊൾവിൻ.” എഫെസ്യർ 2 : 12

മാന്യ സ്നേഹിതാ, താങ്കൾ ഇന്ന് ദൈവത്തെ അറിഞ്ഞ് ദൈവജനത്തോട് ചേർന്ന് ദൈവത്തെ ആരാധിക്കുന്ന സൗഭാഗ്യത്തിലാണോ? സത്യദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഭാഗ്യാനുഭവം താങ്കൾക്കുണ്ടോ? താങ്കളുടെ ജീവിതത്തിൽ ആരാധന പുന:സ്ഥാപിച്ചു തരുവാൻ ക്രിസ്തുവിന് കഴിയും. ക്രിസ്തുവിന് മനസ്സാണ്.

ഫറവോന്റെ അടിമത്തത്തിൽ കിടന്നുകൊണ്ട് ആരാധനയില്ല. പിശാചിന്റെ ബന്ധനത്തിൽ വസിച്ചുകൊണ്ട് ആരാധന സാദ്ധ്യമല്ല. അതുകൊണ്ടാണ് ദൈവം ഫറവോനോട് പറയുന്നത്, “എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക.”

> “കർത്താവേ, നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന് എന്റെ പ്രാണനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമേ” എന്ന് ദാവീദ് പ്രാർത്ഥിക്കുന്നു.” സങ്കീ. 142 : 7

ദൈവജനത്തെ തന്റെ പിടിയിൽനിന്ന് വിട്ടയക്കാൻ ഫറവോൻ വിസ്സമ്മതിക്കുകയാണ്. പ്രിയ സ്നേഹിതാ, നിന്നെ സാത്താൻ അടിമവേല ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്. പാപത്തിലേക്കും ലോകത്തിലേക്കും നിന്നെ വശീകരിച്ച് തിൻമയിൽ നിന്നെ ബന്ധിച്ചിടുന്നതാണ് സാത്താന്റെ പരിപാടി.

ഏദൻതോട്ടത്തിൽ മനുഷ്യനെ ഉപായത്തിൽ വഞ്ചിച്ച സാത്താൻ ഇന്നും കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മാർഗ്ഗങ്ങളിലൂടെ നിന്നെ ബന്ധിച്ച് ദൈവീക സംസർഗ്ഗത്തിൽനിന്ന് പുറന്തള്ളാൻ നോക്കുകയാണ്.

ദൈവത്തിന്റെ അത്ഭുതശക്തി ഫറവോന് വെളിപ്പെടുത്തിക്കൊടുത്തു. അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. പക്ഷേ ഫറവോൻ ജനത്തെ വിട്ടയച്ചില്ല. നാലു തരത്തിലുള്ള കൗശലങ്ങൾ ഫറവോൻ പ്രയോഗിക്കുന്നുണ്ട്.

> ഒന്ന്, നിങ്ങൾ പോയി ദേശത്തുവച്ചുതന്നേ നിങ്ങളുടെ ദൈവത്തിന് യാഗം കഴിപ്പിൻ.”
>
> പുറ. 8 : 25

സാത്താന്റെ മണ്ഡലത്തിൽ നിന്നുകൊണ്ടുതന്നെ ആരാധന ആകാമല്ലോ എന്നാണ് സാത്താൻ തരുന്ന ആലോചന. ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങി ചടങ്ങായിട്ട് നടത്തുന്ന ആരാധന പലതും സാത്താന്റെ ബന്ധനത്തിൽനിന്ന് മോചനം പ്രാപിക്കാതെയാണ്.

മോശെ ഫറവോന്റെ അഭിപ്രായത്തിന് വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ രണ്ടാമത്തെ കൗശലം ഫറവോൻ പ്രയോഗിക്കുകയാണ്.

> “നിങ്ങളുടെ ദൈവമായ യഹോവെക്കു മരുഭൂമിയിൽ വെച്ച് യാഗം കഴിക്കേണ്ടതിന്നു നിങ്ങളെ വിട്ടയയ്ക്കാം, അതിദൂരത്തു മാത്രം പോകരുത്.”
>
> പുറ. 8 : 28

സാത്താന്റെ പ്രവർത്തന പരിധിയിൽ നിന്ന് വിട്ടുപോകാതിരിപ്പാൻ അനേകം ദൈവമക്കളെ പിശാച് തന്ത്രപൂർവ്വം നിറുത്താൻ ശ്രമിക്കും.

അതിനും മോശ വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ മൂന്നാമത്തെ ഉപായം ഫറവോൻ പ്രയോഗിക്കുന്നു.

"നിങ്ങൾ പുരുഷന്മാർ പോയി യഹോവയെ ആരാധിച്ചുകൊൾവിൻ." പുറ. 10 : 11

നാലാമത് ഒരു തന്ത്രം കൂടെ ഫറവോൻ നോക്കുന്നുണ്ട്.

"നിങ്ങൾ പോയി യഹോവയെ ആരാധിപ്പിൻ. നിങ്ങളുടെ ആടുകളും കന്നുകാലികളും മാത്രം ഇങ്ങു നില്ക്കട്ടെ. നിങ്ങളുടെ കുഞ്ഞുകുട്ടികളും നിങ്ങളോടുകൂടെ പോരട്ടെ." പുറ. 10 : 24

അവരുടെ സ്വത്തെല്ലാം അവിടെ വിട്ടിട്ടു പോയാൽ അവർ തിരികെ വന്നുകൊള്ളും എന്നാണ് ഫറവോന്റെ കണക്കുക്കൂട്ടൽ.

ഇപ്പോൾ വിട്ടുപോയാലും പിന്നീട് തന്റെ കൈപിടിയിലേക്ക് ഒതുക്കിയെടുക്കാമെന്നാണ് സാത്താന്റെ പരിപാടി.

അതിനൊന്നിനും, മോശെയെപ്പോലെ, വഴങ്ങാതെ ധീരതയോടും വിശ്വാസത്തോടും കൂടി നില്ക്കാൻ നമുക്ക് കഴിഞ്ഞാൽ സത്യാരാധനയിലേക്ക് നമുക്ക് എത്തിച്ചേരാം.

ആരാധന ഉത്സമാണ് ; ആരാധന യാഗമാണ്. പുറപ്പാട് 5:1–3 വായിക്കുമ്പോൾ നാമത് കാണുന്നു.

"മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന് എന്റെ ജനത്തെ വിട്ടയക്കേണം."
പുറ. 5 : 1

"ഞങ്ങൾ മൂന്നു ദിവസത്തെ വഴി മരുഭൂമിയിൽ പോയി ഞങ്ങളുടെ ദൈവമായ യഹോവയ്ക്ക് യാഗം കഴിക്കട്ടെ." പുറ. 5 : 3

ആത്മാവിന്റെ ഉത്സവാഹ്ലാദത്തോടെ തന്നെത്തന്നെയാഗം

കഴിക്കുന്നതാണ് ഭാഗ്യകരമായ ജീവിതം . സാക്ഷാത്തായ സമർപ്പണം അതാണ്.

തനിക്കുള്ളതൊക്കെയും വിറ്റ് നിധി ഒളിച്ചു വച്ചിരിക്കുന്ന വയൽ വാങ്ങിയ ആളെക്കുറിച്ച് കർത്താവ് പറയുന്നത് അവൻ സന്തോഷത്താൽ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റു എന്നാണ്.

സ്നേഹിതാ, മടിച്ചും പേടിച്ചും നാണിച്ചും വേച്ചും വിറച്ചും അല്ല തന്നെത്തന്നെ ത്യജിക്കുന്നതും ക്രൂശിന്റെ വഴി തെരഞ്ഞെടുക്കുന്നതും. ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം എന്ത് എന്ന് തിരിച്ചറിഞ്ഞ് ആ സ്നേഹത്തെ സ്നേഹിക്കുന്നതാണ് യാഗം. അതാണ് ആരാധന. ആ യാഗമില്ലെങ്കിൽ ആരാധനയില്ല.

ക്രിസ്തു പരമബലിയായി തന്നെത്തന്നെ അർപ്പിച്ചു. മനുഷ്യന്റെ പാപമോചനത്തിനായി ക്രൂശുമരണം വരിച്ചതുപോലെ ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി സകലവും ചപ്പെന്നും ചവറെന്നും എണ്ണി ക്രിസുതുവിന്റെ അരുമപാദത്തിൽ ജീവിതം അർപ്പണം ചെയ്യുന്നതാണ് മഹാഭാഗ്യം. അവിടെ യാഗമുണ്ട്. അവിടെ സാത്താന്റെ ബന്ധനത്തിൽ നിന്നും മോചനം പ്രാപിച്ച് പാപത്തിന്റെ കെട്ടുകൾ അഴിഞ്ഞതുകൊണ്ടുള്ള ഉത്സവസ്തുതിയുണ്ട്. സ്തോത്രഗീതമുണ്ട്.

> എന്തിനാണ് അഴിച്ചുവിടുന്നത്? ആരാധനയ്ക്കു മാത്രമല്ല. "അതിനെ അഴിക്കുന്നത് എന്ത് എന്ന് ആരെങ്കിലും നിങ്ങളോട് ചോദിച്ചാൽ "കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട് എന്നു പറവീൻ."
> ലൂക്കോ. 19 : 31

കഴുതക്കുട്ടിയെ കെട്ടിയിരുന്നത് അതിനെ കഴുത്തൊടിച്ചു

കൊല്ലാനാണ്. പുറ. 13 : 13, 34 : 20

നിത്യനാശത്തിലേക്ക് തള്ളുവാൻ പിശാച് കെട്ടിയിരുന്നതിനെ രാജാധിരാജന് വാഹനമേറാൻ അഴിച്ചുവിട്ട ക്രിസ്തുവിന്റെ സ്നേഹം എത്ര നിസ്തുലം.

അതേ മാന്യ സഹോദരാ, നിന്നെക്കൊണ്ട് യേശുവിന് ആവശ്യമുണ്ട്. എന്നെ ആർക്കും വേണ്ട എന്നാണ് നീ ചിന്തിക്കുന്നത്. ഞാൻ രോഗിയല്ലേ ; എനിക്ക് വിദ്യാഭ്യാസമില്ലല്ലൊ ; എനിക്ക് പണമില്ലല്ലൊ ; എനിക്ക് ആരുമില്ലല്ലൊ എന്നാണ് നിന്റെ ചിന്ത.

സ്നേഹിതാ, യേശു നിന്നോടു പറയുന്നു : “യേശുവിന് നിന്നെക്കൊണ്ട് ആവശ്യമുണ്ട്.” നീ ക്രിസ്തുവിന്റെ മുമ്പിൽ ഒന്നു തല താഴ്ത്തി നില്ക്കുമോ? ഇപ്പോൾത്തന്നെ ക്രിസ്തു നിന്റെ അരികിലുണ്ടെന്ന് നീ വിശ്വസിക്കൂ. ഒരു നിമിഷം വൈകാതെ ക്രിസ്തുവിന്റെ പാദത്തിൽ നീ നിന്നെത്തന്നെ സമർപ്പിക്കൂ.

കർത്താവേ, കഴുത ഹീനമൃഗമാണ്; മൃഗങ്ങളിലേക്കും ബുദ്ധിയില്ലാത്ത മൃഗമാണ്. കഴുതയുടെ ശബ്ദം കർണ്ണകഠോരമാണ്; കഴുതയെ കാണാൻ ഒരു ചന്തവുമില്ല. ഞാനും അങ്ങനെ തന്നെ. നാഥാ, ഞാനിതാ നിനക്കുവേണ്ടി എന്നെത്തന്നെ സമർപ്പിക്കുന്നു.

സ്നേഹിതാ, നിന്റെ ഹൃദയത്തിൽ ഇപ്പോൾ നീ ഇപ്രകാരം പറയുക. ക്രിസ്തുവിനെ വഹിച്ചുകൊണ്ട്, ക്രിസ്തു നടത്തുന്ന വഴികളിലൂടെ ഞാൻ സഞ്ചരിക്കും. അപ്രകാരമുള്ള ഒരു സമർപ്പണം നിന്റെ ഹൃദയത്തിൽ വരുമെങ്കിൽ ഒരു മഹാകാര്യം നടക്കും. എന്തെന്നോ?

നിന്റെ മുമ്പിൽ കുട്ടികൾ ആർത്തുവിളിക്കും. പൂക്കൾ വിതറും. വസ്ത്രം വിരിക്കും. നീ ഒരിക്കലും കണ്ടിട്ടില്ലാത്ത യരുശലേം ദേവാലയത്തിലേക്ക് നിനക്ക് നടന്നു കയറാം.

മറക്കരുത്. നിന്നെ കണ്ടിട്ടല്ല പൂക്കൾ വിതറിയത്. നിന്നെ കണ്ടിട്ടല്ല വസ്ത്രം വിരിച്ചത്. നിന്റെ മേൽ വാഹനമേറിയിരിക്കുന്ന യേശുവിന് ലഭിക്കുന്ന പദവിയുടെ പങ്ക് നിനക്കും ലഭിക്കും.

അപ്പോൾ നിന്റെ ഹൃദയത്തിൽ പൊട്ടിവിടർന്നു വരും ഒരു ചിന്ത : കർത്താവേ, എനിക്ക് ഒരു അർഹതയുമില്ലല്ലൊ, എല്ലാം നിന്റെ കൃപ. അപ്പോൾ നിന്റെ നാവിലും ചങ്കിലും സ്തുതി മുഴങ്ങും. അതാണ് ആരാധന. “എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക.”

നമുക്ക് പ്രാർത്ഥിക്കാം. കർത്താവേ, തിരുവചനങ്ങൾക്കായി സ്തോത്രം. ദിവ്യദൂതുകൾക്കായി സ്തോത്രം. സാത്താന്യ ബന്ധനങ്ങളെ അഴിച്ച് സത്യാരാധനയിലേക്ക് നടത്തുന്നതിനായി സ്തോത്രം.

## പതിമൂന്ന്

"അവന്റെ കെട്ട് അഴിപ്പിൻ അവൻ പോകട്ടെ." യോഹ. 11 : 44

ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു എന്ന് ക്രിസ്തു പറഞ്ഞു. ഞാൻ നല്ല ഇടയനാകുന്നു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; ഞാൻ വാതിലാകുന്നു; ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; എന്നിങ്ങനെ യേശു ക്രിസ്തു തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്ന അവകാശ പ്രഖ്യാപനങ്ങൾ ക്രിസ്തുവിന്റെ നിസ്തുലത വെളിപ്പെടുത്തുന്നവയാണ്.

പുനരുത്ഥാനവും ജീവനുമായ ക്രിസ്തു മരിച്ച ലാസറിനെ ഉയിർത്തെഴുന്നേല്പിച്ചു. ലാസർ ദീനമായി കിടന്നപ്പോഴേ സഹോദരിമാരായ മാർത്തയും മറിയയും ക്രിസ്തുവിനെ അറിയിച്ചിരുന്നു. പക്ഷേ ക്രിസ്തു വന്നത് ലാസർ മരിച്ച് കല്ലറയിൽ അടക്കി നാലു ദിവസമായപ്പോഴാണ്.

ഏങ്ങലടിച്ച് വിതുമ്പിക്കൊണ്ടാണ് മാർത്ത ക്രിസ്തുവിനെ എതിരേറ്റത്. "അവനെ വെച്ചത് എവിടെ" എന്ന് ചോദിച്ചു കൊണ്ട് ക്രിസ്തു കല്ലറയിലേക്ക് നടന്നുനീങ്ങി. കല്ലു നീക്കുവിൻ എന്ന് യേശു കല്പിച്ചു. അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി.

അനന്തരം യേശു കല്ലറയിലേക്ക് തല നീട്ടിക്കൊണ്ട് വിളിച്ചു : "ലാസറേ, പുറത്തു വരിക." മരിച്ചവൻ ജീവൻ പ്രാപിച്ചു പുറത്തു വന്നു. മരിച്ച് നാലു ദിവസമായി കല്ലറയിൽ നാറ്റംവെച്ച് കിടന്നവൻ ഉയിർത്തെഴുന്നേറ്റു. "അവന്റെ കയ്യും കാലും കെട്ടിയും മുഖം റൂമാൽകൊണ്ട് മൂടിയുമിരുന്നു. അവന്റെ കെട്ട് അഴിപ്പിൻ ; അവൻ പോകട്ടെ" എന്ന് യേശു കല്പിച്ചു.

"പാപത്തിന്റെ ശമ്പളം മരണമത്രേ."
റോമർ 6 : 23

"പാപം ചെയ്യുന്ന ദേഹി മരിക്കും."
യെഹ. 18 : 4

"പാപം ചെയ്യുന്നനാളിൽ മരിക്കും."
ഉല്പത്തി 2 : 17

"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
യാക്കോബ് 1 : 15

ആദിമ മാതാപിതാക്കൾ പാപം ചെയ്തപ്പോൾ ശരീരപ്രകാരം മരിച്ചില്ലല്ലൊ. അവർ ദൈവവുമായുള്ള ബന്ധത്തിൽ നിന്ന് പുറന്തള്ളപ്പെട്ടു. അതായത്, അവർ ആത്മാവിൽ മരിച്ചു.

ആത്മാവിൽ മരിച്ച മനുഷ്യനെ ഉയിർപ്പിക്കുവാനാണ് ക്രിസ്തു ക്രൂശിൽ ജീവൻ വെടിഞ്ഞത്. ആത്മാവിൽ മരിച്ച മനുഷ്യനെ ക്രിസ്തു ഉയിർപ്പിക്കുമെന്നതിന്റെ പ്രതീകമായി ട്ടാണ് ക്രിസ്തു ലാസറിനെ ഉയിർപ്പിച്ചത്.

ദേഹവും ദേഹിയും ആത്മാവുമുണ്ട് മനുഷ്യന്. ദേഹവും ദേഹിയും ഒരുമിച്ച് ക്രിസ്തുവിനോട് യാചിച്ചാലേ ആത്മാവിനെ കർത്താവ് ഉയിർപ്പിക്കുകയുള്ളൂ. മാർത്ത ദേഹത്തിന്റെയും മറിയ ദേഹിയുടെയും ലാസർ ആത്മാവിന്റെയും പ്രതീകമത്രേ.

മാർത്ത ക്രിസ്തുവിനെ ഏതിരേറ്റെങ്കിലും ക്രിസ്തു വാതിൽക്കൽത്തന്നെ നില്ക്കുകയാണ്. ശരീരം പ്രാർത്ഥനകൾ ചൊല്ലിയാലും ചടങ്ങുകൾ ആചരിച്ചാലും ക്രിസ്തു ആത്മാവിനെ ഉയിർപ്പിക്കുകയില്ല. മറിയ കൂടി വന്ന് ക്രിസ്തുവിനെ എതിരേറ്റപ്പോൾ ക്രിസ്തു അകത്ത് വരികയാണ്. അവരോടൊപ്പം ലാസറിന്റെ കല്ലറയിലേക്ക് നടക്കുകയാണ്.

തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടെ അനുതാപപൂർവ്വം ഉള്ളഴിഞ്ഞ് അപേക്ഷിക്കുമ്പോഴാണ് ക്രിസ്തു ഉള്ളം നൊന്തു കലങ്ങികൊണ്ട് കല്ലറിയിലെത്തുന്നത്. ദേഹവും ദേഹിയും നാറ്റംവെച്ച ജീവിതത്തെ ലജ്ജ കൂടാതെ ക്രിസ്തുവിന്റെ മുമ്പിൽ തുറക്കണം. കല്ലറയുടെ വാതിൽക്കൽനിന്ന് കല്ല് നീക്കണം. അപ്പോൾ മരിച്ച് നാറ്റംവെച്ച ജീവിതത്തെ ക്രിസ്തു ഉയിർത്തെഴുന്നേല്പിക്കും.

ഇത് വീണ്ടുംജനനാനുഭവത്തെയാണ് ദൃഷ്ടാന്തവൽക്കരിക്കുന്നത്. മാന്യ സ്നേഹിതാ, താങ്കളുടെ ആത്മാവ് ജീവൻ പ്രാപിച്ചുവോ? ദൈവിക തേജസ്സ് ആദാമിന് തിരികെ കൊടുക്കാൻ കുരിശിൽ മരിച്ച ക്രിസ്തു താങ്കളുടെ ഹൃദയത്തിൽ

ജീവിക്കുന്നുവോ? "പുതുതായി ജനിക്കുന്നില്ല എങ്കിൽ ദൈവ രാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല" എന്ന തിരുവ ചനം താങ്കളുടെ ഹൃദയത്തിൽ പ്രവേശിച്ചുവോ? "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു ; പഴ യത് കഴിഞ്ഞുപോയി" എന്ന അനുഭവം താങ്കൾ സ്വന്തമാ ക്കിയോ?

പുതുജനനം പ്രാപിച്ച വിശ്വാസികൾക്ക് പിന്നെയും ബന്ധ നങ്ങളുണ്ട്. പ്രകടമായ പാപങ്ങൾ, പാപപ്രവൃത്തികൾ അവ രിൽനിന്ന് മാറിയാലും പിന്നെയും ബന്ധനങ്ങളുണ്ട്.

അവന്റെ കയ്യും കാലും ശീലകൊണ്ട് കെട്ടിയും മുഖം റുമാൽകൊണ്ട് മൂടിയും ഇരുന്നു. അവന്റെ കെട്ട് അഴിപ്പിൻ, അവൻ പോകട്ടെ എന്ന് ക്രിസ്തു കല്പിച്ചു. ജീവിതത്തിൽ ഒരു സമർപ്പണമെടുത്ത് ആത്മാവ് പുതുജീവൻ പ്രാപിച്ച അനേകം ദൈവമക്കൾ ഹൃദയവിശുദ്ധീകരണം അനുഭവി ക്കാതെ കഴിയുന്നുണ്ട്.

തിരുവചനം പറയുന്നു -

"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ വിശു ദ്ധീകരണം തന്നേ." 1 തെസ്സ 4 : 3

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ ; അവർ ദൈവത്തെ കാണും" എന്ന് ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ട്." മത്തായി 5 : 8

"ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകര ണത്തിനത്രേ വിളിച്ചത്." 1 തെസ്സ 4 : 7

"എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീ കരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ."

എബ്രാ. 12 : 14

വീണ്ടും ജനനത്തിന്റെ അനുഭവമുള്ള ദൈവമക്കൾക്കും ഉണ്ട് ബന്ധനം. ആഴത്തിലുള്ള ശുദ്ധീകരണം അവർക്കാവശ്യമാണ്. പാപത്തിന്റെ പ്രവൃത്തിയോ, പക്ഷേ വാക്കുകളോ മാറിയാലും പാപത്തിന്റെ ചിന്തകൾ, പാപസ്വഭാവം, പാപപ്രകൃതി എന്നിവ ഇനിയും മാറേണ്ടിയിരിക്കുന്നു.

"Actions മാറിയാൽ പോര, Reactions മാറണം. Sinful Deeds മാറിയാൽ പോര, Sinful Nature മാറണം. പ്രവൃത്തികൾ മാറിയാൽ പോര ; പ്രതികരണങ്ങൾ മാറണം. പാപപ്രവൃത്തി മാറിയാൽ പോര ; പാപപ്രകൃതി മാറണം. അതിനാണ് "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" എന്നു ക്രിസ്തു പറയുന്നത്. നീതീകരണം പ്രാപിച്ച വിശ്വാസികൾ ശുദ്ധീകരണം പ്രാപിക്കണം. "Justification by faith - sanctification by constant discipline of the Holy Spirit. ' വിശ്വാസത്താലുള്ള നീതീകരണം - പരിശുദ്ധാത്മാവിന്റെ നിരന്തര വ്യാപാരത്താലുള്ള ശുദ്ധീകരണം.

ഞാൻ 17-ാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടു. ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുത്തു. ക്രിസ്തു എന്റെ ഹൃദയത്തിൽ വന്നു എന്നത് എന്റെ അനുഭവം തന്നെയായിരുന്നു. പക്ഷേ ആദ്യസ്നേഹത്തിന്റെ നാളുകൾ കഴിഞ്ഞ് ഞാൻ ആത്മീയമായി തണുത്ത് തണുത്ത് പൊയ്ക്കൊണ്ടിരുന്നു. 19 കൊല്ലം ഞാൻ ദൈവവേല വിശ്രമമില്ലാതെ ചെയ്തുകൊണ്ടിരുന്നു. ഒരു നിഷ്ക്കളങ്കമായ ഉദ്ദേശവും നിർമ്മല സുവിശേഷത്തോടുള്ള മധുരവും എനിക്കുണ്ടായിരുന്നു. പക്ഷേ ഞാൻ തണുത്ത് തണുത്ത് പോയത് ഞാനറിഞ്ഞില്ല. പ്രകടമായ പാപങ്ങളിലേക്ക് ഒന്നും ഞാൻ പോയില്ല. പക്ഷേ ശുദ്ധീകരണം ആഴത്തിൽ പ്രാപിച്ചില്ല.

മുപ്പത്താറാമത്തെ വയസ്സിൽ ആഴമേറിയ കുറ്റബോധം

ക്രിസ്തു എന്റെ ഹൃദയത്തിൽ തന്നു. ഞാൻ എന്നെത്തന്നെ കണ്ടു. ദുർവിചാരങ്ങളും പ്രതാപമോഹങ്ങളും ലോകമഹത്വ കാംക്ഷയും എല്ലാം ഹൃദയത്തിലുണ്ടായിരുന്നു. ചിലരോടുള്ള ഈർഷ്യയും പകയും ഹൃദയത്തിലുണ്ടായിരുന്നു.

ഭാഗ്യവശാൽ ദൈവാത്മാവ് എന്നെ സത്യ അനതാപത്തിലേക്ക് നടത്തി. ശുദ്ധീകരണത്തിന്റെ സുഖം ഞാൻ രുചിച്ചറിഞ്ഞു. എന്റെ ആന്തരിക ബന്ധനങ്ങൾ ക്രിസ്തു അഴിച്ചു. പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിലേക്ക് നിറഞ്ഞൊഴുകി.

ഒരു യഥാർത്ഥ വീണ്ടും ജനനാനുഭവത്തിലേക്ക് വന്ന ആളാണ് ഡോ. കെ.ടി. പൗലോസിന്റെ ഭാര്യ മിസ്സിസ് മോളി പൗലോസ്. ഹൃദയവിശുദ്ധീകരണം അനുഭവിക്കാതെ ഏറെനാൾ കഴിഞ്ഞ കാലത്തെക്കുറിച്ച് മിസ്സിസ് മോളി പൗലോസ് പറയുന്നത് ഒന്നു ശ്രദ്ധിക്കാം.

25-ാമത്തെ വയസ്സിലാണ് ഞാൻ എന്റെ ഹൃദയം കർത്താവിന് കൊടുത്തത്. അതുവരെ ചിട്ടപ്പെട്ട പ്രാർത്ഥനയും നമസ്ക്കാരങ്ങളും മുടങ്ങാത്ത പള്ളിയാരാധനയും എല്ലാം ഉണ്ടായിരുന്നു. പക്ഷേ ഒരിക്കൽ ഒരു ദൈവദാസൻ പ്രസംഗിക്കുന്നത് കേട്ടപ്പോഴാണ് ഒട്ടനേകം പാപങ്ങൾ എന്റെ ജീവിതത്തിലുണ്ടെന്നുള്ള ഒരു സുബോധം എനിക്കുണ്ടായത്. അന്ന് ഞാനെന്റെ ജീവിതം ക്രിസ്തുവിന് കൊടുത്തു.

പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു സന്തോഷവും സമാധാനവും എനിക്ക് ലഭിച്ചു. പക്ഷേ അത് ക്രമേണ കുറഞ്ഞു കുറഞ്ഞുവന്നു. എന്റെ ഭർത്താവിന്റെ അമ്മയോടുള്ള മുഷിച്ചിലും നീരസവും എന്റെ ഹൃദയത്തിൽ ഇടയ്ക്കിടക്ക് വന്നുകൊണ്ടിരുന്നു. എന്നെ കുറ്റപ്പെടുത്തുന്നതോ ശകാരിക്കുന്നതോ എനിക്ക് വഹിക്കാൻ വയ്യായിരുന്നു. പുറമേ ഞാൻ തിരിച്ചൊന്നും പറഞ്ഞില്ലെങ്കിലും ഉള്ളിൽ കോപവും വാശിയും

പുകഞ്ഞുകൊണ്ടിരുന്നു.

എന്നാൽ അതിനെക്കാളെല്ലാം ഉപരിയായി എന്റെ ഹൃദയത്തിൽ അനേകം ദുശ്ചിന്തകൾ വന്നുകൊണ്ടിരുന്നു. ഞാനൊട്ടും ആഗ്രഹിക്കാത്ത അശുദ്ധ വികാരങ്ങളും മലിന വിചാരങ്ങളും ഞാനറിയാതെ ഇടയ്ക്കിടക്ക് എന്റെ ഉള്ളിൽ വന്നുകൊണ്ടിരുന്നു. ഞാൻ എന്റെ ദുർവ്വിചാരങ്ങൾ മൂലം വല്ലാതെ വലഞ്ഞു.

അതൊരു വലിയ അത്ഭുതമാണ്. ആഴമേറിയ ശുദ്ധീകരണം കൂടിയേ കഴിയൂ എന്നും അതിന് ആഴമായ സമർപ്പണം എടുത്തുകൊണ്ട് ദൈവകൃപക്കായി മുട്ടിപ്പായി യാചിക്കണമെന്നും ഒരു ദൈവപൈതൽ എന്നോട് സംസാരിച്ചു. “പ്രതിയോഗിയോട് പ്രതിക്രിയ ചെയ്തു ന്യായം പാലിച്ചു തരണമേ” എന്ന് ഞാൻ മുട്ടിപ്പോയി പ്രാർത്ഥിപ്പാൻ തുടങ്ങി. അതോടെ പരിശുദ്ധാത്മാവ് ശക്തിയോടെ എന്റെ ഉള്ളിലേക്ക് വന്നു. പാപചിന്തകൾ എനിക്കു വരാതെയായി. ദൈവത്തിന് സോതോത്രം. സമാധാനവും ശാന്തിയും തിങ്ങിയ ഒരു കുടുംബജീവിതം ഇന്ന് ഞാനനുഭവിക്കുന്നു.

മാന്യ സ്നേഹിതാ, താങ്കളുടെ കെട്ടുകളെല്ലാം അഴിഞ്ഞ് ഒരാന്തരിക സ്വാതന്ത്ര്യം അനുഭവിക്കാൻ താങ്കൾക്ക് ദാഹമുണ്ടോ? പ്രിയ സഹോദരീ, അകത്തെ ബന്ധനങ്ങളെല്ലാം അഴിയുന്ന സൗഭാഗ്യം അനുഭവിക്കണമോ? എങ്കിൽ ആഴത്തിലുള്ള കഴുകലിനായി യാചിപ്പിൻ.

“ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല” എന്ന് ക്രിസ്തു പറയുന്നു. കറകളെല്ലാം കഴുകപ്പെട്ട് ഒരു സമ്പൂർണ്ണ ശുദ്ധീകരണം പ്രാപിപ്പാൻ കൊതിക്കുന്നു എങ്കിൽ ഇപ്പോൾ താങ്കളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോടു പറയുക :

നാഥാ, എന്നെ നീ കഴുകണമേ. നിന്റെ തിരുരക്തത്താൽ എന്റെ ആളത്വത്തെ സമ്പൂർണ്ണമായി രൂപാന്തരപ്പെടുത്തണമേ. ഇന്നു മുതൽ ഒരു രഹസ്യ വിശുദ്ധനായി ജീവിപ്പാൻ ഞാനിതാ എന്നെത്തന്നെ അവിടുത്തെ ആണിപ്പാടുള്ള കരങ്ങളിലേക്ക് സമർപ്പിക്കുന്നു. എന്നെ അനുഗ്രഹിക്കണമേ.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| **ശനി** | സൂര്യ ടിവി | : 6.30 AM |
| **ഞായർ** | ജീവൻ ടിവി | : 7.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| **ചൊവ്വ**<br>**ശനി** | SW 25 മീറ്റർ | : 7.45 PM |

### പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

# CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | ● 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| | ● 6.30 – 8.00 PM | കൊച്ചുണ്ണിയുടെ, ഷോപ്പിംഗ് കോംപ്ല ക്സ്, മാർക്കറ്റ് റോഡ്, **എറണാകുളം** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്റ റിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോ റിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോ റിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| രണ്ടാം ഞായറാഴ്ച | ● 6.00 PM – 8.0 PM | വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| മൂന്നാം ഞായറാഴ്ച | ● 6.30 PM – 8.30 PM | വൈ. എം. സി. എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താ നിക്കാട്** |

Contd...

| | | |
|---|---|---|
| | ● 6.30 PM – 8.30 PM | വൈ. എം. സി. എ. ഹാൾ, **പെരുമ്പാവൂർ** |
| നാലാം ഞായറാഴ്ച | ● 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയക്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | ● 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്. സി. എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ. എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | ● 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| എല്ലാ ബുധനാഴ്ചയും | ● 7.30PM – 8.30PM | ശ്രീ. എൻ. പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ. വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | ● 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | ● 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |